# മനസ്സിന്റെ ആവരണങ്ങൾ

കൂടലിൽ. സി. എം. ഐ



JANATHA SERVICES
ERNAKULAM

# മനസ്സിന്റെ ആവരണങ്ങൾ

ACHARYA PALACKAL JEEVASSKENDRAM
LIBRARY
10558
ALUVA

JANATHA SERVICES
ERNAKULAM

## ഇതരകൃതികൾ

മനുഷ്യബന്ധങ്ങൾ

മനസ്സിൻെറ വിളികൾ

തലേലെഴുത്തിലെ മന:ശാസ്ത്രം

വൈക്കത്തിനടുത്തു് ചെമ്മനത്തുകരയിൽ 1940 ഫെബ്രുവരി 13-നു് ജനിച്ചു. മാതാപിതാക്കൾ : വർക്കി-മറിയം. ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ വൈദിക പഠനം നടത്തി, 1970-ൽ സി എം.ഐ. വൈദികനായി.



പൂനാ യൂണിവേഴ്സിററിയിൽ നിന്നു് സാമൂഹ്യശാസ്ത്രത്തിൽ എം. എ. യും വെല്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് സെൻററിൽ നിന്നു് കൗൺസലിംഗിൽ ഡിപ്ലോമായും നേടി. ജീവിതാഭിമുഖ്യത്തേയും വീക്ഷണത്തേയും കുറിച്ച് യുവാക്കൾക്കു് സെമിനാറുകളും ക്ലാസ്സുകളും നടത്തുന്നു. പൊതുജനങ്ങളേയും സന്യാസികളേയും ധ്യാനിപ്പിക്കുന്നു. ഇപ്പോൾ മണപ്പുറം ചെറുപുഷ്പ ആശ്രമത്തിൽ സേവനമനുഷ്ഠിക്കുന്നു.

വിലാസം :

എൽ. എഫ്. മൊണാസ്ട്രി.

മണപ്പുറം. പി. ഒ.

ചേർത്തല. 678558.

# മനസ്സിൻെറ ആവരണങ്ങൾ

കൂടലിൽ സി. എം. ഐ.

9.00 ജനത തേവര

M/130.1
KOO
C.2

**DISTRIBUTION:**

JANATHA BOOK STALL, THEVARA, KOCHI - 682013

BRS : ERNAKULAM, ALUVA, CHERTHALA, ANGAMALY, KALADY, PARUR, KOTHAMANGALAM, THEVARA, VAIKOM

---

Malayalam : MANASSINTE AAVARANANGAL

Author : KOODALIL C. M. I.

Copy right : KOODALIL C. M. I. 1991

Published by : JANATHA SERVICES, KOCHI - 682013; MAY. 1991.

Printed at : L. F. I. PRESS, KOCHI - 682013.

Cover Design : C. N. RAJU

---

JS 00300 SN 00397 919202 1000

# ഒരുവാക്ക്

ചെറുതായിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വലുതായിക്കൊണ്ടിരിക്കുന്നവനാണ് ഇരുപത്തൊന്നാം നൂററാണ്ടിലേയ്ക്കു് കാലൂന്നിനില്ക്കുന്ന മനുഷ്യൻ. ശാസ്ത്രീയമായി വളരുന്ന മനുഷ്യൻ മാനസികമായി തളരുകയാണ്. എന്താണിതിനു കാരണം? ഉത്തരം കണ്ടെത്താനുള്ള എളിയ ശ്രമമാണീ പുസ്തകം. ബുദ്ധിപരമായും ശാസ്ത്രീയമായും മനുഷ്യൻ വികസിക്കുമ്പോഴും മാനസികമായി അവൻ ചുരുങ്ങുകയാണ്. ബാഹ്യപ്രവർത്തനങ്ങളിൽ കുതിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ മാനസികമായി ഉൾവലിയുകയാണ്. മററു മനുഷ്യരെ അവൻ ഭീഷണിയായാണ് കാണുക. ഫലമോ, അവരുമായി മനസ്സുകൊണ്ട് അടുക്കുവാൻ അവനു ഭയവും. ആ ഭയം മറയ്ക്കാനും മററുള്ളവരുടെ മുമ്പിൽ തന്നെ ആകർഷകനാക്കാനുമായി അവൻ തനിക്കായി കുപ്പായങ്ങൾ തുന്നുന്നു, അണിയുന്നു. അങ്ങനെ അവനിലെ മനുഷ്യത്വം മായുന്നു, മറയുന്നു. 'മനുഷ്യനുണ്ടോ മനുഷ്യൻ'? എന്ന് നൂററാണ്ടുകൾക്കുമുമ്പ് ഡയോജിനസ് എന്ന ഗ്രീക്കു താത്വികനും 'ആരാണീ മനുഷ്യൻ'? എന്ന് വർഷങ്ങൾക്കു മുമ്പ് പുത്തേഴത്ത്‌രാമൻമേനോനും ചോദിച്ച ചോദ്യങ്ങൾ ഇന്നും ചോദ്യങ്ങളായിതന്നെ അവശേഷിക്കുകയാണ്. ആ ചോദ്യങ്ങളിലേയ്ക്കു് ഒന്നുകൂടി ഇറങ്ങിച്ചെല്ലുകയാണീ പഠനത്തിലൂടെ.

മണപ്പുറം
15-10-1991

കൂടലിൽ സി.എം.ഐ.

# വിഷയവിവരം


I മനസിന്റെ ആവരണങ്ങൾ

– രോഗം മറയ്ക്കുരുത്ത്
– വേഷം കെട്ടുന്ന മനുഷ്യൻ
– പുറത്തു പുണ്യവാനും വീട്ടിൽ പിശാചും
– വ്യക്തിത്വം എന്ന മൂടുപടം

II ആത്മഭാവ പ്രതിരോധവും ആവരണങ്ങളും

– അമ്മയോട്ട് തോററതിനു് അങ്ങാടിയിലോ?
– ദൂരാരോപണം
– യുക്തിയുടെ മറയിൽ
– ജീവനോടെ കുഴിച്ചുമൂടുന്നു
– സ്വയ രക്ഷയ്ക്കുവേണ്ടി
– ആൾക്കൂട്ടത്തിൽ തനിയെ
– വസ്ത്രാക്ഷേപം ചെയ്താൽ
– മനസ്സിലെ സ്റ്റോർ
– മനസ്സിലെ മുള്ളുകൾ
– വികാരങ്ങൾ പങ്കുവയ്ക്കുമ്പോൾ
– മരീചികയായ രക്ഷകൻ
– ഞാനും നീയും പരസ്പരം പൂരകങ്ങൾ

III വ്യക്തിത്വവും വ്യക്തിത്വഭാവവും മനുഷ്യജീവിതത്തിൽ

– വ്യക്തിത്വഭാവരൂപീകരണം
– ആദർശരൂപീകരണം
– വ്യക്തിത്വം എന്ന മൂടുപടം

– വ്യക്തിത്വം എന്ന യാഥാർത്ഥ്യം
– സമൂഹത്തിന്റെ ചിലവിൽ ജീവിക്കുന്ന മനുഷ്യൻ
– വ്യക്തിഭാവ പ്രകാശനം
– സ്ത്രീത്വം തിരിച്ചടിക്കുന്നു
– ഉടയാടകളല്ല മനുഷ്യൻ
– വ്യക്തിത്വവും വ്യക്തിഭാവവും
– ബഹിർമുഖിയും അന്തർമുഖിയും
– പൂച്ച പുറത്താകുമ്പോൾ
– വ്യക്തിഭാവവും സ്വപ്നവും
– ആവരണ വ്യാഖ്യാനം
– വ്യക്തിഭാവത്തിലെ കുതിപ്പും കിതപ്പും

IV മനസ്സിന്റെ കളികൾ

– കളികളുടെ ആവശ്യവും ആരംഭവും വളർച്ചയും
– തൊട്ടിലിലെ ശീലം ചുടലവരെ
– തന്നോളമായാൽ താനെന്നു വിളിക്കണം
– കളിയിലും കാര്യമുണ്ട്
– കളിയിലെ കാപട്യം
– മറവിയിലാണ്ടുപോകുന്ന കളികൾ
– നേതാക്കന്മാരിലെ മാനസിക കളി
– കളികൾ കുടുംബജീവിതത്തിൽ

V സ്ഥലകാല ജീവിയായ മനുഷ്യൻ

– സമയക്രമീകരണം
– പ്രചോദനദാഹിയായ മനുഷ്യൻ
– ഗാഢസൗഹൃദം
– സംഭവബന്ധിയായ മനുഷ്യൻ
– സമയബന്ധിയായ മനുഷ്യൻ

# 1. മനസിൻെറ ആവരണങ്ങൾ

മനുഷ്യ സ്വാതന്ത്ര്യത്തിൻെറയും വിവേചനാശക്തിയുടെയും ദുരുപയോഗം കണ്ടിട്ട് ഷൊപ്പൻ ഹവർ (Schopen haur) മനുഷ്യനെപ്പററി പറയുന്നതു കേൾക്കുമ്പോൾ പ്രഥമ ദൃഷ്ട്യാ അതൊരു ദോഷൈകദൃക്കിൻെറ വാക്കുകളായി തോന്നുമെങ്കിലും ആധുനിക മനുഷ്യനെപ്പററി പഠിക്കുമ്പോൾ അതു് സത്യമാണെന്ന് നമുക്കു മനസ്സിലാകും. അദ്ദേഹം പറയുന്നു : ''ഈ ലോകത്തിൽ വഞ്ചന നിറഞ്ഞ ഏക ജീവി മനുഷ്യൻ മാത്രമാണ്. മറെറല്ലാ ജീവികളും സ്വഭാവത്താലെതന്നെ സത്യസന്ധവും നീതിനിഷ്ഠവുമായ പ്രകൃതക്കാരാണ്. കാരണം, അവയുടെ അസ്തിത്വത്തിൻെറ സാക്ഷാത്ക്കാരത്തിനായി തങ്ങളെ മുഴുവനും അവ നല്കുന്നു. അതുപോലെതന്നെ അവസ്ഥാനുഭവപ്പെടുന്നതു് പൂർണ്ണമായും പ്രകടിപ്പിക്കുന്നു. എന്നാൽ മനുഷ്യനാകട്ടെ, സംസ്കാരത്തിൻെറയും മാന്യതയുടെയും ബാഹ്യഅടയാളമായി കരുതപ്പെടുന്ന വസ്ത്രധാരണംകൊണ്ട് സ്വയം വികൃതനും വിരൂപനുമാകുന്നു. മദ്യത്തിലും ലൈംഗികതയിലും ധനമോഹത്തിലുമുള്ള അമിതാസക്തി അവൻ മറച്ചുവച്ച് പ്രകൃതിയുടെ ശാപമായിത്തീരുന്നു''. [1]

ശൈശവത്തിൽ മനുഷ്യൻ മൃഗങ്ങളെപ്പോലെ നിഷ്കപടനും നിരുപദ്രവിയുമാണ്. വഞ്ചനയും വക്രതയും നാമവിടെ കാണില്ല. എന്നാൽ പ്രായമാകുന്തോറും എല്ലാ തിന്മകളും അവനിൽ ഉണരുന്നു, സ്വന്തം സ്വാതന്ത്ര്യത്തേയും വിവേചനാശക്തിയേയുംപററി ബോധവാനാകു

---

1. From his Essays 'Parerga and Paralipomena.' Vol. 2. P. 615.

ACHARYA ... KENDRAM
LIBRARY
10558
ALUVA



ന്തോറും അവയുടെ ദുരുപയോഗത്തിലൂടെ അവനിൽ സ്വാ ത്ഥതയും വളരുന്നു. അടിസ്ഥാനപരമായി മനുഷ്യനിലുള്ള നന്മ ഭേല്പറഞ്ഞ ദുഷ്പ്രവണതകളെ തുറന്നുകാട്ടുവാൻ തുട ങ്ങുമ്പോഠം അവയെ മറയ്ക്കുവാനും ഒളിക്കുവാനും അമർത്തു വാനുംവേണ്ടി ആവരണങ്ങഠം അണിയിച്ച്മൂടി എപ്പോഴും നല്ലവനും നിഷ്ക്കളങ്കനും പൂർണ്ണനുമായി കാണപ്പെടുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നു.

## രോഗം മറയ്ക്കരുത്

മനുഷ്യൻ വസിക്കുന്ന ഈ ഭൂമി, രോഗികളെക്കൊണ്ടു നിറഞ്ഞ ഒരു വലിയ ആശുപത്രിയാണെന്നു് ആരോ പറ ഞ്ഞതായി കേട്ടിട്ടുണ്ടു്. അവിടെ എല്ലാത്തരം രോഗികളും ഉണ്ടു്. ഓരോരുത്തരുടെയും വേദനയും രോഗവും പ്രശ്നങ്ങളും വ്യത്യസ്ഥമായിരിക്കും. ചിലർ വേദനകൊണ്ടു കരയുകയും വേറെ ചിലർ ഞരങ്ങുകയും മൂളുകയും മററുചിലർ മ്ലാനവദ നരായിരിക്കുകയും ചെയ്യുന്നതു് നാമവിടെകാണും. അവ രൊക്കെ തങ്ങളുടെ യഥാത്ഥസ്ഥിതി മറച്ചുവച്ചു് ചിരിച്ചു് സന്തോഷവാന്മാരായും പ്രശ്നമില്ലാത്തവരായും കാണപ്പെ ട്ടാൽ അവരിൽ പലരും അധികം താമസിയാതെ ആറടി മണ്ണിലേയ്ക്കു നീങ്ങേണ്ടിവരും. ആധുനിക മനുഷ്യൻെറ സ്ഥിതി ഇതിൽനിന്നും ഒട്ടുംവ്യത്യസ്തമല്ല എല്ലാ മനുഷ്യരും ഓരോരോ വിധത്തിൽ ബലഹീനരാണെന്നതു് മറന്നു് കുറവുകളും ബലഹീനതകളുമാകുന്നഅവൻെറ രോഗങ്ങഠം മററുള്ളവരിൽനിന്നു് മറച്ചു സൂക്ഷിക്കുവാനാണ് മനുഷ്യൻ തത്രപ്പെടുക.തത്ഫലമായി ഓരോ ദിവസവും താൻ നശി ച്ചുകൊണ്ടിരിക്കയാണെന്ന സത്യം അവൻ മനസ്സിലാക്കു ന്നില്ല. അങ്ങനെ ലോകത്തിൽ മൂല്യക്ഷയവും കപടതയും മനുഷ്യശക്തിയുടെ നാശവും അതിവേഗം വദ്ധിക്കുന്നു.

## വേഷം കെട്ടുന്ന മനുഷ്യൻ

സിനിമാതാരങ്ങഠം വേഷങ്ങഠം മാറുന്നതു പോലെ യാണു് ആധുനികമനുഷ്യൻ വേഷമിടുന്നതു്. ഇന്നു് ഒരാഠം

ഒരു ദിവസംതന്നെ പല വേഷങ്ങളിടണം: മകൻ, ഭർത്താവ് പിതാവ്, സഹോദരൻ, അയൽക്കാരൻ, രാഷ്ട്രീയക്കാരൻ, മുതലാളി, അദ്ധ്യാപകൻ എന്നിവയുടെ കുപ്പായങ്ങൾ ഒരേ ദിവസം തന്നെ ഒരാൾ മാറിമാറി ധരിക്കേണ്ടിവരും. ഇവ തമ്മിൽ പൊരുത്തപ്പെടണമെന്നും ഈ കുപ്പായങ്ങൾ സൂചിപ്പിക്കുന്ന സൂചനകളോട് സത്യസന്ധമായി നീതി പുലർത്തണമെന്നും നമുക്കൊക്കെ അറിയാം. നിമിഷങ്ങൾ കൊണ്ട് ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് പൂർണ്ണമായും ആരോഗ്യപരമായും മാറുന്നതിനും ഒന്നിന്റെ അതിപ്രസരം മറ്റൊന്നിനെ ഗ്രസിക്കാതെ നോക്കുന്നതിനും വളരെ ബുദ്ധിമുട്ടുണ്ടെന്നും എല്ലാവർക്കുമറിയാം. അതിനാലാണ് പോലീസുകാരനും വക്കീലും കച്ചവടക്കാരനും രാഷ്ട്രീയക്കാരനുമൊക്കെ സ്വന്തം വീട്ടിൽ കുടുംബാംഗങ്ങളോടു പോലും മേല്പറഞ്ഞ കുപ്പായങ്ങളിൽ നിന്ന് പ്രവർത്തിക്കുന്നത്. അവിടെ ബന്ധങ്ങൾ തകരും; സംഘട്ടനമുണ്ടാകും. ഈ സംഘട്ടനങ്ങൾ ഒഴിവാക്കി ബന്ധങ്ങൾ ബന്ധനങ്ങളാകാതെ ബലിഷ്ഠമാക്കുന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളു: അണിയുന്ന കുപ്പായങ്ങൾക്കുള്ളിൽ കളവും വഞ്ചനയും ചതിയും സ്വാർത്ഥതയും തിരുകി വയ്ക്കാതിരിക്കുക – എല്ലാവരോടും നീതിയും സ്നേഹവും പുലർത്തുക. അതു സാധിക്കാതെ വരുമ്പോൾ സംഘട്ടനങ്ങൾ ഒഴിവാക്കുവാനും പൊയ്ബന്ധങ്ങൾ കെട്ടിപ്പടുക്കുവാനുമായി എല്ലാവരും നന്മയുടേയും സ്നേഹത്തിന്റേയും നീതിയുടേയും മൂടുപടങ്ങൾ ധരിക്കുന്നു. ഹൃദയത്തികവിൽ നിന്നു അധരങ്ങൾ സംസാരിക്കുന്നതിനാൽ മൂടുപടങ്ങൾ പലപ്പോഴും പൊളിഞ്ഞു് പൂച്ച പുറത്തുവരുന്നു. കപടവേഷം കെട്ടി കബളിപ്പിക്കുന്നവരേക്കാൾ മനുഷ്യക്കിഷ്ടം ബലഹീനതകൾ വെളിവാക്കി ജീവിക്കുന്നവരെയാണ്. പരിമിതികളും പരാധീനതകളും ഉള്ളവനാണ് മനുഷ്യൻ എന്ന സത്യം എല്ലാവർക്കും അറിയാം. ആ സത്യത്തിന്മേൽ വെള്ള പൂശി വികൃതമാക്കാതിരുന്നാൽ മതി. എങ്ങിനെയും എളുപ്പത്തിൽ എല്ലാവിധത്തിലും വളരണമെന്ന മനുഷ്യന്റെ അമിതാഗ്രഹമാണ് ആവരണങ്ങൾ അണിയുവാൻ അവനെ പ്രേരിപ്പിക്കുന്നതു്.

അകത്തിരിക്കുന്നതു് അതേ വിധം പുറത്തു കാണിക്കുന്ന ഒരു കൂട്ടരുണ്ടു്: ശിശുക്കരം. അതിനാലാണവരുടെ പ്രവൃത്തിയെ ശിശുസഹജമായ നിഷ്ക്കപടത എന്നു് നാം വിളിക്കുന്നതു്. പക്ഷേ, ആ നിഷ്ക്കപടതയിൽ വളരാൻ നാമവരെ അനുവദിക്കില്ല എന്നതാണു് എല്ലാ പ്രശ്നങ്ങളുടേയും കാരണം. അവരുടെ ചെയ്തികളെ നാം പലപ്പോഴും ബാലചാപല്യമായി മുദ്രകുത്തുന്നു. അതിനാൽ അവരുടെ പ്രവൃത്തിയെ പരിഷ്ക്കാരത്തിൻെറയും പുരോഗമനത്തിൻെറയും കവചങ്ങരം ധരിപ്പിച്ചുമാത്രം വെളിപ്പെടുത്തുവാനേ നാം അനുവദിക്കു. അങ്ങനെ നിഷ്ക്കളങ്കരായ ശിശുക്കരം 'സംസ്കാര'മെന്ന വിഷവാതകം ശ്വസിച്ചു് വളരുവാനാണു് നാം അനുവദിക്കുക. ഭാവിയിൽ ആ വിഷം തന്നെയാണു് പതിന്മടങ്ങു ശക്തിയോടെ അവർ ഉച്ഛ്വസിക്കുന്നതു് അങ്ങനെ അവർ വിഷലിപ്തരാകുന്നതോടൊപ്പം മററുള്ളവരെ വിഷലിപ്തരാക്കുകയും ചെയ്യുന്നു എന്നതാണു് ആധുനിക സംസ്കാരത്തിൻെറ നേട്ടം.

കുടുംബാന്തരീക്ഷത്തിലും ആത്മാത്ഥ സുഹൃത്തുക്കളുടെ സാന്നിദ്ധ്യത്തിലും സ്വവ്യക്തിത്വത്തിൻെറ തനിമയിൽ പ്രവത്തിക്കുന്ന ചിലരുണ്ടു്; അത്രയും നന്നു്. പക്ഷേ, ഒരു അപരിചിതൻ കടന്നു വരുമ്പോരം സ്വവ്യക്തിത്വത്തെ ആകഷ്കമായ മൂടുപടം അണിയിച്ചു് മാന്യത ചമയുവാൻ ഇക്കൂട്ടർ കാട്ടുന്ന തിടുക്കം ശത്രുക്കളുടെ സാന്നിദ്ധ്യത്തിൽ ചുററുപാടുകളുടെ നിറമണിഞ്ഞു് ഒളിക്കുന്ന ജീവികളുടെ പ്രവൃത്തിയാണു് നമ്മെ ഓമ്മിപ്പിക്കുക. അതിവേഗത്തിലും കൂടെക്കൂടെയുമുള്ള ഈ ആരംമാററുവും, അതിനുള്ളവ്യഗ്രതയും മനുഷ്യനിൽ ആന്തരിക സംഘട്ടനം തന്നെയുണ്ടാക്കും. വ്യഗ്രതയും ആന്തരികസംഘട്ടനവും കൂടാതെ സാഹചര്യങ്ങരംക്കനുസരണമായി സ്വയം ക്രമീകരിക്കുന്നതു് സാമൂഹ്യജീവിതത്തിനും സുഹൃത്ബന്ധങ്ങളുടെ വളർച്ചയ്ക്കും നല്ലതാണു്. പക്ഷേ, വ്യഗ്രതയും വേവലാതിയും മനുഷ്യജീവിതം പലപ്പോഴും കൃത്രിമമാക്കിത്തീക്കുന്നു, ഈ സ്ഥിതിവിശേഷമാണു് മനുഷ്യവ്യക്തിത്വത്തിൽ അവനറിയാതെ വിള്ളലുകരം ഉണ്ടാക്കുന്നതു്. ഈ വിള്ളലുകളുടെ എണ്ണ

മനുസരിച്ച് അവയെ മറയ്ക്കുന്നതിനു് വിവിധങ്ങളായ ആവരണങ്ങൾ സ്വയം സൃഷ്ടിച്ച് മനുഷ്യൻ അവയിൽ അഭയം പ്രാപിക്കുന്നു.

## പുറത്തു പുണ്യവാനും വീട്ടിൽ പിശാചും

ആധുനികലോകത്തു് ഈ ആവരണങ്ങളുടെ വശ്യതയും അവ കൈവരിക്കുന്ന ബാഹ്യവിജയവും അത്ഭുതാവഹങ്ങളാണ്. ''പുറത്തു പുണ്യവാനും വീട്ടിൽ പിശാചും'' എന്നൊരു ചൊല്ലു തന്നെയുണ്ടു്. ലോകപ്രസിദ്ധരായ പലരുടേയും കുടുംബജീവിതം വളരെ വലിയ പരാജയമായിരുന്നതായി ചരിത്രം തന്നെ സാക്ഷിക്കുന്നുണ്ടു്. നമ്മുടെ ചുററുപാടും കണ്ണോടിച്ചാൽ ഈ ചൊല്ലിനു് സജീവ മാതൃകകൾ കാണുവാൻ കഴിയും. ആദർശപുരുഷന്മാരായി ബാഹ്യലോകം അംഗീകരിക്കുന്നവരുടെ ഭാര്യാഭർത്താക്കന്മാർ ആവലാതിപ്പെടുന്നതു് കേട്ടിട്ടുണ്ടു്: ''എങ്ങനെയാണു് ഇയാൾ തികച്ചും അപരിചിതക്കു് ഇത്രപെട്ടെന്നു് സുഹൃത്തായിത്തീരുന്നതു്? ദീർഘനാൾ കൂടെ വസിച്ചിട്ടു് എനിക്കു കാണാൻ കഴിയാത്ത ആ വശ്യശക്തി എന്താണു്? മററുള്ളവരാൽ മാലാഖയായി പരിഗണിക്കപ്പെടുന്ന ഈ മനുഷ്യൻ വീട്ടിലെത്തുമ്പോൾ എങ്ങനെ പിശാചായി മാറുന്നു?'' കുടുംബത്തിൽ മാത്രമല്ല, മററു സമൂഹങ്ങളിലും, ദൈവത്തിനു സമപ്പിതരായവരുടെ ഇടയിൽ പോലും ഈ ചോദ്യം എന്നും തലഉയർത്തി തന്നെ നില്ക്കുന്നു. ഇവയെല്ലാം വ്യക്തമാക്കുന്നതു് ആവരണങ്ങളുടെ ആകർഷണീയതയും ശക്തിയും വളരെ വലുതാണെന്നാണു്.

''കൂടെ ശയിക്കുന്നവനേ രാപ്പനി അറിയൂ'' എന്ന ചൊല്ലു് ഈ ആവരണങ്ങളുടെ പൊള്ളത്തരം വ്യക്തമാക്കുന്നു. ചുരുങ്ങിയ സമയം മാത്രം ബന്ധപ്പെടുന്നവരായ പുറമെയുള്ളവരുടേയും അപരിചിതരുടേയും മുമ്പിൽ സത്യം മറച്ചുവച്ച്, നല്ല പിള്ളചമഞ്ഞു്, ആവരണങ്ങളണിഞ്ഞു് രക്ഷപെടാൻ കഴിയും. എന്നാൽ കൂടുതൽ സമയം ചിലവഴിക്കുന്ന സ്വഭവനത്തിലും സമൂഹത്തിലും സത്യം അധികനാൾ മറച്ചുവയ്ക്കാനാവില്ല.

## വ്യക്തിത്വം എന്ന മൂടുപടം

വ്യക്തി അഥവാ വ്യക്തിത്വം എന്ന പദം കൊണ്ട് സുപ്രസിദ്ധ മനഃശ്ശാസ്ത്രജ്ഞനായ കാൾയുംഗ് (Carl Jung) വിവക്ഷിക്കുന്നതു് ആന്തരികവും ബാഹ്യവുമായ തലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ശാരീരികവും മാനസികവുമായ നിലപാട് എന്നാണ്. അതൊരുതരം ആവരണമാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഈ ആവരണത്തിലൂടെ പുറം ലോകത്തോട് സ്ഥായിയായ ആഭിമുഖ്യം നിലനിർത്തുന്നതിനും അതുവഴി നാം കണ്ടുമുട്ടുന്നവരെ നമ്മോട് യഥായോഗ്യം ബന്ധപ്പെടുത്തുന്നതിനും നമുക്കു സാധിക്കുന്നു എന്നാണദ്ദേഹത്തിൻെറ വാദം. എല്ലാ മനുഷ്യബന്ധങ്ങളും തകരാതെ നിലനില്ക്കണമെങ്കിൽ, ഇടകലർന്നതും, നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമായ മനോഭാവങ്ങളാലും വികാരങ്ങളാലും ഭാവഭേദങ്ങളാലും രൂപപ്പെടുത്തപ്പെട്ട നമുക്ക് ഏതെങ്കിലുമൊരു ആവരണം ധരിക്കുകയെന്നതു് അത്യന്താപേക്ഷിതമാണ എന്ന് യുംഗ് പറയുന്നു. അതിനാൽ വ്യക്തിത്വ രൂപീകരണം നമ്മുടെ വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന ഭാഗമാണെന്നും ആ വ്യക്തിത്വമാണ് മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ ക്രമീകരിച്ച് സമ്പർക്കം സുഗമമാക്കുന്നതു് എന്നും അദ്ദേഹം സമർത്ഥിക്കുന്നു.

വ്യക്തിത്വം എന്ന ആവരണത്തിൻെറ അടിസ്ഥാന ഉദ്ദേശം ബലഹീനനും അപൂർണ്ണനുമായ മനുഷ്യനെ സംരക്ഷിക്കുക എന്നതായതിനാൽ പ്രതികൂല സാഹചര്യങ്ങളിൽ നിന്നുളവാകുന്ന ഭയത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കുന്നു എന്ന കാരണത്താൽ ഒരു പരിധി വരെ വ്യക്തിത്വം എന്ന ആവരണത്തെ നീതീകരിക്കാം. ദൈവത്തോടുള്ള ഭയംനിമിത്തം പ്രാചീന മനുഷ്യൻ ആവരണം കൂടാതെ ദൈവത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. അതുപോലെ സഹജീവിയോടുള്ള ഭയം നിമിത്തമാണ് അവൻെറ മുമ്പിൽ ആവരണങ്ങളണിഞ്ഞ് തൻെറ ബാഹ്യരൂപം മനോഹരമാക്കി മാത്രം പ്രത്യക്ഷപ്പെടുവാൻ മനുഷ്യൻ ശ്രമിക്കുന്നതു്. ഒരു മനുഷ്യൻ എത്രമാത്രം ബലഹീ

നനും മൂലക്കുറവുള്ളവനുമാണോ അത്രയധികമായ ആകർഷകങ്ങളായ ആവരണങ്ങളണിയുവാൻ അവൻ വെമ്പൽ കൊള്ളും. അനുഭവങ്ങളിൽനിന്നുരുത്തിരിഞ്ഞ ബോധ്യങ്ങൾ ഇല്ലാത്തവനും ബാഹ്യസ്വാധീന ശക്തികളുടെ ഇടയിൽപെട്ട് നട്ടംതിരിയുന്നവനുമാണ് ബലഹീനനും മൂല്യത്തകർച്ച പററിയവനുമായ മനുഷ്യൻ. അയാൾക്ക് സ്വന്തമായ നിലപാട് ഇല്ലാത്തതിനാൽ, അയാളുടെ അസ്തിത്വം തന്നെ ആടിയുലയുന്നതിനാൽ, അതു മറച്ച് മററുള്ളവരുടെ മുമ്പിൽ രക്ഷപ്പെടുന്നതിന് അയാൾ ആകർഷകങ്ങളായ ആവരണങ്ങൾ തേടുന്നു.

പ്രാചീനമനുഷ്യൻ ആവരണങ്ങൾ ധരിച്ചുകൊണ്ടു മാത്രം ദേവന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നതു് അവരിൽനിന്നു് അനുഗ്രഹങ്ങൾ നേടുന്നതിനുവേണ്ടിയായിരുന്നു. വ്യക്തിത്വം എന്ന കവചം ധരിക്കുന്ന ആധുനികമനുഷ്യൻെറ ഉദ്ദേശമാകട്ടെ ലോകത്തിലും സമൂഹത്തിലും നിന്നു് ശക്തിയും അംഗീകാരവും നേടുവാൻവേണ്ടിയാണ്. രണ്ടിടത്തും യഥാർത്ഥരൂപം മറയ്ക്കുകയെന്നതാണ് ലക്ഷ്യം.

വ്യക്തിത്വം എന്ന കവചം അതിൻെറ നല്ല അർത്ഥത്തിൽ, സ്വഅസ്തിത്വസാക്ഷാത്ക്കാരത്തിന് എല്ലാവർക്കും അത്യന്താപേക്ഷിതമാണ്. മററുള്ളവരെ കബളിപ്പിച്ചും വഞ്ചിച്ചുംകൊണ്ട് സ്വവളർച്ചയെ ലക്ഷ്യംവച്ച് വ്യക്തിത്വം എന്ന ആവരണം ധരിക്കുമ്പോൾ ഉദ്ദേശശുദ്ധി നഷ്ടപ്പെടുന്നു. അവിടെയാണ് പ്രശ്നം. കൊല്ലരുതു് എന്നതു് ഒരു പൊതുപ്രമാണമാണ്. പക്ഷെ സ്വയരക്ഷയ്ക്കായി കൊല്ലേണ്ടിവന്നാൽ അതു് ആദ്യത്തേതിന് വിരുദ്ധമല്ല. ഇതുപോലെയാണ് വ്യക്തിത്വം എന്ന കവചത്തിൻെറ ഉപയോഗത്തിലെ മാനദണ്ഡവും. ആധുനികമനുഷ്യൻ യാതൊരു തത്വദീക്ഷയുമില്ലാതെ, ആവശ്യത്തിലും അനാവശ്യത്തിലും ഒരുപോലെ ആകർഷകങ്ങളായ കവചങ്ങളണിഞ്ഞ് മററുള്ളവരെ വഞ്ചിക്കുന്നു എന്നതാണ് ഏററം വലിയ പ്രശ്നം. വ്യക്തിത്വം എന്ന കവചം സ്വാഭാവികമായി വളരുകയാണെങ്കിൽ അതു് ക്രമീകരണങ്ങൾക്ക് വിധേയമായിരിക്കും.

അത്തരം വ്യക്തിത്വം മനസ്സിൻെറ തീരുമാനത്തിന് എപ്പോഴും വിധേയമായിരിക്കുന്നതിനാൽ അവിടെ സംഘർഷവും സംഘട്ടനവുമുണ്ടാകില്ല. വികാരങ്ങൾക്കതീതവും വഴക്കമില്ലാത്തതുമായ വ്യക്തിത്വങ്ങൾ അപകടകരങ്ങളാണ്. മനുഷ്യൻ ധരിക്കുന്ന വസ്ത്രങ്ങളോട് ഒരുവിധത്തിൽ തുലനം ചെയ്യാം വ്യക്തിത്വമെന്ന കവചത്തെ. വസ്ത്രം മനുഷ്യനുവേണ്ടിയാണ് മനുഷ്യൻ വസ്ത്രത്തിനു വേണ്ടിയല്ലാ ത്തതുപോലെ വ്യക്തിത്വം മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ വ്യക്തിത്വത്തിനു വേണ്ടിയല്ല. അസ്വാഭാവികവും യാന്ത്രികവും പഠിച്ചുണ്ടാക്കിയതുമായ വ്യക്തിത്വം എന്ന കവചം അപകടകാരിയാണ്. സ്വാഭാവികവ്യക്തിത്വം എന്ന കവചം ദൈവംതന്നെ മനുഷ്യന് പ്രദാനം ചെയ്യുന്നുണ്ട്. അത് അവനോടൊപ്പം വളരുകയും അവനെ സഹായിക്കുകയും സംരക്ഷിക്കുകയും മററുള്ളവരോട് ആരോഗ്യകരമായി ബന്ധപ്പെടുന്നതിന് അവനെ വിശാലഹൃദയനാക്കുകയും ചെയ്യും.

## 2. ആത്മഭാവ പ്രതിരോധവും ആവരണങ്ങളും

ആത്മഭാവ പ്രതിരോധ രീതികൾ പരിശോധിച്ചാൽ നമുക്കു കാണാൻ കഴിയും പലപ്പോഴും അവ നമ്മിലെ വികലത എന്ന് നമുക്ക് തോന്നുന്ന സംഗതികളെ മറച്ച് മാന്യമായി പ്രത്യക്ഷപ്പെടാനും കഴിവുകേടുകൾ പരോക്ഷമായി പരിഹരിക്കാനുമുള്ള അടവുകളാണെന്ന്. ഒരു വൃക്കയോ ശ്വാസകോശമോ പ്രവർത്തനരഹിതമായാൽ അതിൻെറ ഇണ ആ കുറവ് പരിഹരിക്കത്തക്കവിധം പ്രവർത്തിക്കുന്നതായി നാം കാണുന്നുണ്ടല്ലോ. അന്ധനായ മനുഷ്യൻ പരസഹായം കൂടാതെ സഞ്ചരിച്ച് കൃത്യസ്ഥലങ്ങളിൽ

അപകടം കൂടാതെ എത്തുന്നതും കൈകാലുകളുടെ വൈകല്യമുള്ളവർ മററവയവങ്ങളുടെ അസാധാരണ പ്രവർത്തന രീതിയിലൂടെ ആ കുറവു പരിഹരിക്കുന്നതും സർവസാധാരണമാണ്. ഏതാണ്ടിതുപോലെ തന്നെയാണ് മനുഷ്യനിലെ മാനസിക പ്രവർത്തനരീതിയും.

സ്വന്തമായ ചില വൈകല്യങ്ങളെ മറികടന്ന് ജീവിത വിജയം നേടുന്നതിനായി തങ്ങളുടെ ചില കഴിവുകളെ അസാധാരണമാം വിധം വളർത്തിയെടുത്ത് മഹാന്മാരായിട്ടുള്ള വ്യക്തികളെ ചരിത്രത്തിൽ നമുക്കു കാണുവാൻ കഴിയും. അന്ധയും ബധിരയും മൂകയുമായിരുന്ന ഹെലൻ കെല്ലർ ഇതിനൊരുദാഹരണമാണ്.

## അമ്മയോട് തോററതിന് അങ്ങാടിയിലോ?

''അങ്ങാടിയിൽ തോററതിന് അമ്മയോട്'' എന്നൊരു ചൊല്ലുണ്ട്. ഇന്ന് ആ ചൊല്ല് ''അമ്മയോട് തോററതിന് അങ്ങാടിയിൽ'' എന്ന് തിരുത്തേണ്ടിയിരിക്കുന്നു, പ്രത്യേകിച്ച് കുട്ടികളുടെ കാര്യത്തിൽ. ആത്മഭാവ പ്രതിരോധത്തിലെ സ്ഥാനാന്തരം നല്ലൊരുദാഹരണമാണ്. മാതാപിതാക്കളോട് അരിശപ്പെടുക, അവരെ കയ്യേററം ചെയ്യുക എന്നിങ്ങനെയുള്ള കാര്യങ്ങൾ, സമൂഹവും സാമൂഹ്യചിന്താഗതിയും അംഗീകരിക്കുന്നില്ല. എങ്കിലും ചിലപ്പോൾ മക്കൾക്ക് മാതാപിതാക്കളോടുള്ള ശക്തിയായ വെറുപ്പും വിദ്വേഷവും നിയന്ത്രിക്കാനാവാതെ വരുന്നു. അതേ സമയം സമൂഹത്തിൻെറയും സാമൂഹ്യ ചിന്താഗതിയുടേയും വിലക്ക് മാനിക്കാതിരിക്കാനും വയ്യ. അങ്ങനെയുള്ള അവസരങ്ങളിൽ മാതാപിതാക്കളോടും അതുപോലുള്ള സ്ഥാനക്കാരായ അദ്ധ്യാപകരോടും അധികാരികളോടുമുള്ള വെറുപ്പും വിദ്വേഷവും മറെറാരു വിധത്തിൽ ചിലർ പ്രകടിപ്പിക്കാറുണ്ട്. ബസ്സ്, വിദ്യാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവ നശിപ്പിക്കുന്ന രീതി ഈ വിധത്തിലുള്ള സ്ഥാനാന്തരമാണ്. മാതാപിതാക്കൾ തുടങ്ങിയവരോടുള്ള വെറുപ്പ് പൊതുവസ്തുക്കൾ നശിപ്പിച്ച്

പ്രകടമാക്കുന്നു. ഈ സ്വഭാവരീതി കുട്ടികളിൽ മാത്രമല്ല പ്രായമായവരിലും കാണാം. ഭാര്യയോടോ ഭർത്താവിനോടോ കെറുവിച്ച് വരുന്ന അദ്ധ്യാപകനോ അദ്ധ്യാപികയോ ആ കെറുവ് ക്ലാസ്സിലെ കുട്ടികളെ അകാരണമായി ശിക്ഷിച്ചും അരിശപ്പെട്ടും കൊണ്ട് പ്രകടമാക്കുന്നു. പൊതുസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, തങ്ങളുടെ വീട്ടിലെ വെറുപ്പും വൈരാഗ്യവും അവരെ സമീപിക്കുന്ന പൊതുജനങ്ങളോട് തീർക്കുന്ന രീതിയും വിരളമല്ല. ഓഫീസുകളിലും മററും വരുന്ന പൊതുജനങ്ങളെ അകാരണമായി ബുദ്ധിമുട്ടിക്കുകയും ഭത്സിക്കുകയും ചെയ്യുന്നത് നാം കാണാറുണ്ടല്ലോ. മുതലാളിയുടേയും തൊഴിലുടമയുടേയും കുററപ്പാടിനും ശിക്ഷണ നടപടികൾക്കും വിധേയനാകുന്ന തൊഴിലാളി അവരോടുള്ള അയാളുടെ വെറുപ്പ്, സ്വഭാര്യയോടും കുടുംബാംഗങ്ങളോടും പ്രകടമാക്കുന്നത് കാണാം. ഈ സ്ഥാനാന്തരത്തെ 'ബലിയാടാക്കൽ' എന്ന ന്യായമായും വിളിക്കാം.

## ദുരാരോപണം

ആത്മഭാവ പ്രതിരോധത്തിലെ മറെറാരു രീതിയാണ് ദുരാരോപണം. നമ്മിലെ കുറവുകളും തെററുകളും നിഷേധിക്കുകയും അവ മററുള്ളവരിൽ ആരോപിച്ച് നല്ലപിള്ള ചമയുകയും ചെയ്യുന്ന രീതിയാണിത്. ബൈബിളിൽ നല്ലൊരുദാഹരണമുണ്ടിതിനു്. ആദത്തിൻെറ തെററിനേപ്പററി ചോദിച്ച ദൈവത്തോടദ്ദേഹം പറഞ്ഞു: 'അങ്ങെനിക്കു നൽകിയ സ്ത്രീയാണ് എന്നെ പ്രലോഭിപ്പിച്ചത്.' സ്ത്രീയാകട്ടെ കുററം പാമ്പിൽ ആരോപിച്ചു. വ്യക്തികളിൽ മാത്രമല്ല, വസ്തുക്കളുടെമേലും തെററുകുററങ്ങൾ ആരോപിക്കുന്നവരെ കാണാം. പെയിൻറിംഗ് മോശമായത് പെയിൻറ് അഥവാ ബ്രഷ് മോശമായതു കൊണ്ടാണ് എന്നും, പണി മോശമായത് അതിനുപയോഗിച്ച ഉപകരണങ്ങൾ മോശമായതുകൊണ്ടാണ് എന്നും പറയുന്നവരെയും കാണാം.

## യുക്തിയുടെ മറയിൽ

ആത്മഭാവപ്രതീരോധത്തിലെ സർവസാധാരണമായ മററൊരു രീതിയാണ് യുക്തിയുക്തമായ സമത്ഥിക്കൽ അഥവാ ന്യായയുക്തമാക്കൽ. പലപ്പോഴും നാം ചെയ്യുന്ന ഏതു കാര്യത്തിനും രണ്ടു കാരണങ്ങരം കാണും: നാം ആരോപിക്കുന്ന നല്ലകാരണവും യഥാത്ഥകാരണവും ന്യായയുക്തമാക്കൽ ആത്മവഞ്ചനയും ആജ്ജവനാശവുമാണ്. നമ്മുടെ പരാജയങ്ങളെയും പ്രവൃത്തികളെയും നാം ന്യായീകരിക്കുന്നു. നമ്മുടെ ആദശ്ങ്ങളോട് നമ്മുടെ പ്രവൃത്തികളെ പൊരുത്തപ്പെടുത്തുന്നു. ബിയർ വയറിനു നല്ലതാണ് എന്നു പറയുന്നവരുണ്ട്. അവക്ക് ബിയർ ഇഷ്ടമാണ് എന്നതാണ് യഥാത്ഥ കാരണം. സത്യം നിഷേധിക്കുവാൻ ബുദ്ധി ഉപയോഗിക്കുകയാണ് ന്യായയുക്തമാക്കലിൽ. ന്യായയുക്തമാക്കൽ നമ്മെ നമ്മോടു തന്നെ അവിശ്വസ്തരാക്കുന്നു. നമ്മോടുപോലും സത്യസന്ധത പാലിക്കാൻ നമുക്കാകുന്നില്ലെങ്കിൽ മററാരോടും സത്യസന്ധത പുലത്താൻ നമുക്കാവില്ല. അതിനാൽ ന്യായയുക്തമാക്കൽ നമ്മുടെ വ്യക്തിത്വം ഛിന്നഭിന്നമാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.

## ജീവനോടെ കുഴിച്ചുമൂടുന്നു

സത്യവുമായി പൊരുത്തപ്പെടാൻ സാധിക്കാത്തതിനാൽ മേല്പറഞ്ഞ മൂടുപടങ്ങളിൽ ഏതെങ്കിലുമൊന്നിട്ട് സത്യത്തെ മറയ്ക്കുന്നു. ഈ മൂടുപടം നീക്കുന്നതു് അതണിഞ്ഞിരിക്കുന്ന വ്യക്തിയ്ക്കു് വളരെ അപകടകരമായിത്തീരാമെന്നു് ജോൺ പവ്വൽ പറയുന്നു.[2] കാരണം, സത്യത്തെ നേരിടുവാനുള്ള കരുത്തവക്കില്ല. അതിനാലാണ് അവർ ആവരണം അണിയുകയോ കളികരം നടത്തുകയോ ചെയ്ത് ജീവിതം തങ്ങരംക്കു് ജീവിതയോഗ്യവും സ്വീകാര്യവുമാ

---

2. 'Why am I afraid to tell you who I am?' Argus Communications, 1969, U.S.A. P. 117.

ക്കിത്തീക്കുന്നതു്. ഈ കളികളും ആവരണങ്ങളുമാണു് അവരുടെ വ്യക്തിത്വത്തെ പ്രതിരോധിക്കുന്ന പുറംചട്ടകൾ. ഈ പുറംചട്ടകൾ ഉരിഞ്ഞു മാററി അവരുടെ പ്രതിരോധത്തെ തകർത്തു് അവരായിരിക്കുന്ന വിധത്തിൽ അവരെ നഗ്നരാക്കാൻ നാമൊക്കെ പ്രലോഭിതരാകാറുണ്ടു്. പക്ഷേ, അനന്തരഫലം അപകടകരമായിരിക്കും.

നമ്മുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടാൻ ആഗ്രഹിക്കാത്ത പ്രശ്നങ്ങൾ നാം അടിച്ചമർത്തുമ്പോൾ വാസ്തവത്തിൽ ആ വക കാര്യങ്ങൾക്കു നാം പരിഹാരം കാണുകയല്ല ചെയ്യുക. എന്തെന്നാൽ, നാം അവയെ കൊന്നു കുഴിച്ചുമൂടുകയല്ല, പ്രത്യുത, ജീവനോടെ കുഴിച്ചുമൂടുകയാണു ചെയ്യുക. അവ നമ്മുടെ ഉള്ളിൽ സജീവമായിരിക്കുന്നതിനാൽ നാം എപ്പോഴും അസ്വസ്ഥരായിരിക്കും. ചിലപ്പോൾ ആ അസ്വസ്ഥത നമ്മെ അടിമകളാക്കിയെന്നും വരാം.

## സ്വയരക്ഷയ്ക്കുവേണ്ടി

എല്ലാ ജീവികളിലുമെന്നപോലെ മനുഷ്യനിലും സ്വയരക്ഷയ്ക്കുവേണ്ട എല്ലാ ക്രമീകരണങ്ങളുമുണ്ടു്. അവ ഏററം പ്രകടമാകുന്നതു് വ്യക്തിത്വ പ്രതിരോധ പ്രക്രിയയിലാണു്. അപകൃഷ്ടമോ അസുന്ദരമോ ആണു് തൻെറ വ്യക്തിത്വം എന്നു വിചാരിക്കുന്ന ഏതു മനുഷ്യനും അത്തരം വ്യക്തിത്വം മററുള്ളവരുടെ മുമ്പിൽ പ്രകടിപ്പിക്കാതെ ചുററും മതിൽകെട്ടി മറച്ചു വയ്ക്കുകയാണു് സാധാരണചെയ്യുക. എന്താണു് മതിൽകെട്ടി മറച്ചുവയ്ക്കുന്നതെന്നും വേർപെടുത്തുന്നതെന്നും മനസ്സിലാക്കുന്നതിനുമുമ്പു് ആരും ഒന്നും മതിൽകെട്ടി മറച്ചുവയ്ക്കുകയോ വേർപെടുത്തുകയോ ചെയ്യരുതെന്ന റോബർട്ടു് ഫ്രോസ്റ്റിൻെറ ഉപദേശം മിക്കവാറും എല്ലാവരും വിസ്മരിക്കുകയാണു്. നമ്മുടെ അസ്വസ്ഥതകളും അപാകതകളും തെററുകുററങ്ങളും മൂടിവയ്ക്കാനായി നാമെല്ലാവരും മൂടുപടങ്ങൾ അണിയുന്നു, വേഷങ്ങൾ കെട്ടുന്നു. നാം ആയിരിക്കുന്നപോലെ നമ്മെ നാം പോലും

വിശ്വസിക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്തതിനാലാണ് ഇങ്ങനെ മൂടുപടങ്ങളും വേഷങ്ങളും അണിയുന്നത്. ഇവയെല്ലാം വ്യക്തിത്വ പ്രതിരോധത്തിനായി നാം ഉപയോഗിക്കുന്ന മതിൽക്കെട്ടുകളും മൂടുപടങ്ങളുമാണ്.

## ആൾക്കൂട്ടത്തിൽ തനിയെ

മൂടുപടങ്ങളുടേയും മതിൽക്കെട്ടുകളുടേയും പിന്നിലെ ജീവിതം സുരക്ഷിതമാണെന്നു തോന്നുമെങ്കിലും അതൊരു ഏകാന്ത ജീവിതമാണ്. സ്വഭാവത്താലെ സാമൂഹ്യ ജീവിയായ മനുഷ്യൻ സമൂഹത്തിൽനിന്ന് സ്വയം ഒററപ്പെടുന്നു. അവൻെറ വളർച്ചയ്ക്കും പൂർണതയ്ക്കും സുരക്ഷിതത്വത്തിനും സമൂഹം അത്യന്താപേക്ഷിതമാണ്. ഏകാന്തതയാണ് അവൻെറ ഏററം വലിയ ശാപം. സമൂഹത്തെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യാത്തവൻ സ്വവ്യക്തിത്വത്തെയും വിശ്വസിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല.

## വസ്ത്രാക്ഷേപം ചെയ്താൽ

മതിൽക്കെട്ടുകൾക്കും മൂടുപടങ്ങൾക്കും അവയുടേതായ ന്യായീകരണമുണ്ട്. അവ അണിയുന്നവരെ നിർദ്ദയമായി പരിഹസിക്കുകയും വിധിക്കുകയും ചെയ്യാനുള്ള പ്രവണത മനുഷ്യസഹജമാണ്. പക്ഷെ അവയ്ക്കു പിന്നിൽ മുറിവേററതും വേദനിക്കുന്നതുമായ ഒരു മനുഷ്യനുണ്ടെന്ന കാര്യം പലപ്പോഴും മനുഷ്യർ മറക്കുന്നു. ഇനിയും കൂടുതലായി മുറിവേല്ക്കാതിരിക്കാനാണ് അവർ മൂടുപടങ്ങൾ അണിയുന്നത്. അവരെ നാം നിർദ്ദാക്ഷിണ്യം വിമർശിക്കുകയും അവരുടെ മൂടുപടങ്ങൾ വലിച്ചു നീക്കുകയും ചെയ്യുമ്പോൾ തങ്ങളുടെ ജീവൻതന്നെ അപകടത്തിലായി എന്ന അനുഭവമാണവർക്കുണ്ടാവുക. അത്യാവശ്യത്തെപ്രതി താല്ക്കാലികമായാണ് ഈ മൂടുപടങ്ങൾ അണിയുന്നത് എന്ന സത്യം പല വിമർശകരും മനസ്സിലാക്കുന്നില്ല. പ്രതിരോധ മൂടുപടങ്ങൾക്കു പിന്നിൽ കുററബോധത്തോടെയും അരക്ഷിതാവസ്ഥയോ

ടെയും വ്രണിത ഹൃദയത്തോടെയും കഴിയുന്നവരെ അവയൊക്കെയിൽനിന്നും മോചിക്കുന്നതിനു് അവരെ അവർ ആയിരിക്കുന്ന വിധത്തിൽ മനസ്സിലാക്കി സ്വീകരിക്കുവാൻ തയ്യാറുള്ള സ്നേഹത്തിനു മാത്രമെ കഴിയൂ. മൂടുപടങ്ങളെ നേരിട്ടാക്രമിച്ചാൽ, പ്രതിരോധ മൂടുപടങ്ങൾ ശക്തിപ്പെടുത്തുകയായിരിക്കും ഫലം എല്ലാ മനുഷ്യരും ഏറെക്കുറെ മൂടുപടങ്ങൾ അണിഞ്ഞാണു് ജീവിക്കുന്നതു്. കാരണം, എല്ലാവരും ഏതെങ്കിലും വിധത്തിൽ അപൂർണരാണു്. മൂടുപടങ്ങളും മതിൽക്കെട്ടുകളും ഒട്ടുമില്ലാത്ത ഒരു വ്യക്തിത്വത്തെ നമുക്കു കാണാനാവില്ല. ചുരുക്കത്തിൽ, മനുഷ്യൻ മനുഷ്യനെ കണ്ടെത്തുന്നതിനുപകരം മൂടുപടങ്ങൾ മൂടുപടങ്ങളേയും മതിൽക്കെട്ടുകൾ മതിൽക്കെട്ടുകളേയുമാണു് കണ്ടെത്തുക.

## മനസ്സിലെ സ്റേറാർ

ബോധമനസ്സെന്നും അബോധമനസ്സെന്നും മനുഷ്യമനസ്സിനു് രണ്ടു തലങ്ങളുണ്ടു് എന്നു് മനശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. ഈ രണ്ടു തലങ്ങൾ ഒരു വീട്ടിലെ രണ്ടുതരം മുറികൾക്കു സമാനമാണു്: (1) എപ്പോഴും നാം കയറി ഇറങ്ങുകയും പെരുമാറുകയും ചെയ്യുന്ന മുറികൾ ബോധമനസ്സിനു് സമാനമാണു്. (2) സാധാരണ ആവശ്യമില്ലാത്തതും പഴയതും കാണാൻ കൊള്ളാത്തതുമായ സാധനങ്ങളൊക്കെ സൂക്ഷിക്കുന്ന സ്റ്റോറിനു തുല്യമാണു് അബോധമനസ്സു്. മനുഷ്യരുടെ മുമ്പിൽ കാണിക്കാൻ കൊള്ളാത്ത സാധനങ്ങൾ നാം സ്റ്റോറിലാണല്ലോ സൂക്ഷിക്കുക. അവയിൽ ദുർഗന്ധമുളവാക്കുന്ന വസ്തുക്കൾ കൂടുതലായുണ്ടാകുമ്പോൾ ആ ദുർഗന്ധം സാധാരണ നാം പെരുമാറുന്ന മുറികളിലേക്കു കടക്കുകയും ജീവിതം ദുസ്സഹമാവുകയും ചെയ്യും. ഇതുപോലെയാണു് മനസ്സിന്റെ രണ്ടു തലങ്ങളിലും സംഭവിക്കുന്നതു്. മററുള്ളവർക്കു കാണാൻ കൊള്ളാത്തവ എന്നു് നമുക്കു തോന്നുകയും നമുക്കു നേരിടുവാനും സഹവസിക്കുവാനും പററാത്തവയുമായി നമ്മിൽതന്നെ കാണുന്ന ചില

മനോഭാവങ്ങളും വസ്തുതകളും നാം നമ്മുടെ അബോധ മന സ്സിലേക്കു തള്ളുന്നു. ഇവയെക്കൊണ്ട് അബോധ മനസ്സു നിറയുമ്പോഠം നമുക്കു വളരെ അസ്വസ്ഥത അനുഭവപ്പെടുന്നു. പക്ഷെ, ഈ അസ്വസ്ഥതയുടെ യഥാർത്ഥ ഉറവിടത്തെപ്പററി നാം പലപ്പോഴും ബോധവാന്മാരല്ല. എന്തെന്നാൽ പ്രശ്നം ബോധമനസ്സിൽ നിന്നല്ലായെന്നതു തന്നെ; പ്രശ്നം അബോധമനസ്സിൽ കുഴിച്ചിട്ടിരിക്കയാണ്. ആ അബോധമനസ്സുമായി നാം സാധാരണ ബന്ധപ്പെടാറുമില്ല. നാമവിടെ കുഴിച്ചിട്ടിരിക്കുന്നവ ചത്തവയല്ല; പ്രത്യുത ജീവനുള്ളവയാണ്, മാസങ്ങഠംക്കും വർഷങ്ങഠംക്കും മുമ്പ് ഇപ്രകാരം കുഴിച്ചുമൂടിയവയെപ്പററി നാം ഓക്കുക പോലുമില്ല. ചിലപ്പോഠം നമുക്കു ഓർക്കാനും മനസ്സിലാക്കാനും സാധിക്കാത്തവിധം അത്ര ശൈശവത്തിലായിരിക്കും അവ കുഴിച്ചുമൂടപ്പെട്ടിരിക്കുന്നത്.

## മനസ്സിലെ മുള്ളുകൾ

ജോൺ പവ്വലിൻെറ ഉദാഹരണം ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: ഒരു ശിശു അതിൻെറ മാതാപിതാക്കളാൽ സ്നേഹിക്കപ്പെടാതെയും അവൻെറ മൂല്യം മാനിക്കപ്പെടാതെയുമാകുമ്പോഠം ഒന്നുകിൽ അവൻ ബാഹ്യമായി മാതാപിതാക്കളോട് അനുരൂപപ്പെടും; അല്ലെങ്കിൽ അവൻ അവരെ ബാഹ്യമായി എതിർക്കും. തൻെറ മാനസികാവശ്യങ്ങഠം നിഷേധിക്കപ്പെട്ടതിനാൽ എപ്പോഴും അവന് അവരോട് നീരസമുണ്ടായിരിക്കും. എന്നാൽ ഈ നീരസം അതായിരിക്കുന്നതുപോലെ പ്രകടിപ്പിക്കുവാൻ സമൂഹവും സംസ്കാരവും അവനെ അനുവദിക്കുന്നില്ല. എങ്കിലും ഈ നീരസം പ്രകടിപ്പിക്കാൻ അവൻ തുനിഞ്ഞാൽ, മാതാപിതാക്കഠം ശക്തിയായി അവനെ ഓർമ്മിപ്പിക്കും അവർ അവൻെറ മാതാപിതാക്കളായതിനാൽ അവൻ അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്ന്. അവർ സ്നേഹയോഗ്യരല്ല എന്ന വസ്തുതയുടേയും അവർ സ്നേഹിക്കപ്പെടണം എന്ന നിർബന്ധത്തിൻെറയും മദ്ധ്യത്തിൽ അകപ്പെടുന്ന ശിശുവിൽ ആഴമേറിയ വൈകാരിക സംഘർഷം

(സംഘട്ടം) ഉണ്ടാകും. ഈ വൈകാരിക സംഘഷം തൻെറ അബോധമനസ്സിലേക്ക് നീക്കി ശിശു ഒളിച്ചുവയ്ക്കുന്നു. ശരീരത്തിൽ തറഞ്ഞുകയറിയിരിക്കുന്ന മുള്ള് ശരീരത്തെ വേദനിപ്പിക്കുന്നതുപോലെ ഈ സംഘർഷം മനസ്സിനെ വല്ലാതെ വേദനിപ്പിക്കുന്ന മുള്ളാണ്. അബോധമനസ്സിൽ നിന്ന് കരുത്തുനേടി ഈ സംഘർഷം അക്രമവും സംഹാരവുമായി രൂപാന്തരപ്പെടും.

## വികാരങ്ങൾ പങ്കുവയ്ക്കുമ്പോൾ

ശരീരവും മനസ്സും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അബോധമനസ്സിൽ മറഞ്ഞുകിടക്കുന്ന പ്രശ്നങ്ങരം ശാരീരിക പ്രതികരണങ്ങളായി പ്രത്യക്ഷപ്പെടുക സാധാരണമാണ്. ആസ്ത്മ, പെപ്റ്റിക്അംസർ തുടങ്ങിയ ചില ശാരീരിക രോഗങ്ങരം ഇതിൻെറ ഫലമായുണ്ടാകാറുണ്ട്. സഹായകരമായ സൗഹൃദം എല്ലാ മനുഷ്യർക്കും അവശ്യാവശ്യമാണ്. അത്തരം സൗഹൃദം ഏററം വലിയ മനോരോഗചികിത്സാവിധിയാണെന്നു പറയാം. അതിനാലാണ്, സ്വമാനസിക രഹസ്യങ്ങരം തുറന്നു വയ്ക്കാൻ സാധിക്കത്തക്കവിധം എല്ലാ മനുഷ്യർക്കും കുറഞ്ഞതു് ഒരു ആത്മാത്ഥസുഹൃത്തെങ്കിലും വേണമെന്ന് ആധുനിക മന:ശാസ്ത്രം പറയുന്നതു്. നാമോരോരുത്തരും. തുറവി ലഭിക്കേണ്ടതായ നിഗൂഢാവശ്യങ്ങളുടേയും പ്രചോദനങ്ങളുടേയും സഞ്ചയമാണ്. മററുള്ളവർ നമ്മെ ഉപേക്ഷിക്കും എന്ന ഭയം കൂടാതെ നമ്മെപ്പററി തുറന്നു പറയാനും വെളിപ്പെടുത്താനും സാധിക്കുകയെന്നതു് ഏതൊരു മനുഷ്യൻെറയും ആവശ്യമാണ്. ആശ്രയിക്കാവുന്ന (വിശ്വസിക്കാവുന്ന) സുഹൃത്തുക്കരം ഇല്ലാത്തതിനാൽ പലർക്കും ഈ ആവശ്യ സാക്ഷാല്ക്കാരം ഒരു മരീചിക മാത്രമാണ്. നാം മറച്ചുവയ്ക്കുന്ന പ്രശ്നങ്ങരം പലപ്പോഴും തീരുമാനമാകാതെ നമ്മുടെ മനസ്സിൻെറ ഇരുട്ടറകളിൽ അവശേഷിക്കുകയും നാശകാരണമായിത്തീരുകയും ചെയ്യുന്നു. ഒരു ആത്മാത്ഥ സുഹൃത്തിനോട് തുറന്നു സംസാരിച്ച് അവയെപ്പററി തീരുമാനമെടുക്കുകയും അവയ്ക്ക് അതിരുകരംനിശ്ചയിക്കുകയും ചെയ്യുന്നതു

വരെ നമ്മെ സദാ ശല്യപ്പെടുത്തുന്ന ഇവയുടെ യഥാർത്ഥ വ്യാപ്തി നാമറിയ 'ല്ല. നമ്മുടെ ഉള്ളിൽ അവ മൂടൽ മഞ്ഞി ലെന്നപോലെ അവ്യക്തമായിരിക്കും. എന്നാൽ നാം നമ്മെത്തന്നെ മററൊരാറാക്കു് വെളിപ്പെടുത്തുമ്പോാം അവ യുടെ വ്യാപ്തിയെപ്പററി നമുക്കു ഏതാണ്ടൊരു രൂപം കിട്ടു കയും നാം ആയിരിക്കുന്നതുപോലെ നമ്മെ കണ്ടെത്തത്തക്ക വിധം നാം വളരുകയും സ്വയം അംഗീകരിക്കുവാനുള്ള ശക്തി നേടുകയും ചെയ്യും.

## മരീചികയായ രക്ഷകൻ

പക്ഷേ, നമുക്കു ചുററും നാം ഉയർത്തിയിരിക്കുന്ന മതിൽക്കെട്ടുകളും അണിഞ്ഞിരിക്കുന്ന ആവരണങ്ങളും ഈ പരിപാടി ദുഷ്കരമാക്കുന്നു. നമുക്കു നമ്മെ വെളിപ്പെടു ത്തുവാൻ പററിയ വിധത്തിലുള്ള ഒരു മനുഷ്യനില്ലെന്നു് നാം യുക്തിവാദം നടത്തുക സ്വാഭാവികമാണു്. നമ്മുടെ സുഹൃത്വലയത്തിൽ വിശ്വസിക്കാവുന്നവരായി ആരു മില്ല എന്നു വിചാരിച്ചു് നാം പലപ്പോഴും സ്വയം വഞ്ചി തരാവുകയാണു്. സാധാരണ നാം പറയാറുള്ള ഇത്തരം ഒഴിവുകഴിവുകറം പലപ്പോഴുംകഴമ്പില്ലാത്തവയായിരിക്കും. മററുള്ളവർ നമ്മെ മനസ്സിലാക്കാതെ തിരസ്കരിക്കും എന്ന താണു് നമ്മുടെ യഥാർത്ഥഭയം. അതിനാൽ വിശ്വാസ്യത യുടെ മതിയായ സ്വരം മററുള്ളവരിൽനിന്നു് ലഭിക്കുന്നതു വരെ നാം നമ്മുടെ മതിൽക്കെട്ടുകറാക്കുള്ളിൽ കാത്തുകാത്തി രിക്കുകയോ നമ്മുടെ സ്വപ്നഗോപുരങ്ങളിലിരുന്നു് കിളി വാതിലിലൂടെ ഒരു സർവസമ്മതനും സ്വീകാര്യനുമായ രക്ഷകനുവേണ്ടി നോക്കിയിരിക്കുകയോ ചെയ്തുകൊണ്ടു് ജീവിതം തള്ളിനീക്കും. പലപ്പോഴും അത്തരമൊരു സുഹൃ ത്തിനെയോ രക്ഷകനെയോ ആയുഷ്ക്കാലം മുഴുവൻ കാത്തിരുന്നാലും നമുക്കു കിട്ടിയെന്നു വരില്ല. സമയവും സാഹചര്യങ്ങളും ഇനിയും അനുകൂലമായിട്ടില്ല എന്ന വാദ ഗതിയിൽ ഉറച്ചുനിന്നുകൊണ്ടു് മററൊരാളുമായി യഥാർത്ഥ ത്തിലുള്ള മനുഷ്യബന്ധം സ്ഥാപിക്കാനുള്ള സകല പരി ശ്രമങ്ങറാക്കും നാം ഒഴിവുകഴിവുകറം കണ്ടെത്തും. ഇതിന്റെ

യൊക്കെ പരിണതഫലം നമ്മുടെ നാശമായിരിക്കും. അബോധമനസ്സിൽ കെട്ടിക്കിടക്കുന്ന ഈ പ്രശ്നങ്ങൾ ആരോടെങ്കിലുംപറഞ്ഞ് മനസ്സിൻെറ ഭാരംകുറയ്ക്കുന്നില്ലെങ്കിൽ ഈ പ്രശ്നങ്ങൾ നമ്മുടെ പ്രവർത്തനങ്ങളിലൂടെ പുറത്തു കടക്കും. നമുക്കു ചുററുമുള്ളവരെ നിഷേധാത്മകമായി വിമർശിച്ചുകൊണ്ട് നാം നമ്മിലുള്ള വിദ്വേഷം പുറത്താക്കും. വൈകാരിക തലത്തിൽ മററുള്ളവരുടെമേൽ ക്രമാതീതമായി ആശ്രയിച്ചുകൊണ്ട് സ്നേഹിക്കപ്പെടുവാനുള്ള നമ്മുടെ ആവശ്യത്തെ നാം വെളിപ്പെടുത്തും. മററുള്ളവരെ എളിമപ്പെടുത്തിയോ അവരുടെമേൽ ആധിപത്യം സ്ഥാപിച്ചോ നമ്മിൽ അടക്കിവച്ചിരിക്കുന്ന അപകർഷതാബോധം നാം പുറത്തുകൊണ്ടുവരും. ഇവയൊന്നും ആരോഗ്യകരമോ ക്രിയാത്മകമോ ആയ പ്രതിവിധികളല്ല; പ്രത്യുത, വിനാശകരവും നിഷേധാത്മകവുമായ രീതികളാണ്

## ഞാനും നീയും പരസ്പരം പൂരകങ്ങൾ

വാക്കിലും പ്രവൃത്തിയിലും വികാരങ്ങളിലും വിചാരങ്ങളിലും വ്യക്തിത്വത്തിലും നാം നമ്മോടും മററുള്ളവരോടും സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായിരിക്കണമെന്നതാണ് ഇവയൊക്കെ നമുക്കു നൽകുന്ന പാഠം. പക്ഷേ, നാം മററുള്ളവരെ വിധിക്കരുത്. ഞാൻ ആരാണെന്നും എൻെറ വികാരങ്ങൾ ഏവയാണെന്നും നിങ്ങളോടു സത്യസന്ധമായി പറയുവാൻ എനിക്കു കഴിയും. എന്നോടും നിങ്ങളോടും എനിക്കു ചെയ്യാവുന്ന ഏററവും വലിയ നന്മയാണിത്. എൻെറ വിചാരവികാരങ്ങൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലും, എന്നെത്തന്നെ ആത്മാർത്ഥമായും സത്യസന്ധമായും തുറന്നു നിങ്ങളെ കാണിക്കുകയെന്നത് ഏററവും വലിയ നന്മയാണ്. എന്നെക്കുറിച്ചും എന്നോടുതന്നെയുമുള്ള എൻെറ സത്യസന്ധത ഒരു പക്ഷേ നിങ്ങളെക്കുറിച്ചും നിങ്ങളോടുതന്നെയും സത്യസന്ധത പാലിക്കുവാൻ നിങ്ങളെ ശക്തമാക്കിയേക്കും. എൻെറ തെററുകുററങ്ങളും മനക്കോട്ടകളും വിരോധങ്ങളും ഭയാശങ്കകളും രഹസ്യങ്ങളും നാണക്കേടുകളും നിങ്ങളോടു പറയുവാൻ എനിക്കു കഴിഞ്ഞാൽ, ചിലപ്പോൾ നിങ്ങളുടേതായ

മേൽപറഞ്ഞ കാര്യങ്ങരം സ്വയം അംഗീകരിക്കുവാനും എന്നോട്ട പറയുവാനും നിങ്ങാംക്കു കഴിഞ്ഞേക്കും. നിങ്ങരം എന്നോട്ട സത്യസന്ധനായിരിക്കുകയും നിങ്ങളുടെ സുഖ ദുഃഖങ്ങളും ജയാപജയങ്ങളും എന്നോട്ടപറയുകയും ചെയ്താൽ അതു് എൻെറ സുഖദുഃഖങ്ങളേയും ജയാപജയങ്ങളേയും നേരിടുന്നതിനും ഒരു പൂൎണ്ണമനുഷ്യനാകുന്നതിനും എന്നെ സഹായിക്കും. നിങ്ങളുടെ ആത്മാൎത്ഥതയും സത്യസന്ധതയും എനിക്കാവശ്യമാണു്; എൻേറതു് നിങ്ങാംക്കും.

# 3. വ്യക്തിത്വവും വ്യക്തിത്വഭാവവും മനുഷ്യജീവിതത്തിൽ

സുശക്തവും സുസമ്മതവുമായ ഒരു വ്യക്തിത്വത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ട മൂന്നു ഘടകങ്ങളുണ്ടു് :

1. ശക്തമായ ശാരീരികവും മാനസികവുമായ ചട്ടക്കൂട്ട് (ഘടനാവിശേഷം)

2 ഒരാരം, ആയിത്തീരുവാനും മററുള്ളവക്കു് നൽകുവാനും താല്പര്യപ്പെടുന്ന ആദൎശപരമായ ആത്മഭാവം (ആദൎശപുരുഷനായ 'ഞാൻ').

3. ഒരാരം കാണപ്പെടുവാനും അംഗീകരിക്കപ്പെടുവാനും ആഗ്രഹിക്കുന്ന സമൂഹത്തിൻെറ ആദൎശഭാവം.

ഈ മൂന്നു ഘടകങ്ങളുടേയും സമഞ്ജസമായ സമ്മേളനമാണു് ഒരു നല്ല വ്യക്തിത്വത്തിനു് രൂപം നൽകുന്നതു്. ഇവയിൽ ഒന്നെങ്കിലും പലപ്പോഴും പലരിലും ഇല്ലാതിരിക്കുകയോ കുറഞ്ഞിരിക്കുകയോ ചെയ്യുന്നതാണു് പ്രശ്നം. രണ്ടാമത്തെ ഘടകം മാത്രമുള്ളവൻ പൂൎണ്ണമായും സ്വാൎത്ഥനും

മൂന്നാമത്തെ ഘടകം മാത്രമുള്ളവൻ സ്വന്തമായി ഒന്നുമില്ലാതെ ഒഴുക്കിനനുസരിച്ച് ഒഴുകുന്നവനുമായിരിക്കും. സ്ഥലകാല സാഹചര്യങ്ങൾക്കും വസ്തുതകൾക്കും സ്വയം അനുരൂപപ്പെടുത്തുന്നതിൽ പരാജയപ്പെടുകയും സങ്കല്പലോകത്തു ജീവിക്കുന്ന വിപ്ലവകാരിയോ അരക്കിറുക്കനോ ആയിത്തീരുകയും ചെയ്യുന്ന മനുഷ്യനിൽ ആദ്യത്തെ രണ്ടു ഘടകങ്ങളായിരിക്കും ശക്തമായിരിക്കുന്നത്. മുഷിപ്പനും തണുപ്പനും കാര്യശേഷിയില്ലാത്തവനുമായ ആളിൽ ഒന്നും മൂന്നും ഘടകങ്ങളായിരിക്കും മുന്നിട്ടു നില്ക്കുക. സ്വന്തമായ ആദർശവും ആ ആദർശസാക്ഷാല്ക്കാരത്തിനുതകുന്ന ആവശ്യങ്ങളും ഇല്ലാത്തതിനാൽ കാലക്രമേണ അയാൾ ഞരമ്പുരോഗിയും വെറും മാംസപിണ്ഡവുമായിത്തീരും. രണ്ടും മൂന്നും ഘടകങ്ങൾകൂടിയിരിക്കുന്ന മനുഷ്യനിൽ സ്വാഭാവിക പരിമിതികളേയും കഴിവുകളേയും മറികടക്കാനുള്ള പ്രവണത ഏറിയിരിക്കുകയും ക്രമേണ അതു മനോശാരീരിക പ്രയാസങ്ങൾക്ക് വഴിതെളിക്കുകയും ചെയ്യും. സ്വാഭാവികമായി വണ്ണക്കൂടുതലുള്ളവരും പൊക്കക്കുറവുള്ളവരുമായ ചിലർ യഥാക്രമം വണ്ണം കുറയ്ക്കുന്നതിനും പൊക്കം കൂട്ടുന്നതിനും കാണിക്കുന്ന വ്യഗ്രത നാം കണ്ടിട്ടുണ്ടല്ലോ.

## വ്യക്തിത്വഭാവ രൂപീകരണം

ശ്രേഷ്ഠാന്തഃകരണത്തിൽ (super ego) നിന്നുള്ള സാമൂഹ്യബോധവും മാതാപിതാക്കളിൽ നിന്നുള്ള സാമൂഹ്യ നിർദ്ദേശങ്ങളും നിരോധനങ്ങളും സ്വായത്തമാക്കി വളരുന്ന കുട്ടികളിൽ വ്യക്തിത്വഭാവം സ്വാഭാവികമായി വേഗത്തിൽ രൂപംകൊള്ളും. ഇതു സാധിക്കാത്ത കുട്ടികളിൽ ശക്തിയായ കുററബോധവും സ്ഥായിയായ ഉത്കണ്ഠയും ഉണ്ടാവുക സാധാരണയാണ്. എന്തെന്നാൽ വ്യക്തിത്വഭാവത്തിനു ബോധപൂർവം തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം തീരെ കുറവാണ്. ബോധപൂർവമായ വളർച്ചയുടെ പരിണതഫലമാണ് വ്യക്തിത്വഭാവം.

ആത്മഭാവത്തോടൊപ്പം വ്യക്തിത്വഭാവവും സാധാരണയായി യൗവനാരംഭത്തോടെയാണ് വളർന്നുതുടങ്ങുന്നത്.

യൗവനാരംഭത്തിൽ ഈ വളർച്ച ആരംഭിക്കാത്ത മനുഷ്യൻ മാനസികമായി ബലഹീനനായിത്തീരുന്നു. ഒരാൾ നിരന്തരമായി ബോധപൂർവം സ്വയം മറച്ചു വയ്ക്കുവാൻ പരിശ്രമിക്കുകയും സാമൂഹ്യാന്തരീക്ഷത്തിൽ നിന്നു് രൂപംകൊള്ളേണ്ടതായ വ്യക്തിത്വഭാവത്തിനു് പകരമായി അസാധാരണമാംവിധം ശക്തവും വഴങ്ങാത്തതുമായ ഒരു വ്യക്തിത്വഭാവം തനിക്കായി തിരഞ്ഞെടുക്കുകയും ചെയ്താൽ മററുള്ളവർക്കു് സ്വീകാര്യമല്ലാത്ത കൃത്രിമരൂപമായിരിക്കുമതു്. അയാൾ മററുള്ളവരെ പരിഗണിക്കാത്ത പരുക്കൻ സ്വഭാവക്കാരനായിരിക്കും.

## ആദർശരൂപീകരണം

ഒരാളുടെ യൗവനാദർശങ്ങൾ എത്രത്തോളം അയാൾക്കു് അനുയോജ്യവും യാഥാർത്ഥ്യവുമായിത്തീരുന്നുവോ അത്രയ്ക്കു തന്നെപ്പററിയുള്ള സ്വയാവബോധം അയാൾക്കുണ്ടാകും. തങ്ങളുടേതല്ലാത്ത കാരണത്താൽ അനുദിന ശുചീകരണം സാധിക്കാതെ വരുമ്പോൾ സ്വവൃത്തികേടിനെപ്പററി കുററബോധം തോന്നുകയും ആ വൃത്തിഹീനത മററുള്ളവർ അറിയുമോയെന്നു ഭയപ്പെടുകയും ചെയ്യുന്ന ചില മനുഷ്യരെ കാണാം. തങ്ങളുടെ അപൂർണ്ണത മററുള്ളവർ മനസ്സിലാക്കിയാൽ അവർ പെട്ടെന്നു വികാരാധീനരാവുകയും ഭയപ്പെടുകയും മുറിവേല്ക്കുകയും ചെയ്യും. യാതൊരു തെററുമില്ലാത്ത എല്ലാം തികഞ്ഞതായി കാണപ്പെട്ട ഒരു പ്രൊട്ടസ്റ്റൻറു വൈദികനെ കണ്ടതായി യുംഗ് പറയുന്നുണ്ടു്. കുറെ ദിവസങ്ങൾ ആ വൈദികനെ യുംഗ് ശ്രദ്ധിച്ചുവെങ്കിലും യാതൊരു മാനുഷികാപൂർണ്ണതയും അദ്ദേഹത്തിൽ കാണുവാൻ യുംഗിനു കഴിഞ്ഞില്ല. ആ വന്ദ്യവൈദികൻെറ മുന്നിൽ താൻ വളരെ ചെറിയവനാണെന്നു് യുംഗിനു തോന്നി. ഇത്ര നിസ്സാരനായ തനിക്കു് ആ പുണ്യപുരുഷനെ എങ്ങനെ മനസ്സിലാക്കാൻ സാധിച്ചു എന്നായി യുംഗിൻെറ ചിന്ത. അങ്ങനെയിരിക്കുമ്പോൾ ആ വൈദികൻെറ ഭാര്യ യുംഗിനെ കാണുവാൻ വന്നു. ആ സംഭാഷണത്തിൽ നിന്നു് യുംഗിനു മനസ്സിലായി ആ വൈദി

കന്റെ ബാഹ്യവ്യക്തിഭാവം അയാളുടെ ആത്മഭാവവു മായി താദാത്മ്യപ്പെടുത്തപ്പെട്ടാലും അയാളിലെ യഥാർത്ഥ മനുഷ്യനു് ആ വ്യക്തിഭാവത്തെ നശിപ്പിക്കുന്ന അനവധി സംഗതികൾ അയാളുടെ ഭാര്യയിലൂടെ പുറപ്പെടുത്താൻ കഴിയുമെന്നു്. ഈ തിരിമറികളൊന്നും അയാൾ അറിയു ന്നില്ല എന്നതാണു് ഏറ്റവും ദയനീയം. ഇതിനെല്ലാം വലിയ വില നൽകേണ്ടി വരുന്ന അയാളുടെ ഭാര്യ ഒരു മാനസിക രോഗിയായിത്തീർന്നുകഴിഞ്ഞു എന്ന വസ്തുത ആ പുണ്യപ്പെട്ട വൈദികനു് തീർത്തും അജ്ഞാതവുമാണു്.

തന്നിലെ നല്ലവശം മാത്രം പ്രദർശിപ്പിച്ചു കൊണ്ടു് ഒരാൾക്കും അധികനാൾ കഴിയുവാനാകില്ല. ആ നല്ല വശ ത്തിനു് പിന്നിൽ മറഞ്ഞിരിക്കുന്ന വികൃതമായ രൂപം എന്നെങ്കിലും പുറത്തു വരും. വ്യക്തിത്വം എന്ന ആ നല്ല വശം പെട്ടെന്നു തകർന്നു വീഴാനിടയായാൽ തത്ഫലമാ യുണ്ടാകുന്ന ഭവിഷ്യത്തുകൾ വളരെ വലുതായിരിക്കും. ആരുമറിയാതെ ഒതുക്കിയും മറച്ചും വച്ചിരുന്ന അപൂർണ്ണ തകൾ പെട്ടെന്നു വെളിപ്പെടുവാനിടയായാൽ ഒരണക്കെട്ടു പൊട്ടുന്ന ഫലമായിരിക്കും കഥാനായകന്റെ അനുഭവം. അതു മനോരോഗത്തിനു കാരണമായേക്കാം.

## വ്യക്തിത്വം എന്ന മൂടുപടം

തങ്ങൾ അഭിനയിക്കുകയാണെന്ന വസ്തുത ആരും അറിയില്ല എന്ന ധാരണയോടെയാണു് ജീവിത വേദിയി ലൂടെ പലരും കടന്നു പോകുന്നതു്. ആ അഭിനയത്തിൽ അവർ സന്തോഷിക്കുമ്പോൾ ചുററുപാടുമുള്ളവരേയും തങ്ങ ളെത്തന്നെയും അവർ വഞ്ചിക്കുകയാണു്. വ്യക്തിത്വം എന്ന ആവരണം ഒരു പരിധി വരെ അയഥാർത്ഥമാണു്. നാടകത്തിലെ മനുഷ്യൻ പല വേഷങ്ങൾ കെട്ടുന്നതുപോ ലെയാണു് മനുഷ്യൻ വ്യക്തിത്വമെന്ന മൂടുപടം അണിയു ന്നതു്. വോൾട്ടയറുടെ വാക്കുകൾ ഇവിടെ വളരെ അർത്ഥവ ത്താണു്. അദ്ദേഹം പറഞ്ഞു: ''അയൽക്കാരെ സ്നേഹി ക്കാത്ത ചിലർ ചൈനാക്കാരെ സ്നേഹിക്കുന്നു.'' ആദർശവാ ദികളുടേയും സന്മാർഗ്ഗവാദികളുടേയും ലോകരക്ഷകരെന്നു

കരുത്തുന്നവരുടേയും രഹസ്യ ജീവിതത്തിലേയ്ക്കു കടന്നു നോക്കിയാൽ വളരെ വിചിത്രങ്ങളായ പല വസ്തുതകളും കാണാവുന്നതാണു്. അവരോടുകൂടി ജീവിച്ചിരുന്നവരുടെ അഭിപ്രായങ്ങളും ഭിന്നമായിരിക്കില്ല.

## വ്യക്തിത്വമെന്ന യാഥാർത്ഥ്യം

മനുഷ്യജീവിതത്തിനു് രൂപം നല്കുന്നതു് മൂന്നു തലങ്ങളാണെന്നു് ഷൊപ്പൻ ഹവർ പറയുന്നു.

1. വാസ്തവത്തിൽ ഒരു മനുഷ്യൻ എന്തായിരിക്കുന്നുവോ അതാണു് അയാളുടെ വ്യക്തിത്വം. അവിടെ ബാഹ്യാലങ്കാരങ്ങൾക്കു സ്ഥാനമില്ല.

2. മനുഷ്യന്റെ സമ്പാദ്യം : അതായതു്, അവന്റെ ആർജ്ജിത ഗുണങ്ങൾ.

3. മററുള്ളവരുടെ മുമ്പിൽ ഒരാൾ പ്രതിനിധാനം ചെയ്യുന്നവ : അതായതു്, അയാളുടെ സ്ഥാനം, ഉദ്യോഗം ബഹുമാനം, പ്രസിദ്ധി മുതലായവ.

ഷൊപ്പൻ ഹവറിന്റെ അഭിപ്രായത്തിൽ ആദ്യത്തേതിനു മാത്രമെ മൂല്യമുള്ളു. മററു രണ്ടു തലങ്ങളും ആപേക്ഷികങ്ങളാണു്. പക്ഷെ, ഇവിടെ ഷൊപ്പൻ ഹവറിനോടു് പൂർണ്ണമായി യോജിക്കുക സാധ്യമല്ല. മേല്പറഞ്ഞ രണ്ടും മൂന്നും തലങ്ങൾക്കും അവയുടേതായ പങ്കു് വ്യക്തിത്വത്തിലുണ്ടു്. വ്യക്തിത്വം എന്നതു് മനുഷ്യനിൽ നിന്നു് മാററി നിർത്താൻ വയ്യാത്തതും അവന്റേതു മാത്രവുമായ സത്തയാണു്. നാം നേരത്തെ കണ്ടതുപോലെ മേല്പറഞ്ഞ മൂന്നു തലങ്ങളും മനുഷ്യനെന്ന കൂട്ടുകളുടെ കൂട്ടത്തിന്റെ അവശ്യഘടകങ്ങളാണു്. അതായതു്, വ്യക്തിത്വമെന്ന സത്തയിൽ ഈ മൂന്നുതലങ്ങളും ഉണ്ടായിരിക്കണം.

## സമൂഹത്തിന്റെ ചിലവിൽ ജീവിക്കുന്ന മനുഷ്യൻ

മനുഷ്യ പ്രകൃതി വളരെ ബലഹീനമായതിനാൽ നമ്മുടെ അസ്തിത്വം തന്നെ മററുള്ളവരുടെ അഭിപ്രായങ്ങളെ

ആശ്രയിച്ചാണ് നിലകൊള്ളുന്നതു് എന്നു് ഷൊപ്പൻഹവർ സമ്മതിക്കുന്നു. നമ്മുടെ അസ്തിത്വം നേരിയ തോതിലെങ്കിലും അവലോകന വിധേയമാക്കിയാൽ നമ്മുടെ സന്തോഷത്തിൽ അതിനു് (അസ്തിത്വത്തിനു്) കാര്യമായ പങ്കില്ലെന്നു് വ്യക്തമാകും. മനുഷ്യന്റെ പൊള്ളയായ ആത്മാഭിമാനം പുകഴ്ത്തപ്പെടുകയും അതേപ്പററി മററുള്ളവരിൽ നിന്നു് അനുകൂലാഭിപ്രായങ്ങൾ പ്രകടമാവുകയും ചെയ്യുമ്പോഴുള്ള അവന്റെ സന്തോഷം അവർണനീയമാണ്. ദരിദ്രജീവിതത്തിലും കറ തീർന്ന നിർഭാഗ്യത്തിലും കഴിയുന്ന മനുഷ്യനു് മററുള്ളവരിൽ നിന്നു് വീണു കിട്ടുന്ന അംഗീകാരത്തിന്റെ കച്ചിത്തുരുമ്പുപോലും ആശ്വാസപ്രദമാണു്. മറിച്ചു്, അപമാനത്തിന്റെ ഓരോ തരിയും അവനെ ആഴമായി മുറിപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. സമ്പന്നന്മാർപോലും തങ്ങളുടെ സകല ഐശ്വര്യത്തിലും ബാഹ്യപ്രതാപത്തിലും മഹത്വത്തിലും ഉറക്കെ പറയുന്ന ഒരു പരമാർത്ഥമുണ്ടു്: ''ഞങ്ങളുടെ സൗഭാഗ്യം പൂർണമായും ഞങ്ങൾക്കു പുറമെയാണു്; ആ സൗഭാഗ്യത്തിന്റെ പാർപ്പിടം മററുള്ളവരാണു്.'' അനവധിയായ അപകടങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും നടുവിൽ ജീവിതകാലം മുഴുവൻ അക്ഷീണം പണിയെടുക്കുന്ന മനുഷ്യന്റെയും അവസാന ലക്ഷ്യം മററുള്ളവരുടെ മുമ്പിൽ സ്വയം പ്രകാശമാനമാക്കിത്തീർക്കുകയെന്നതാണു്. സ്ഥാനമാനങ്ങളുടേയും പദവികളുടേയും ഉദ്യോഗങ്ങളുടേയും അംഗീകാരത്തിന്റെയും കാര്യത്തിൽ മാത്രമല്ല, സമ്പത്തിന്റെയും കലകളുടേയും ശാസ്ത്രങ്ങളുടേയും കാര്യത്തിലും ഈ ലക്ഷ്യം വളരെ പ്രകടമാണു്. മനുഷ്യമനസ്സിന്റെ (വിസ്ഥിത്തം) വലിപ്പമാണിതു വിളിച്ചറിയിക്കുന്നതു്.

മനുഷ്യന്റെ ഈ സ്വഭാവ വിശേഷത്തെ മറെറാരു രീതിയിലാണ് ഉൾറിച്ച് സ്വിങ്ഗ്ളി (Ulrich Zwingli) കാണുന്നതു്. അദ്ദേഹം പറയുന്നു: ''നമ്മുടെ പിടിയിൽ നിന്നു് രക്ഷപ്പെടാനായി കിനാവള്ളി (നീരാളി) അതിന്റെ കറുത്ത മഷിയിൽ ഒളിഞ്ഞിരിക്കുന്നതുപോലെ, തനിക്കെതിരായി ജീവിതമാകുന്ന കളിക്കളത്തിൽ മത്സരിക്കാനാ

രെങ്കിലുമുണ്ടെന്നു കാണുന്ന മനുഷ്യൻ തൻെറ ചുററുപാടും കട്ടപ്പമേറിയ കറുത്ത കാർമേഘം പരത്തി അതിലൊളിക്കുന്നു. സൂക്ഷ്മദൃക്കിനുപോലും അവനെ കണ്ടെത്തുവാനാകില്ല. കള്ളം പറയുവാനും സത്യം നിഷേധിക്കുവാനുമുള്ള അവൻെറ കഴിവ് അപാരമാണ്. നാം അവനെ ബന്ധിച്ചു എന്നു വിചാരിക്കുമ്പോൾ അവൻ പിൻവാതിലിലൂടെ പുറത്തു കടന്നിരിക്കും.''

സ്വാധീനശക്തിയുള്ള വ്യക്തിഭാവം പലപ്പോഴും പിൻവാതിലിലൂടെയുള്ള കളി നടത്താറുണ്ട്. വ്യക്തിഭാവത്തിൻെറ ഗുണവിശേഷങ്ങളെ പൂർണ്ണമായി പുറത്തുകൊണ്ടു വരുന്നതിനും താല്പര്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനും സ്ഥാനമാനങ്ങളും അലങ്കാരങ്ങളും വളരെ വലിയ പങ്കാണു വഹിക്കുന്നതു്. രാഷ്ട്രങ്ങളും സമൂഹങ്ങളും സംഘടനകളും വ്യക്തികളെ അവാർഡു നൽകി ബഹുമാനിക്കുന്നതിൻെറ ഒരു പ്രധാന കാരണമിതാണ്.

അഭിമാന ക്ഷതമാണ് ഒരു മനുഷ്യനുണ്ടാകാവുന്ന ഏററം വലിയ നാശം. അതു് അവനെ ആത്മഹത്യക്കു പോലും പ്രേരിപ്പിക്കാറുണ്ട്. ഒരു മനുഷ്യൻ അനാവരണനായി കാണപ്പെടുകയെന്നതു് സംസ്കാരസമ്പന്നമായ ആധുനികലോകത്തു് വിലക്കപ്പെട്ട സംഗതിയാണുപോലും. അതവൻെറ നാശമാണെന്നാണ് സങ്കല്പം. വ്യക്തിഭാവത്തിൻെറ നാശം പരിഹരിക്കേണ്ടതു് മരണത്തിലൂടെയാണെന്നാണ് അസ്തിത്വവാദിയായ ആധുനിക മനുഷ്യൻ പറയുക. ഇവിടെയെല്ലാം ഭയമാണ് ഭരണം നടത്തുന്നതെന്നു വ്യക്തമാണല്ലോ. വാസ്തവത്തിൽ മനുഷ്യൻ ആയിരിക്കുന്നതുപോലെ പ്രത്യക്ഷപ്പെടുന്നതിന് എന്തുകൊണ്ടാണ് ഭയപ്പെടുന്നതെന്ന ചോദ്യം വളരെ പ്രസക്തമാണ്. താൻ പൂർണ്ണനായിരിക്കണം എന്ന് എന്തുകൊണ്ടാണവൻ ചിന്തിക്കുന്നതു്? തെററുകളും പോരായ്മകളും അനുവദനീയമല്ലെന്നും അവ അക്ഷന്തവ്യമാണെന്നും ശിക്ഷിക്കപ്പെടണമെന്നും മനുഷ്യൻ പറയുന്നതിൻെറ കാരണമെന്താണ്? ഉത്ഭവപാപത്തോടെയാണ് മനുഷ്യൻ ജനിക്കുന്നതെന്നും

അതിൻെറ അർത്ഥം എന്തെന്നും അറിയാവുന്ന ക്രിസ്ത്യാനികൾപോലും സ്വതെററുകളേയും കുററങ്ങളേയും അംഗീകരിക്കുവാൻ പലപ്പോഴും വിമുഖരാണ്. പണ്ടേ തന്നെ പേടിച്ചരണ്ടിരിക്കുന്ന മനുഷ്യനെ പരിപൂർണ്ണതാസിദ്ധാന്തം അവൻെറ ആവരണത്തിന്മേൽ അധികം ആശ്രിതനാക്കിത്തീക്കുന്നു. തത്ഫലമായി നിരന്തരമായ സ്വയംകൃത പീഡനത്തിലേക്കോ എല്ലാ തരത്തിലുമുള്ള നിരാശാമനോഭാവത്തിലേക്കോ അവൻ നീങ്ങുന്നു. മിക്കവാറും മനുഷ്യൻെറ എല്ലാ ആകുല ചിന്തയും ഭയവും പരിമുറുക്കവും നീരസവും അരിശവും സ്വാത്മവിമർശനവുമൊക്കെ ചുററുപാടുമുള്ളവരുടെ അവനെപ്പററിയുള്ളഅഭിപ്രായത്തോട് ബന്ധപ്പെട്ടാണിരിക്കുന്നത്. സ്വന്തം അഭിമാനം വർദ്ധിപ്പിക്കുന്നതിനു മാതാപിതാക്കൾ മക്കളിലൂടെയും പണത്തിലൂടെയും സ്ഥാനമാനങ്ങളിലൂടെയും പരിശ്രമിക്കുന്നു. തന്നെപ്പററി മററുള്ളവക്കുള്ള അഭിപ്രായമാണ് ഏതു മനുഷ്യനും കാര്യമാക്കുന്നതു്. ആ അഭിപ്രായത്തിന്മേലാണ് അവൻ തൻെറ 'സ്ററാററസ്' ഉറപ്പിക്കുന്നതു്. ആ 'സ്ററാററസ്' നിലനിത്താനായി മററുള്ളവരുടെ ഇടയിൽ തന്നെപ്പററിയുള്ള അഭിപ്രായം ഉത്തരോത്തരം മെച്ചപ്പെടുത്താനായി അവൻ പെടുന്നപാട് വല്ലാത്തതുതന്നെ. അതോടൊപ്പം തന്നെ സുഹൃത്തുക്കളുടെ മുമ്പിൽ താൻ മോശക്കാരനാകുമോ എന്ന ഭയം അവനെ എപ്പോഴും അലട്ടുന്നു.

## വ്യക്തിഭാവ പ്രകാശനം

മേല്പറഞ്ഞ നൂലാമാലകളിൽ കുരുങ്ങിക്കഴിയുന്ന മനുഷ്യൻ പലപ്പോഴും ചുരുങ്ങിയതും ആപേക്ഷികവുമായ തൻെറ ജീവിതത്തെപ്പററിപോലും മറന്നു പോകുന്നു. അവിഹിതമായ പ്രാധാന്യം കയ്യാളുന്ന ക്ഷണിക വിജയങ്ങളാൽ അവൻെറ ചിന്താശക്തി മറയ്ക്കപ്പെടുന്നു. വ്യക്തിഭാവത്തിൻെറ പുകമറയ്ക്കു പിന്നിലെ വ്യക്തിയെ കണ്ടുപിടിക്കുവാൻ വയ്യാത്തവിധം അവ തമ്മിൽ ഇഴുകി ചേർന്നിരിക്കയാണ്. മനുഷ്യൻെറ മുഖഭാവം, ഹെയർസ്റ്റൈൽ, നടത്തം, ചേഷ്ടകൾ, വസ്ത്രധാരണം തുടങ്ങിയവ അവൻെറ വ്യക്തി

ഭാവത്തിൻെറ അടയാളമായിരിക്കുന്നതുപോലെ, അവൻെറ ജോലികഠം, പ്രവൃത്തികഠം, പെരുമാററരീതികഠം, വാക്കുകഠം തുടങ്ങി എല്ലാ പ്രവൃത്തികളും അവൻെറ വ്യക്തിഭാവത്തിൻെറ പ്രകാശനമാണ്. ഫാഷൻ അതിൻെറ എല്ലാ രീതികളിലും വ്യക്തിഭാവത്തിൻെറ സജീവ പ്രകാശനമായിരിക്കുന്നതുപോലെ നമ്മുടെ ബാഹ്യപ്രകടനങ്ങളോട് ബന്ധപ്പെട്ട എല്ലാ സംഗതികളും വ്യക്തിഭാവത്തിൻെറ ഭാഗം തന്നെയാണ് എന്ന വസ്തുത ചരിത്രാതീത കാലം മുതൽക്കേ മനുഷ്യനറിയാമായിരുന്നു. അതിനാലാണ് ബാഹ്യഅടയാളങ്ങളിൽ നിന്ന് അവയ്ക്കു പിന്നിലുള്ള യാഥാർത്ഥ്യത്തെ ചികഞ്ഞെടുക്കുവാൻ അവൻ നിരന്തരം പണിയെടുത്തിരുന്നത്. ബാഹ്യപ്രതിഭാസങ്ങഠക്കു പിന്നിൽ മറഞ്ഞിരിക്കുന്ന സത്തയെ കണ്ടെത്തുവാനുള്ള നിരന്തരമായ പരിശ്രമത്തിൽ വിജ്ഞാനത്തിൻെറ വിവിധ വഴിത്താരകഠം തന്നെ അവൻ സ്വായത്തമാക്കി. മനുഷ്യനിൽ മറഞ്ഞിരിക്കുന്ന അവൻെറ സ്വഭാവ തനിമയെ കണ്ടെത്തുന്നതിനുവേണ്ടിയായിരുന്നു മസ്തിഷ്കശാസ്ത്രം, മനശ്ശാസ്ത്രം, ഹസ്തരേഖാശാസ്ത്രം തുടങ്ങി കയ്യക്ഷരത്തിലൂടെ സ്വഭാവം നിർണ്ണയിക്കുന്ന ശാസ്ത്രം വരെ മനുഷ്യൻ വികസിപ്പിച്ചെടുത്തത്. വ്യക്തിഗതമായ പ്രത്യേകതകഠം ആ വ്യക്തിയുടെ യഥാർത്ഥ സ്വഭാവത്തെ പൊതിഞ്ഞു സൂക്ഷിക്കുന്ന മുഖംമൂടികഠം ആണ്. ഉള്ളം കാലിലെ വരകഠം പഠന വിധേയമാക്കി മനുഷ്യൻെറ സ്വഭാവം കണ്ടുപിടിക്കാമെന്ന് അവകാശപ്പെടുന്നവരുണ്ട്. ചിലർ കഴുത്തിൻെറ ആകൃതിയെയാണ് ഇതിന്നായി പഠനവിഷയമാക്കുന്നത്.

വ്യക്തിഭാവത്തിൻെറ സ്ഥിരം മാറിക്കൊണ്ടിരിക്കുന്ന രൂപഭാവങ്ങഠം മനസ്സിലാക്കുന്നതിന് എല്ലാവിധ ഫാഷനുകളുടേയും ചരിത്രം നമ്മെ വളരെ സഹായിക്കുന്നു. വ്യക്തിഭാവത്തിൻെറ പാരമ്പര്യങ്ങളും ആചാരമര്യാദകളും അനുഷ്ഠാനങ്ങളും സ്വകീയശൈലിയിലുള്ള വിനിമയങ്ങളും മുൻവിധികളും താല്പര്യങ്ങളുമൊക്കെ വിരൽ ചൂണ്ടുന്നത് അതിൻെറ ഒരിക്കലും അവസാനിക്കാത്ത സവിശേഷതകളുടേയും സ്വഭാവങ്ങളുടേയും സമാഹാരത്തിലേയ്ക്കാണ്. ഈ

വസ്തുത ഒരു വ്യക്തിയുടെ വ്യക്തിഭാവത്തിനു മാത്രമല്ല, പ്രത്യുത, കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ജനസമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും വ്യക്തിഭാവത്തിനു തന്നെ (മുഖഛായ) ബാധകമാണു്. സമൂഹത്തിലെ ഭൂരിപക്ഷം പേരും ഈ വ്യക്തിഭാവത്തിനു പിന്നിലുണ്ടാകുമ്പോൾ സംഘാതമായ ആ വ്യക്തിഭാവം വളരെ പ്രകടമായിത്തീരും. പക്ഷെ, എല്ലാ കാലഘട്ടങ്ങളിലും അതാതിന്റെ ഫാഷനു് വിരുദ്ധമായ ശരീരത്തിലെ ചില ഭാഗങ്ങൾക്കു് പ്രാധാന്യം നല്കുന്ന പ്രവണതയുണ്ടായിരുന്നു. ഉദാഹരണത്തിനു്, തല, മൂക്കു്, ചുണ്ടുകൾ, പല്ലുകൾ, കൈകാലുകൾ എന്നിവയ്ക്കു് പ്രകൃത്യാ ഉണ്ടായിരുന്ന രൂപത്തിൽ നിന്നു് വ്യത്യസ്തമായ രൂപം നല്കുന്നതിൽ ആദിവാസികൾ ശ്രദ്ധാലുക്കളായിരുന്നു. ജന്മനാ ഉള്ള സ്വാഭാവിക രൂപത്തിനു് മാററം വരുത്തുവാനായി പച്ചകുത്തും, അടയാളം ഇടൽ, പെയിൻറിങ്ങ്, അംഗവിഛേദനം, വികൃതമാക്കൽ തുടങ്ങി പല ഉപാധികളും അവർ ഉപയോഗപ്പെടുത്തിയിരുന്നു. അലങ്കാരമെന്ന വ്യാജേനയാണിവയൊക്കെ ചെയ്തിരുന്നതെങ്കിലും വാസ്തവത്തിൽ സത്യം മറച്ചുവയ്ക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം.

നഗ്നത മറയ്ക്കുവാൻ മനുഷ്യൻ ആദ്യമായി ഉപയോഗിച്ചതു് ഇലകളും മരത്തൊലിയുമായിരിക്കണം. കാലക്രമേണ ശരീരം ഭംഗിയായി മറയ്ക്കുവാനായി എല്ലാത്തരത്തിലുമുള്ള ആഭരണങ്ങൾ അവൻ അണിയുവാൻ തുടങ്ങി. ചരിത്രാതീതകാലത്തോളം പഴക്കമുള്ള പച്ചകുത്തിൽ നിന്നായിരിക്കണം കവിളുകളും ചുണ്ടുകളും നഖങ്ങളും ചുവപ്പിക്കുന്ന രീതിക്കു് പ്രചാരം സിദ്ധിച്ചതു്. ശരീരത്തിൽ നിറങ്ങൾ പുരട്ടുകയും അലങ്കരിക്കുകയും ചെയ്യുന്നതിന് പല ഉദ്ദേശങ്ങളുമുണ്ടു്: ശരീരത്തെ കൂടുതൽ ഉയരമുള്ളതും വിസ്താരമുള്ളതുമാക്കി പ്രദർശിപ്പിക്കുക, ശരീരഭാഗങ്ങൾക്കു് കൂടുതൽ മികവു് കാണിക്കുക, എന്നിവ അവയിൽ ചിലതാണു്. കാതുകുത്തിയും മൂക്കുകുത്തിയും ചുണ്ടുകൾ അകററിയും അരക്കെട്ടു ചുരുക്കിയുമുള്ള അംഗഭംഗപ്പെടുത്തൽ ഇന്നും ചില ആദിവാസികളുടെയിടയിൽ നടപ്പിലുണ്ടു്. ഉയർന്നതും

അലങ്കാരം നിറഞ്ഞതുമായ പാദുകങ്ങളുടെ ഉപയോഗവും താടിമീശ വളർത്തുന്നതും, വടിക്കുന്നതും കേശാലങ്കാരങ്ങളും നിറം പിടിപ്പിക്കലും ഹിപ്പിക്കട്ടും സ്റ്റെപ്പ്കട്ടും തിരുപ്പൻ തിരുകലുമൊക്കെ യുഗയുഗാന്തരങ്ങളായി കൈമാറുന്ന ഫാഷൻ രീതികളാണ്. ശരീരഭാഗങ്ങൾ ഭാഗികമായി മറച്ചും പ്രദർശിപ്പിച്ചും ഉള്ള വസ്ത്രങ്ങളുടെ ഫാഷനുകൾ മനുഷ്യനിൽ ഒളിഞ്ഞിരിക്കുന്ന മാനസികാവസ്ഥകളുടെ ചരിത്രപരമായ പ്രദർശനമാണ്.

## സ്ത്രീത്വം തിരിച്ചടിക്കുന്നു

പുരുഷമേധാവിത്വ കാലത്ത് പുരുഷന്മാരുടെ വസ്ത്രങ്ങൾ സ്ത്രീകളുടേതിനേക്കാൾ വിലപിടിപ്പുള്ളതും അലങ്കാരികവുമായിരുന്നു. പുരുഷമേധാവിത്വം ക്രമേണ കുറഞ്ഞു വന്നപ്പോൾ സ്വർണ്ണം, വെള്ളി തുടങ്ങിയ ആഭരണങ്ങളാലും സിൽക്കു വസ്ത്രങ്ങളാലും സ്ത്രീകൾ അലങ്കരിക്കപ്പെട്ടുകയും പുരുഷന്മാർ പരമ്പരാഗതമായ സാധാരണ വസ്ത്രങ്ങൾ ധരിക്കുവാനും തുടങ്ങി. ഇന്നും ഇതിനൊരപവാദമായി നില്ക്കുന്നത് സ്ഥാനവസ്ത്രങ്ങളണിയുന്ന പുരുഷന്മാരാണ്. സ്ഥാനവസ്ത്രങ്ങളിലായിരിക്കുമ്പോൾ പുരുഷൻെറ വ്യക്തിഭാവത്തിനു് സവിശേഷമായ ഒരെടുപ്പും വശീകരണ ശക്തിയുമുണ്ട്. രാജാക്കന്മാരും പട്ടാളക്കാരും പുരോഹിതന്മാരും സ്ഥാനവസ്ത്രങ്ങളിലായിരിക്കുമ്പോൾ പൊതുജനങ്ങളുടെ ശ്രദ്ധ പ്രത്യേകം പിടിച്ചുപററുന്നു. ഇന്നു പുരുഷന്മാരുടെ വസ്ത്രങ്ങൾ സ്ത്രീസഹജവും സ്ത്രീകളുടേതു് പുരുഷസഹജവുമായിത്തീർന്നിട്ടുണ്ട്, തൽഫലമായി കഴിഞ്ഞ മുപ്പതുവർഷങ്ങളായിട്ട് സ്ത്രീകൾ തങ്ങളുടെ വ്യക്തിഭാവത്തെ സംബന്ധിച്ചിടത്തോളം സ്ത്രീ – പുരുഷ സ്വഭാവം വളർത്തിയെടുക്കുന്നതിൽ തല്പരരായി കാണപ്പെടുന്നു. സുന്ദരവും സ്ത്രൈണവുമായ ചിരിക്കും ആരെയും വശീകരിക്കുന്ന കടാക്ഷത്തിനും പുറമെ, കുതിച്ചു കുതിച്ചുള്ള നടപ്പും പാൻറ്സ്, ഷർട്ട് തുടങ്ങിയ വസ്ത്രധാരണവും ആധുനിക കേശസംവിധാനവും മൂലം സ്ത്രീകളെ ഇന്നു് പുരുഷന്മാരിൽനിന്നു് തിരിച്ചറിയുക പ്രയാസമാണ്. കളികളിലും കായികാഭ്യാസങ്ങ

ളിലും കായികാദ്ധ്വാനവും തൻേറടവും ധീരതയും കൂട്ടതലാവശ്യമുള്ള ജോലികളിലും പുരുഷന്മാരെ മറികടക്കുവാനുള്ള പ്രവണത ഇന്നത്തെ സ്ത്രീകളിൽ വളരെ പ്രകടമായിക്കാണാം. ബാസ്കറ്റ്ബോാം, വോളിബോാം, ഫുട്ബോാം, കബഡി, ഓട്ടം, ചാട്ടം, നീന്തൽ, പർവതാരോഹണം, വിമാനം പറപ്പിക്കൽ, തീവണ്ടി ഓടിക്കൽ, ബഹിരാകാശയാത്ര, സൈനിക സേവനം എന്നിങ്ങനെ എല്ലാ രംഗങ്ങളിലും അവർ കടന്നാക്രമിക്കുകയും അവയെല്ലാം കയ്യടക്കുവാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നു എന്നതു് ഒരു വസ്തുതമാത്രമാണ്. നൂററാണ്ടുകളായി സ്ത്രീയെ അബലയും ആശ്രിതയുമായി ആഗോള വ്യാപകമായി തരംതാഴ്ത്തി നിത്തിയതിനുള്ള പകരം വീട്ടലാണിതെന്നു് വേണമെങ്കിൽ പറയാം. സ്ത്രീകാം എല്ലാ രംഗങ്ങളിലും ഉണർന്നെണീററു കഴിഞ്ഞു. അതു നല്ലതുതന്നെ. ആരും ആരുടേയും പിന്നിലാകേണ്ട കാര്യമില്ല. എങ്കിലും സ്ത്രീ എന്നും സ്ത്രീയും പുരുഷൻ എന്നും പുരുഷനുമായിരിക്കണം. എങ്കിൽ മാത്രമെ പരസ്പര സഹായസഹകരണങ്ങളിലൂടെ മനുഷ്യവംശത്തെ ശക്തമായി നിലനിത്തുവാനുള്ള പരിശ്രമത്തിൽ അവരിരുവരും ഒരുപോലെ വിജയിക്കൂ. അതാണ് പ്രകൃതിയുടേയും പ്രകൃതി നാഥൻെറയും മനുഷ്യവംശത്തെ സംബന്ധിച്ചുള്ള ഉദ്ദേശവും. അതുപോലെ തന്നെ പല കാര്യങ്ങളിലും പുരുഷന് സ്ത്രീയെ ആശ്രയിക്കേണ്ടതിനേക്കാാം അധികമായി സ്ത്രീക്കു് പുരുഷനെ ആശ്രയിക്കേണ്ടിയിരിക്കുന്നു എന്ന സത്യം ഈ മാത്സര്യത്തിനിടയിലും രണ്ടുകൂട്ടരും ഓക്കേണ്ടതുണ്ട്. എങ്കിലും സ്ത്രീകാം പുരുഷന്മാരുടെ അടിമകളായിരിക്കണമെന്നു് ഇവിടെ വിവക്ഷയില്ല.

## ഉടയാടകളല്ല മനുഷ്യൻ

ആധുനിക മനുഷ്യൻെറ വസ്ത്രധാരണത്തിലും ജോലികളിലും പ്രവൃത്തികളിലും ഉഭയലിംഗ സ്വഭാവം (bisexual) വദ്ധിക്കുന്നുവെന്നതു് തക്കമെററ കാര്യമാണ്. തൽഫലമായി സ്ത്രീപുരുഷന്മാർ തമ്മിലുള്ള ബന്ധങ്ങളിൽ വലിയ കുഴപ്പങ്ങളാം തന്നെ ഉണ്ടാകുന്നുണ്ട്. ഒരേ സമയം സ്ത്രീക്കു

പുരുഷനും പുരുഷന്ന സ്ത്രീയുമാകാനുള്ള അമിത മോഹമാണിതിന്ന കാരണം. വസ്ത്രമാണ് മനുഷ്യനെ മനുഷ്യനാക്കുന്നതു് എന്ന നിലവരെയായിട്ടുണ്ട്. പുരോഹിതൻ പുരോഹിതനാകണമെങ്കിൽ പുരോഹിത വസ്ത്രം ധരിക്കണം പോലും. ഇതുപോലെ തന്നെയാണ് പോലീസുകാരൻെറയും പട്ടാളക്കാരൻെറയും വക്കീലിൻെറയും കാര്യത്തിലും. വാസ്തവത്തിൽ ഒരാളെ അയാളാക്കിത്തീക്കുന്നതു് വേഷഭൂഷാദികളല്ല, പ്രത്യുത, അവനിലെ ആന്തരിക ചൈതന്യമാണ് എന്ന വസ്തുത പലരും മറക്കുന്നു. ഓരോ തരക്കാൾക്കും സമൂഹം അതിൻേറതായ രൂപഭാവങ്ങൾ കല്പിച്ചിട്ടുണ്ട് എന്നതാണിതിന്ന കാരണം. ആ ചട്ടക്കൂട്ടിൽ നിന്നു, അഥവാ, കല്പിത വ്യക്തിഭാവത്തിൽനിന്നു വ്യത്യസ്തമായി കാണപ്പെടാൻ പാടില്ല പോലും. ഇൻഡ്യൻ പ്രധാനമന്ത്രിയും പ്രസിഡൻറും ഒരു സാധാരണ ഇൻഡ്യാക്കാരനെപ്പോലെ ബസിലോ തീവണ്ടിയിലോ യാത്ര ചെയ്യുകയോ ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കുകയോ പൊതുനിരത്തിലൂടെ നടന്നു പോവുകയോ ചെയ്താൽ ജനം അത്ഭുതപ്പെടും. പണ്ടൊരു അഹങ്കാരിയായ ചക്രവർത്തി കബളിപ്പിക്കപ്പെട്ടു് പൊതുജനങ്ങളുടെ മുമ്പിൽ പൂണ്ണ നഗ്നനായി പ്രത്യക്ഷപ്പെട്ട കഥ ഹാൻസ് ക്രിസ്ത്യൻ ആൻേറഴ്സൺ (Hans Christian Anderson) രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടു നിന്നവരിൽ ഒരു കൊച്ചുകുട്ടിയല്ലാതെ മററാരും നെററിചുളിക്കുകയോ ചക്രവത്തിയെ പരിഹസിക്കുകയോ ചെയ്തില്ല. മറിച്ച്, ചക്രവർത്തിയെ ഭയപ്പെട്ടിരുന്നതിനാൽ, അദ്ദേഹം വളരെ മനോഹരമായ വസ്ത്രങ്ങളാണ് ധരിച്ചിരിക്കുന്നതു് എന്ന് അവരെല്ലാം ഏകസ്വരത്തിൽ പറഞ്ഞു. അതായതു് ചക്രവത്തിക്കു് ഉണ്ടായിരിക്കേണ്ട വ്യക്തിഭാവം വാസ്തവത്തിൽ ഇല്ലാതിരുന്നിട്ടും, ചക്രവത്തിയുടെ മേൽ അവരതു് ആരോപിച്ചു നൽകി. എന്നാൽ നിഷ്കളങ്കനായി ആ കൊച്ചുകുട്ടി ഉറക്കെ വിളിച്ചുപറഞ്ഞു : ''അയ്യേ, ചക്രവത്തി തുണി ഉടുത്തിട്ടില്ലേ'' എന്ന്. അവൻെറ കണ്ണുകളിലും മനസ്സിലും മുഖാവരണം ഇല്ലാതിരുന്നതിനാലാണ് അവനങ്ങനെ പറഞ്ഞതു്.

## വ്യക്തിത്വവും വ്യക്തിത്വഭാവവും

നമ്മുടെ വളർത്തലിൻെറയും പരിശീലനത്തിൻെറയും ഉദ്ദേശം മുഴുവനായും ഒരു നല്ല വ്യക്തിഭാവത്തിന്ന് രൂപം കൊടുക്കുകയെന്നതാണ്. മാന്യമായി പെരുമാറുവാനും, മനുഷ്യരെ മര്യാദയായി സ്വീകരിക്കുവാനും വിവാഹം മുതലായ ആഘോഷാവസരങ്ങളിൽ സന്തോഷവാന്മാരായിരിക്കുവാനും ശവസംസ്കാര ചടങ്ങിൽ സഹാനുഭൂതിയോടെ ദുഃഖിതരായിരിക്കുവാനും സമൂഹത്തിലെ സദാചാരങ്ങൾക്ക് അനുരൂപപ്പെടുവാനുമൊക്കെ നാം പഠിക്കുന്നതും പരിശീലിപ്പിക്കപ്പെടുന്നതും ഈ ഉദ്ദേശത്തോടെയാണ്. ഓരോ വ്യക്തിയുടെയും യഥാർത്ഥ സ്വഭാവം അഥവാ വ്യക്തിത്വം അവനോടുകൂടിത്തന്നെ ജനിക്കുന്നുണ്ട്. അതിനാലാണ് ഒരേ മാതാപിതാക്കളുടെ കുട്ടികൾ അവരുടെ അടിസ്ഥാന സ്വഭാവത്തിൽ കാര്യമായിത്തന്നെ വ്യത്യാസപ്പെട്ടിരിക്കുന്നത്. വിഷാദഭാവം ഉളവാക്കിയും, പരാജിതനാക്കിയും സ്ഥായിയായ ഭയത്തിന് അടിമപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും മേല്പറഞ്ഞ യഥാർത്ഥ വ്യക്തിത്വത്തിന് മാർഗ്ഗഭ്രംശം വരുത്താവുന്നതാണ്. വ്യക്തിയുടെ ഉത്ഭവത്തിൽ തന്നെ വ്യക്തിത്വത്തിനും വേരുള്ളതിനാൽ വ്യക്തിത്വം മാററുകയെന്നത് അത്ര എളുപ്പമല്ല. അതിനാൽ 'ചൊട്ടയിലെ ശീലം ചുടലവരെ' എന്ന പഴമൊഴി വളരെ അർത്ഥവത്താണ്. വ്യക്തിത്വഭാവം അഥവാ ബാഹ്യഭാവം വിദ്യാഭ്യാസത്തിൻെറ ഉല്പന്നമാണ്. ഈ വ്യക്തിഭാവം രൂപപ്പെടുത്താവുന്നതും രൂപപ്പെടുത്തേണ്ടതും, പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും, ഉദാഹരണങ്ങൾ, നിർദ്ദേശങ്ങൾ, ശാസനകൾ, നേതൃത്വം തുടങ്ങിയവയിലൂടെ ക്രമപ്പെടുത്തേണ്ടതുമാണ്. പക്ഷെ, ഇവ അടിച്ചേല്പിക്കപ്പെട്ടാൽ വ്യക്തിഗതമായ കഴിവുകൾ ശുഷ്കിച്ച് വളർച്ച നിലയ്ക്കും.

## ബഹിർമുഖിയും അന്തർമുഖിയും

സ്വഭാവത്താലെ ബാഹ്യലോകത്തോട് അനുരൂപപ്പെട്ടിരിക്കുന്നതിനാൽ ബഹിർമുഖി അന്തർമുഖിയേക്കാൾ സ്വവ്യക്തിഭാവത്തോട് താദാത്മ്യപ്പെടുന്നു. അന്തർമുഖിയുടേ

തിനേക്കാൾ ബഹിർമുഖിയുടെ വ്യക്തിഭാവം കൂടുതൽ അന്തരൂപപ്പെടാൻ സാധ്യതയുണ്ട്. പക്ഷെ ആ വ്യക്തിഭാവം കൂടുതൽ അബോധാവസ്ഥയിലും അധികാരത്തിലുമാണ്. അന്തർമുഖിയുടെ വ്യക്തിഭാവം കൂടുതൽ ആവരണസമാനമായതിനാൽ വലിയ പ്രശ്നം സൃഷ്ടിക്കുകയും പൊയ്മുഖം ഉളവാക്കുകയും ചെയ്യും. സ്വവ്യക്തിഭാവത്തെപററി ബോധവാനാകയാൽ അന്തർമുഖി പലപ്പോഴും അപകടസ്ഥിതിയിലാണ്. തന്നെപ്പററി ശരിയായ മതിപ്പുളവാക്കാനുള്ള വ്യഗ്രതയിൽ, തൻെറ വ്യക്തിഭാവം എന്ന മുഖംമൂടി അവധാനപൂർവം തിരഞ്ഞെടുക്കപ്പെട്ടതും മനസ്സറിവോടെ ധരിച്ചിരിക്കുന്നതുമാണെന്ന സത്യം പലപ്പോഴും പുറത്താകും. എങ്കിലും ഒരാൾ തൻെറ വ്യക്തിഭാവത്തിൽ നിന്ന് വ്യക്തിയെ (അഹം) തിരിച്ചറിയുന്നതും സ്വവ്യക്തിഭാവം മററുള്ളവരുടേമേൽ ഉളവാക്കുന്ന ചലനത്തെപററിയും അടിസ്ഥാനപരമായ സ്വന്തം അനന്യതയെപ്പററിയും ബോധവാനായിരിക്കുന്നതും വളരെ പ്രധാനപ്പെട്ടതാണ്. സ്വവ്യക്തിഭാവവുമായി വളരെ വേഗം താദാത്മ്യം പ്രാപിക്കുന്ന ബഹിർമുഖിക്ക് ഇതു് വലിയൊരു പ്രശ്നമാണ്. കാരണം, സ്വവ്യക്തിഭാവത്തിനു പിന്നിലെ വ്യക്തിയെപ്പററി അയാൾ ബോധവാനല്ലാത്തതു തന്നെ. അയാൾക്ക് വ്യക്തിയും വ്യക്തിഭാവവും രണ്ടല്ല, ഒന്നാണ്. വ്യക്തിഭാവമെന്ന മുഖംമൂടി തകരുമ്പോൾ അതു ധരിച്ചിരിക്കുന്ന ആളും തകർന്നു തരിപ്പണമാകും. വ്യക്തിഭാവം വ്യക്തിയുടെ വെറും മൂടുപടമാണെന്നറിയാവുന്ന അന്തർമുഖിയെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തിഭാവം തകർന്നാൽ അയാൾ മറെറാന്നണിയും. അങ്ങനെ അയാൾ രക്ഷപ്പെടും. ബഹിർമുഖി ഈ അപകടത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് ആത്മാർത്ഥമായ സ്വവിമർശനം ആവശ്യമാണ്. അല്ലെങ്കിൽ അയാൾ തെററിദ്ധരിക്കപ്പെടുകയും തത്ഫലമായി മററുള്ളവർ വേദനിക്കേണ്ടി വരികയും ചെയ്യും. ചുരുക്കത്തിൽ, വ്യക്തിഭാവത്തിൻെറ ഈട് (ഉറപ്പ്), അചഞ്ചലത, സുബോധാവസ്ഥ, അബോധാവസ്ഥ എന്നിവയ്ക്കനുസരണമായി, വ്യക്തിഭാവം ഒരു രക്ഷാകവചമോ ഭീഷണിയോ ആയിത്തീരാം.

## പുച്ഛ പുറത്താകുമ്പോൾ

മദ്യത്തിൻെറയോ, മൂഢതയുടെയോ, സുഖക്കേടിൻെറയോ സ്വാധീനതയാൽ വ്യക്തിഭാവം കൈവിട്ടു പോകുമ്പോഠം പുറത്തുവരുന്നതു്. അതുവരെ അബോധമനസ്സിൽ ഒളിഞ്ഞിരുന്ന അപൂൎണ്ണവും ബാലചാപല്യങ്ങഠം നിറഞ്ഞതുമായ വ്യക്തിത്വമുഖമാണു്. ഇത്ര പെട്ടെന്നു് ഇയാഠം എങ്ങനെ മാറിപ്പോയി എന്നോ ഇത്ര സംസ്കാര ശൂന്യമായി അയാഠം സംസാരിക്കുമെന്നു ഞാൻ കരുതിയില്ല എന്നോ അതു കാണുന്ന കാഴ്ചക്കാരൻ വിളിച്ചു പറയും. സഹജമായ വ്യക്തി ഭാവത്തിൻെറ നഷ്ടം അതു് അണിഞ്ഞവൻെറ ഉള്ളിലുള്ള പൊയ്മുഖം പുറത്തു വരുന്നതിനും തത്ഫലമായി അയാഠം പരസ്പര വിരുദ്ധങ്ങളായ സ്വഭാവങ്ങളുടെ ഉടമയാണെന്ന സത്യം വെളിപ്പെടുന്നതിനും ഇടയാകുന്നു.

സംസ്കാര സമ്പന്നരായി, സ്നേഹനിധികളായി സാധുജനസേവകരായി സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്ന പലരുടേയും പരോക്ഷജീവിതം പല വിധ വിഴുപ്പുകളും നിറഞ്ഞതാണെന്നതിനു് ധാരാളം ഉദാഹരണങ്ങഠം ഉണ്ടു്. ദേവാലയ വിശ്വാസികളായ 'പുണ്യവാന്മാരും' വിരളമല്ല. മാക്കലിസ്ററു കേസുകളുടേയും വിഷമദ്യ ദുരന്തങ്ങളുടേയും എന്തിനും ഏതിനും സമരം പ്രഖ്യാപിക്കുന്ന രാഷ്ട്രീയത്തിൻെറയും പിന്നിലെ ശക്തി അവരുടേതാണു്. അവർ സമൂഹത്തിലെ വെള്ളയടിച്ച കുഴിമാടങ്ങളാണു്. ആരെയും വിഴുങ്ങി തടിച്ചു കൊഴുത്തു് സ്നേഹഗീതവും പാടി സമത്വസുന്ദരമായ ലോകം കെട്ടിപ്പടുക്കാനായി രാപകൽ ബുദ്ധിമുട്ടുന്നവരാണവർ. അവരെ തിരിച്ചറിയുന്നതിൽ പൊതുജനമെന്ന കഴുത പലപ്പോഴും പരാജയപ്പെടുന്നതിനാൽ പട്ടാളവും ഭണ്ഡാരവും അവരുടെ കൈകളിലൊതുങ്ങുന്നു. ഇതല്ലെ ഇന്നു നമ്മുടെ നാട്ടിലെ സ്ഥിതി.

## വ്യക്തിഭാവവും സ്വപ്നവും

സ്വവ്യക്തിഭാവത്തിൻെറ യഥാർത്ഥ സ്വഭാവം മനസ്സിലാക്കുവാൻ താല്പര്യമുള്ളയാഠംക്കു് സ്വപ്നങ്ങഠം വളരെ

ഫലപ്രദമായ ഉറവിടമാണ്. കാരണം, സ്വപ്നങ്ങൾ ഉൾക്കൊള്ളുന്ന അടയാളങ്ങൾ പലപ്പോഴും വ്യക്തികളോട് ബന്ധപ്പെട്ടതാണ്. മഹാന്മാരെയൊ സിനിമാതാരങ്ങളെയൊ കായികതാരങ്ങളെയൊ പററി സ്വപ്നം കാണുന്നവരിൽ ആ വീരപുരുഷന്മാരെപ്പോലെ ആയിത്തീരാനുള്ള അബോധപൂർവമായതും ശക്തിയായതുമായ ഒരഭിനിവേശം കാണാം. അവർ ഉണർന്നിരിക്കുമ്പോൾ കൂടിയും ആ വീര പുരുഷന്മാരുടെ ചില സ്വഭാവ വിശേഷങ്ങൾ അവരിൽ പ്രത്യക്ഷമായിക്കാണാം. ഒരാളുടെ തന്നെപ്പററിയുള്ള ധാരണയും മററുള്ളവർ തന്നെ എങ്ങനെ കാണണമെന്ന അയാളുടെ ആഗ്രഹവും ഇന്ന് സർവ സാധാരണമായിരിക്കുന്ന പത്രമാസികകളിലെ കല്യാണ പരസ്യങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ഇങ്ങനെ വധൂവരന്മാരെ അന്വേഷിക്കുന്നവർ തങ്ങളുടെ ആദർശപരമായ വ്യക്തിഭാവമാണവിടെ പ്രകടമാക്കുന്നത്. മററുള്ളവർക്ക് അത് ആകർഷകമായിരിക്കും എന്ന പ്രതീക്ഷയോടെയാണവർ അങ്ങനെ ചെയ്യുന്നത്. പല സാഹചര്യങ്ങളിലും അബോധ കല്പിതങ്ങൾക്ക് വലിയ പ്രാധാന്യമുള്ളതുപോലെ ഈ രംഗത്ത് വ്യക്തിഭാവം വളരെ വലുതായ പങ്കുവഹിക്കുന്നു. ഉദാഹരണത്തിന്, എല്ലാ സ്വഭാവ പരീക്ഷണ രീതികളിലുമെന്നപോലെ, തൊഴിൽപര വിദ്യാഭ്യാസത്തിലെ കല്പിത പരീക്ഷണങ്ങളിലും വ്യക്തിയുടെ യഥാർത്ഥ സ്വഭാവവും ബാഹ്യ കവചമായ വ്യക്തിഭാവവും തമ്മിലുള്ള യോജിപ്പിൻെറയൊ വ്യത്യസത്തിൻെറയൊ നിലവാരം വിഗണിക്കാതിരിക്കേണ്ടതു് വളരെ പ്രധാനപ്പെട്ടതാണ്. 'Rorschach' എന്ന ഏററം അറിയപ്പെട്ടതും പരക്കെ ഉപയോഗിക്കപ്പെടുന്നതുമായ പരീക്ഷണത്തിൽ 'ആവരണ വ്യാഖ്യാനങ്ങൾ' എന്നൊരു പരിപാടിയുമുണ്ട്. പരീക്ഷണാർത്ഥം പടങ്ങളുടെ മുമ്പിൽ നിർത്തപ്പെട്ടിരിക്കുന്ന മനുഷ്യൻെറ പ്രതികരണങ്ങളിൽ കാണുന്ന കൃത്രിമത്വവും മറച്ചു വയ്ക്കലും മററുള്ളവരെ വിശ്വസിപ്പിക്കാനുള്ള പ്രവണതയാണ് കാണിക്കുന്നത്. മന:ശാസ്ത്ര പരീക്ഷണങ്ങളിലും വ്യക്തിഭാവ പ്രകടനങ്ങളിലും ഈ വസ്തുത തെളിവാകുന്നുണ്ട്.

വ്യക്തിയെ സംബന്ധിക്കുന്ന സത്യം അതിന്റെ നഗ്നരൂപത്തിൽ തുറന്നു കാട്ടാൻ സ്വപ്നത്തിൽ പോലും അയാൾ തയ്യാറല്ല എന്നു തെളിയിക്കുന്ന ഒരു സ്വപ്നത്തെ പററി എവിടെയോ വായിച്ചതായി ഓക്കുന്നു : ആത്മാവി നെപ്പററി കൂടുതൽ ഗഹനമായ പഠനത്തിനു് ഒരു ക്രൈസ്തവ പുരോഹിതൻ മന:ശാസ്ത്രജ്ഞനെ സമീപിച്ചു. സന്ദർശന ത്തിനു് ശേഷമുള്ള ആദ്യ സ്വപ്നത്തിൽ ഒരു നീന്തൽക്കുള ക്കരയിൽ നീന്തൽ മത്സരത്തിനു് താനും നിൽക്കുന്നതായി അദ്ദേഹത്തിനു തോന്നി. മന:ശാസ്ത്രജ്ഞനുൾപ്പടെ ധാരാളം പേർ മത്സരം കാണാൻ കരയിൽ നില്ക്കുന്നതായും അദ്ദേഹം കണ്ടു. നീന്തുവാനുള്ള അദ്ദേഹത്തിന്റെ അവസരം വന്നു. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ടു് കറുത്ത കുപ്പായ മണിഞ്ഞു് തലയിൽ തൊപ്പിയുമായി നിന്ന അദ്ദേഹം നേരെ വെള്ളത്തിലേയ്ക്കു ചാടി. നനഞ്ഞു കുതിർന്നു് ഈറ നണിഞ്ഞ അദ്ദേഹം സുരക്ഷിതനായി കരപററി. സ്വപ്നാ പഗ്രഥനത്തിൽ മനസ്സിലായി വെള്ളം അദ്ദേഹത്തിന്റെ മനസ്സിന്റെ അബോധതലത്തെ കുറിയ്ക്കുന്നതായിരുന്നു എന്നു്. മന:ശാസ്ത്രജ്ഞനുമായുള്ള അപഗ്രഥന ജോലിയിൽ തന്റെ ബാഹ്യ ആവരണങ്ങളിലൊന്നുപോലും മാററാൻ തയ്യാറാകാതെ തന്റെ വ്യക്തിഭാവത്തിനു് യാതൊരു കോട്ടവും പററാതെ അദ്ദേഹം നിലകൊണ്ടു. തന്റെ മാന സ്സിക പശ്ചാത്തലത്തിൽ സ്വയം തുറന്നു കാണിക്കുവാൻ അദ്ദേഹം തയ്യാറാകാതിരുന്നതിനാൽ ആ അപഗ്രഥന ത്തിൽ മന:ശാസ്ത്രപരമായ യാതൊരു നന്മയും അദ്ദേഹത്തി നുണ്ടായില്ല. സ്വയം തുറന്നു കാണിക്കുവാൻ അദ്ദേഹം ഭയപ്പെടുന്നു എന്ന സത്യം സ്വപ്നത്തിലൂടെ വളരെ വ്യക്ത മായി കാണിച്ചു. തുടർച്ചയായി എതിർത്തിട്ടും തന്റെ മേൽ ആധിപത്യം സ്ഥാപിച്ച വ്യക്തിഭാവത്തെ മറികടക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല എന്നതാണു് ഈ സംഭവത്തി ലൂടെ തെളിഞ്ഞു കാണുന്ന വസ്തുത.

## ആവരണ വ്യാഖ്യാനം

ചില രോഗനിദാന സാഹചര്യങ്ങളുടെ സൂക്ഷ്മ പരി ശോധനയിൽ Rorschach പരീക്ഷണത്തിലെ ആവരണ

വ്യാഖ്യാനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഹിസ്റ്റീരിയയിലെ ബാലചാപല്യങ്ങളും അസ്ഥിരതയും കൃത്രിമത്വവുമൊക്കെ മേല്പറഞ്ഞ സാഹചര്യങ്ങൾക്ക് ഉദാഹരണങ്ങളാണ്. വ്യക്തിത്വ രാഹിത്യത്തിന്റെ ഓരോ രൂപവും വ്യക്തി പ്രകടനത്തിന്ന് കാരണമായിത്തീരുന്നു. ആവരണങ്ങളിലൂടെയുള്ള പ്രതികരണങ്ങൾ സാധാരണക്കാരിൽ സർവസാധാരണമാണെന്ന വസ്തുത തെളിയിച്ചിട്ടുള്ളതാണ്. ഈ പ്രത്യേകത കുററവാളികളിൽ വളരെയധികമായി കാണാം. ശക്തമായ അഭിമാനവാഞ്ഛമൂലം സ്ത്രീകളേക്കാൾ പുരുഷന്മാരിലാണ് ആവരണങ്ങളിലൂടെയുള്ള പ്രതികരണങ്ങൾ കൂടുതലുള്ളത്. ജീവിതത്തിന്റെ നാല്ക്കവലകളിൽ നില്ക്കുന്നവരിലാണ് ആവരണ വ്യാഖ്യാനങ്ങൾ കൂടുതൽ കാണുന്നത്. കാരണം, ആ കാലഘട്ടത്തിൽ അസ്തിത്വത്തെതന്നെ ശക്തമായി പിടിച്ചു കുലുക്കുന്ന മാനസിക അരക്ഷിതത്വം ഉണ്ടാകുമ്പോൾ അത് മററുള്ളവരിൽ നിന്നു് മറയ്ക്കാനുള്ള പ്രവണതയുണ്ടാകുകയെന്നത് സഹജമാണ്.

പാൻറ്സ്, ഷർട്ട്, ഓവർകോട്ട്, ടൈ, കാലുറകൾ തുടങ്ങി എല്ലാത്തരം വസ്ത്രങ്ങൾ, ഷൂസ്, കോളർ, ഊന്നുവടി, തൊപ്പി മുതലായ എല്ലാ തരത്തിലുമുള്ള വേഷ ഭൂഷാദികൾ, അലങ്കാരങ്ങൾ, ആഭരണങ്ങൾ തുടങ്ങിയ എല്ലാ ബാഹ്യ ആവരണങ്ങളും വ്യക്തിഭാവത്തിന്റെ അടയാളങ്ങളിൽ പെടുന്നവയാണ്. മറയ്ക്കാൻ ഉപയോഗിക്കുന്നതെന്തും ബാഹ്യ ഭംഗിക്ക് മാററു കൂട്ടും. മേല്പറഞ്ഞ അലങ്കാര വസ്തുക്കൾക്കും സൗന്ദര്യ വർദ്ധക വസ്തുക്കൾക്കും പുറമെ വീടിന്റെ മുൻവശത്തുള്ള ബാൽക്കണി, ശില്പകലാവിദ്യകൾ, അടയാളപ്പലകകൾ, മററു പ്രദർശന രൂപങ്ങൾ എന്നിവയൊക്കെ വ്യക്തിഭാവ പ്രകാശന സഹായികളാണ്. മെഡലുകൾ, കീർത്തിമുദ്രകൾ, കുല ചിഹ്നങ്ങൾ, മററുള്ളവർക്ക് കൊടുക്കുന്ന സമ്മാനങ്ങൾ ഇവയൊക്കെ വ്യക്തിഭാവ സൂചകങ്ങളാണ്.

## വ്യക്തിഭാവത്തിലെ കുതിപ്പും കിതപ്പും

ജീവിതത്തിന്റെ ആദ്യ പകുതിയിൽ വ്യക്തിഭാവം ഉണ്ടാവുകയെന്നത് വളരെ പ്രധാനപ്പെട്ടതും അനുപേക്ഷ

ണീയവുമായ സംഗതിയാണ്. എന്തെന്നാൽ ആ വ്യക്തി ഭാവത്തിൻെറ മറയിലാണ് പക്വതയാന്ന വ്യക്തിത്വത്തി നുവേണ്ടിയുള്ള പോരാട്ടം നടക്കുന്നത്. ജീവിതത്തിൻെറ രണ്ടാം പകുതിയിൽ, താൻ ആയിരിക്കുന്നതുപോലെ കാണപ്പെടുവാൻ അനുവദിക്കാവുന്നതാണ്. പക്വമതികളും പ്രായമായവരുമായ ചിലരുടെ മുഖത്ത് കാണുന്ന വ്യക്തി ത്വം നിറഞ്ഞു തുളുമ്പുന്നതും കളങ്കരഹിതവുമായ വ്യക്തിത്വ പ്രകാശനങ്ങൾ വിളിച്ചു പറയും അവർ തികച്ചും സ്വാഭാവി കതയുള്ളവരാണെന്ന്. ജീവിതത്തിലൂടെയാണ് വ്യക്തി സുരക്ഷിതനാകുന്നത്. സ്വകഴിവുകളും കഴിവുകേടുകളു മായി ഇണങ്ങിച്ചേർന്നയാൾ ജീവിതത്തിൽ അഭിനയിക്കു വാനോ ശക്തിനേടുവാനോ താല്പര്യപ്പെടില്ല. എങ്കിലും സംസ്കാരസമ്പന്നമായ സ്വഭാവത്തിൻെറ ഉറവിടം അടി സ്ഥാനപരമായ വ്യക്തിഭാവങ്ങളിൽ തന്നെയാണ്, സംസ്കാരസമ്പന്നമായ സ്വഭാവത്തിന് അത്യാവശ്യമല്ലാ ത്തതെല്ലാം തന്നെ പക്വതയാർന്ന ജീവിതത്തിൽ കൊഴി ഞ്ഞു വീഴുന്നു.

നല്ല പ്രായമായിട്ടും മരണത്തിൻെറ പേരു കേൾക്കു മ്പോൾതന്നെ വളരെ അസ്വസ്ഥരാകുന്നവരുണ്ട്. ഇത്തര ക്കാർ വളരെ പ്രായമായിട്ടും തങ്ങൾ സ്വീകരിച്ച ജീവിത രീതിയോട് ഒട്ടും പൊരുത്തപ്പെടാത്തവരാണ്. തങ്ങളെ ത്തന്നെ കണ്ടെത്തുവാൻ അവർക്കു സാധിച്ചിട്ടില്ല. അതി നാൽ ജീവിതരീതി കൂടെക്കൂടെ മാററുവാൻ അവർ നിർബ ന്ധിതരാകുന്നു. എങ്കിലും അവർ എങ്ങും തന്നെ എത്തു ന്നില്ല. ശേഷിച്ച ജീവിതകാലം എന്തു ചെയ്യണമെന്ന് യാതൊരു രൂപവുമില്ലാത്തവരാണവർ. ജോലിയിൽ നിന്നു വിരമിക്കുന്നവർ പലപ്പോഴും പരിഹരിക്കാനാ വാത്ത പ്രശ്നമായിത്തീരാറുണ്ട്.

സ്വവ്യക്തിഭാവത്തോടുമാത്രം നീതി പുലർത്തിയാൽ പോരാ, മററുള്ളവരുടെ വ്യക്തിഭാവങ്ങളോടും നീതി പുല ർത്തണം. ഉന്നതമായ ആഗ്രഹങ്ങളും താല്പര്യങ്ങളും സംവ ഹിക്കുന്ന സഹജീവിയുടെ വ്യക്തിഭാവത്തെ മുറിപ്പെടുത്തു

ന്നതു് വളരെ വലിയ തെററാണു്. സാമൂഹ്യ ബന്ധങ്ങളിൽ മാദ്ധ്യസ്ഥം വഹിക്കേണ്ട വ്യക്തിഭാവം തീച്ച്യായും മററുള്ളവക്കു് ജീവിതം സുകരമാക്കുകയും സഹാനുഭൂതിയും മാനുഷികത നിറഞ്ഞ സമീപനവും മററും വഴി സന്തോഷം നിറഞ്ഞ അന്തരീക്ഷം സംജാതമാക്കുകയും വേണം. വ്യക്തിഭാവം സ്വന്തം സ്വഭാവത്തോടു് (nature) മാത്രമല്ല മററുള്ളവരുടെ സ്വഭാവത്തോടും ഇണങ്ങിച്ചേരണം. പലർക്കും ഇതു് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണു്. മററുള്ളവരെ സന്തോഷിപ്പിച്ചും നേടിയും അവർക്കു് സ്വീകാര്യരായി തോന്നുവാൻ നാമെല്ലാവരും ആഗ്രഹിക്കുന്നു. ഈ ലക്ഷ്യസാദ്ധ്യത്തിനായി മാനസികാവരണങ്ങളാണു് നാം സാധാരണ ഉപയോഗിക്കാറു്. വളരെ ചുരുക്കം പേരെ ഇതിൽ വിജയിക്കുന്നുള്ള. മററുള്ളവരുടെ ഉള്ളിൽ പ്രതിഷ്ഠിതരാകുവാൻവേണ്ട ബുദ്ധിമുട്ടുകൾ സഹിക്കുന്നവരും വിരളമാണ്. നിരാശപ്പെടാതെയും അപകഷ് ാബോധം കൂടാതെയും സ്വന്തം പരാജയങ്ങളെ നേരിടുവാൻ കഴിയുന്നവനും, സ്വപരാജയങ്ങൾ മററുള്ളവരുടെ മുമ്പിൽ തന്നെ ചെറുതാക്കും (താഴ്ത്തിക്കെട്ടും) എന്നു ഭയപ്പെടാത്തവനും സമാധാന ചിത്തനായി ഗോഥേയോടുകൂടി (Goethe) ഇപ്രകാരം പറയുവാൻ കഴിയും : ''സ്വവ്യക്തിത്വം നഷ്ടപ്പെടുത്താതെ, താൻ എന്തായിരിക്കുന്നുവോ അതു് അതേവിധം നിലനിത്തുവാൻ സാധിക്കുന്നവന്റെ ജീവിതം ബാക്കി എന്തൊക്കെ നഷ്ടപ്പെട്ടാലും ധന്യമാണു്.''

# 4. മനസ്സിൻെറ കളികൾ

മായം നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യൻ കൈകാര്യം ചെയ്യുന്ന എല്ലാ മേഖലകളിലും മായം ആധിപത്യം ഉറപ്പിച്ചിട്ടുണ്ട്. ഉല്പാദനച്ചിലവു കുറച്ച് ഉല്പന്നങ്ങൾ ആകർഷകമാക്കി വില്പന വർദ്ധിപ്പിച്ച് അമിത ലാഭം നേടാനുള്ള പരിശ്രമത്തിലാണ് മായം ആധിപത്യം നേടുന്നത്. ഭക്ഷണ പാനീയങ്ങളും മരുന്നുമുൾപ്പടെ മനുഷ്യൻ ഉത്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളിലും മായമുണ്ട്. ഒരു പടികൂടി കടന്ന്, കുഞ്ഞിന് അമ്മ വാത്സല്യപൂർവം നല്കുന്ന മുലപ്പാലിൽ പോലും മായമുണ്ട് എന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനിർമ്മിത മായ വസ്തുക്കളെപ്പററിയാണ് ഇത്രയും പറഞ്ഞത്.

മായത്തിൻെറ മണ്ഡലം ഇവിടം കൊണ്ടവസാനിക്കുന്നില്ല. അത് മനുഷ്യനിലേയ്ക്കും മനുഷ്യത്വത്തിലേയ്ക്കും വ്യാപിച്ചു കഴിഞ്ഞു. ആധുനിക മനുഷ്യജീവിതം മായമയമാണെന്ന് പറയുമ്പോൾ, മായം കലരാത്ത മനുഷ്യജീവിതം ചരിത്രത്തിൽ ഉണ്ടായിരുന്നു എന്നു വിവക്ഷയില്ല. മായത്തിനു് മനുഷ്യവംശത്തോളം പഴക്കമുണ്ട്. നൂററാണ്ടുകൾക്കുമുമ്പ് ആതൻസിലെ തെരുവിലൂടെ ഒരു മനുഷ്യൻ നട്ടുച്ചയ്ക്കു് വിളക്കു തെളിച്ച് 'മനുഷ്യനുണ്ടോ മനുഷ്യൻ' എന്ന് അന്വേഷിച്ചതായി കേട്ടിട്ടുണ്ട്. ക്രിസ്തുവിനു മുമ്പ് ജീവിച്ചിരുന്ന പ്രവാചകനായ ജറമിയാസ് ഒരു മനുഷ്യനെയെങ്കിലും കണ്ടെത്താനായി ജറൂസലേമിലെ വഴികളിലൂടെ അന്വേഷിച്ചു നടന്നതായി ബൈബിളിൽ നാം വായിക്കുന്നു.[4] ഈ രണ്ടു സംഭവങ്ങളിലും മായമില്ലാത്ത മനുഷ്യനെയാണ് അന്വേഷിച്ചത്. ഇന്ന് മായത്തിൻെറ അളവും മണ്ഡലങ്ങളും എന്നത്തേതിലുമധിക

4. Jer. 5:1ff.

മായി വർദ്ധിച്ചു എന്നു മാത്രം. മനുഷ്യൻെറ കഴിവുകളുടെ വളർച്ചയും അവൻെറ പ്രവർത്തനമേഖലകളുടെ വർദ്ധനവു മാണിതിനു കാരണം. മായമില്ലാത്ത മനുഷ്യനോ മനു ഷ്യത്വമോ കണികാണാൻ പോലും കിട്ടില്ല. പൊയ്മുഖങ്ങൾ അണിഞ്ഞ മനുഷ്യരെയാണെവിടെയും കാണുക.

മനുഷ്യനിൽനിന്നും പുറപ്പെടുന്നവയിൽ മായമുണ്ടെ ങ്കിൽ അതിൻെറ അർത്ഥം മനുഷ്യമനസ്സിൽ മായമുണ്ടെ ന്നാണ്. കാരണം, മനുഷ്യമനസ്സിൽ നിന്നുരുത്തിരിയു ന്നവ മാത്രമെ മനുഷ്യനിൽനിന്നു പുറത്തു വരു. മനുഷ്യ മനസ്സിലെ മായത്തെ മന:ശാസ്ത്രജ്ഞന്മാർ മനസ്സിൻെറ കളികൾ എന്നു വിളിക്കുന്നു. കളിയെന്നു വിളിക്കപ്പെടുന്നെ ങ്കിലും അതിൽ കാര്യമുണ്ട്. മനസ്സിൻെറ കളികളെ എറിക്ബേൺ ഇങ്ങനെ നിർവചിക്കുന്നു: "ബാഹ്യമായി യുക്തിസഹവും എന്നാൽ മറയ്ക്കപ്പെട്ട ഉദ്ദേശത്തോടുകൂടി യതും ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങ ളുടെ സമാഹാരമാണ് മനസ്സിൻെറ കളി."[5] അതായത്, കൗശലത്തോടുകൂടിയ പ്രവർത്തനങ്ങളുടെ സമാഹാരമാണ് മനസ്സിൻെറ കളി. ഈ നിർവചനം തന്നെ മറെറാരിടത്ത് അദ്ദേഹം കുറെക്കൂടി വിവരിക്കുന്നുണ്ട് "മുൻകൂട്ടി കാണാ വുന്നതും വ്യക്തമായി മനസ്സിലാക്കിയിട്ടുള്ളതുമായ കാര്യ സാധ്യത്തിലേയ്ക്ക് പുരോഗമിക്കുന്ന നിഗൂഢമെങ്കിലും സഹായകങ്ങളായ പ്രവൃത്തികളുടെ വർദ്ധമാനമായിക്കൊ ണ്ടിരിക്കുന്ന ശൃംഖലയെ മാനസിക കളി എന്നു പറയാം."[6]

## കളികളുടെ ആവശ്യവും ആരംഭവും വളർച്ചയും

സാധാരണയായി രണ്ടുവയസ്സിനും എട്ടുവയസ്സിനും ഇടയ്ക്ക് കുടുംബാന്തരീക്ഷത്തിൽ വച്ചാണ് മാനസിക കളി

---

5. Transactional Analysis in Active Psychotherapy, Harold Green wald, Ed. (New York: Atherton Press, 1967), P. 125.
6. Games People Play, (Grove Press INC, New York, 1967.) P. 48.

കരം പഠിക്കുന്നതു് എന്നാണ് മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. മാതാപിതാക്കളുടെ നീക്കങ്ങളെ അഥവാ പ്രവൃത്തികളെ അനുകരിച്ചുകൊണ്ടോ തങ്ങൾക്കുണ്ടാകുന്ന അനുഭവങ്ങൾക്കനുയോജ്യമായ നീക്കങ്ങളിലൂടെയോ ആണ് കുട്ടികൾ മാനസിക കളികൾ വശമാക്കുന്നതു്. 'ഓരോ പ്രവൃത്തിക്കും അതിന്റേതായ പ്രതികരണമുണ്ട്' എന്ന സാമാന്യ തത്വം ഒരു പരിധിവരെ ഈ കളികളിലെ നീക്കങ്ങൾക്കാധാരമായി നിലകൊള്ളുന്നു. ഏതുകളികൾ, എങ്ങനെ കളിക്കണമെന്നു് ശിശുക്കൾ അഭ്യസിക്കപ്പെടുന്ന ഒരു വിദ്യാഭ്യാസ പ്രക്രിയ ആയി ശിശുപരിപാലനം പരിഗണിക്കപ്പെടാം. ശൈശവകാലത്തെ നീക്കങ്ങളിലൂടെ പഠിക്കുന്ന ഈ കളികൾ മിക്കവാറും എല്ലാവർക്കും സ്വാഭാവികമായതാണ് അതിനാൽ പ്രായമാകുമ്പോൾ പോലും തങ്ങൾ മാനസിക കളികളാണ് നടത്തുന്നതു് എന്ന സത്യം പലരും അറിയുന്നുപോലുമില്ല. അതവരുടെ സ്വഭാവത്തിന്റെ അഭേദ്യഭാഗമായിത്തീരുന്നു. അതിനാൽ ചെറുപ്പത്തിലെതന്നെ സ്വഭാവത്തിന്റെ അഥവാ വ്യക്തിത്വത്തിന്റെ ഭാഗമായി അലിഞ്ഞു ചേർന്നിരിക്കുന്ന ഈ കളികളിലെ നന്മ തിന്മകളുടെ കർത്തൃത്വം, തൽക്കർത്താക്കളിൽ ആരോപിക്കാൻ വയ്യാത്തവിധം അചിന്തിതമാണ് (അബോധപൂർവമാണ്) ഈ കളികൾ. തൽഫലമായി, പ്രായമായവരിൽ കാണുന്ന മാനസിക കളികളുടെ മൂലകാരണമോ തുടക്കമോ കണ്ടുപിടിക്കുകയെന്നതു് വളരെ ദുഷ്കരമാണ്. അതുകൊണ്ടാണ്, കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ ശൈശവകാലം മുതൽക്കേ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്നു പറയുന്നതു് മാതാപിതാക്കളുടെ വാക്കുകളും നീക്കങ്ങളുമാണ് ശൂന്യമായ ഇളം മനസ്സിൽ ശാശ്വതമായി പതിയുന്നതു്. അനുകരണത്തിലൂടെയാണല്ലോ മനുഷ്യൻ പലതും പഠിക്കുന്നതു്. ശിശുക്കൾക്ക് ആദ്യമായി അനുകരിക്കാൻ കിട്ടുന്നതു് അമ്മയേയും പിന്നീട് അച്ഛനേയും അതിനുശേഷം സഹോദരങ്ങളെയോ മററു കുടുംബാംഗങ്ങളേയോ ആണ്. അതിനാലാണ് കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണത്തിൽ ഏററം വലിയ ഉത്തരവാദിത്വം അമ്മയ്ക്കും രണ്ടാം സ്ഥാനം അപ്പനും മൂന്നാം

സ്ഥാനം മററു കുടുംബാംഗങ്ങൾക്കും കല്പിക്കുന്നതു്. മക്കൾ നല്ലവരാകണമെങ്കിൽ മാതാപിതാക്കൾ നല്ലവരായേ പററൂ. ഇളം മനസ്സിൽ നന്മയും സത്യവും നീതിയും സ്നേഹവുമാണു് മാതാപിതാക്കൾ വിതയ്ക്കുന്നതെങ്കിൽ കുഞ്ഞുങ്ങൾ പ്രായമാകുമ്പോൾ അവ തന്നെ ഒന്നിനു നൂറായി അവരിൽ നിന്നു് കൊയ്തെടുക്കാനാവും, കുഞ്ഞു മനസ്സിൽ വക്രതയും സ്വാർത്ഥ്യവും അനീതിയും വെറുപ്പുമൊക്കെയാണു് വിളവിറക്കുന്നതെങ്കിൽ അവതന്നെ നൂറുമടങ്ങായി വിളവെടുക്കേണ്ടിവരും. ഇങ്ങനെ ശൈശവത്തിൽ സ്വായത്തമാക്കുന്ന കളികളുടെ സ്വാധീനം മിക്കവാറും മരണം വരെ നിലനില്ക്കും.

## ചൊട്ടയിലെ ശീലം ചുടലവരെ

പ്രായപൂർത്തിയായി കുടുംബജീവിതത്തിലേയ്ക്കു് കടക്കുന്നവർ, ഭാര്യ തന്റെ അമ്മ എങ്ങനെയാണോ അപ്പനോടു് പ്രവർത്തിച്ചതു് അപ്രകാരം സ്വഭർത്താവിനോടും, ഭർത്താവു് തന്റെ അപ്പൻ എങ്ങനെ അമ്മയോടു പ്രവർത്തിച്ചോ അതുപോലെ സ്വഭാര്യയോടും, അവരുടെ മാതാപിതാക്കൾ അവരോടു് എങ്ങനെ പ്രവർത്തിച്ചോ അതുപോലെ അവർ തങ്ങളുടെ കുട്ടികളോടും പ്രവർത്തിക്കുന്നതും മിക്കവാറും നിത്യാനുഭവമാണ്. ചില ഉദാഹരണങ്ങൾ പരിശോധിക്കാം. ഉദാഹരണങ്ങളിലെ പേരുകൾ യഥാർത്ഥ പേരുകൾ അല്ല. എങ്കിലും ഉദാഹരണങ്ങൾ സംഭവങ്ങളാണു്.

ജോണും മാത്യുവും സുഹൃത്തുക്കളാണു്. ജോൺ പ്രീഡിഗ്രിക്കു് മൂന്നാം തവണ എഴുതിയിരിക്കയാണു്. മാത്യു അവസാനവർഷ ഡിഗ്രി വിദ്യാർത്ഥിയും. ഭാവി പരിപാടിയെപ്പററി അവർ ചർച്ച ചെയ്യുകയാണു്.

മാത്യു : പ്രീഡിഗ്രി പാസ്സായിട്ടു് നീയെന്തെടുക്കാൻ പോകുന്നു ?

ജോൺ : എന്തെങ്കിലും ഒരു ജോലി സമ്പാദിച്ചു കുറെ പണം ഉണ്ടാക്കണം. എന്നിട്ടുവേണം കല്യാണം കഴിച്ച് സുഖമായി ജീവിക്കാൻ.

മാത്യു : കുടുംബജീവിതത്തെപ്പററി നിൻെറ ധാരണ എന്താണ് ?

ജോൺ : എന്തു ധാരണ ? ഭാര്യാഭർത്താക്കന്മാർ സ്നേഹിച്ചു സഹകരിച്ചു കഴിയണം.

മാത്യു : എങ്ങനെയാണ് സ്നേഹിച്ചു സഹകരിച്ചു കഴിയുക ?

ജോൺ : ഭർത്താവു പറയുന്നതനുസരിച്ച് ഭാര്യ ജീവിക്കണം.

മാത്യു : ഭർത്താവു പറയുന്നതു തെററാണെങ്കിലോ ?

ജോൺ : ഭർത്താവു തെററു പറയില്ല.

മാത്യു : ഭാര്യ പറയുന്നതു് ഭർത്താവ് അനുസരിക്കണോ?

ജോൺ : ഭാര്യ, ഭർത്താവിനെയാണ് അനുസരിക്കേണ്ടതു്; അല്ലാതെ ഭർത്താവ്, ഭാര്യയെയല്ല അനുസരിക്കേണ്ടതു്.

മാത്യു : ഭർത്താവു പറയുന്നതിനേക്കാരം ഭാര്യ പറയുന്നതാണ് ശരിയെങ്കിലോ ?

ജോൺ : അങ്ങനെ വരില്ല. സ്ത്രീകളേക്കാരം ബുദ്ധി കൂടുതൽ പുരുഷന്മാർക്കാണ്.

മാത്യു : നീ പറയുന്നതു നിൻെറ ഭാര്യ അനുസരിച്ചില്ലെങ്കിൽ നീ എന്തു ചെയ്യും ?

ജോൺ : അനുസരിപ്പിക്കും.

മാത്യു : എങ്ങനെ ?

ജോൺ : വേണ്ടിവന്നാൽ രണ്ടുകൊടുക്കും.

മാത്യു : ഭർത്താവിനു് ഭാര്യയെ തല്ലാൻ അധികാരമുണ്ടോ?

ജോൺ : തീർച്ചയായും.

മാത്യു : ഭാര്യയ്ക്കു ഭർത്താവിനെ തല്ലാമോ ?

ജോൺ : പാടില്ല. കാരണം, ഭർത്താവു് ആണു് മൂത്തതു്. അയാളാണു കുടുംബനായകൻ.

മാത്യു : പ്രായക്കൂടുതൽ ഒരാളെ തല്ലുന്നതിനു മതിയായ കാരണമാണോ ? ഭാര്യയ്ക്കാണു പ്രായക്കൂടുത ലെങ്കിലോ ?

ജോൺ : മൂത്തവർ ഇളയവരെ തല്ലാറുണ്ടല്ലോ. ഭാര്യയ്ക്കു ഭർത്താവിനെക്കാൾ പ്രായക്കുറവായിരിക്കണം.

മാത്യു : ഭർത്താവു കുടുംബനാഥനായിരിക്കുന്നതുപോലെ ഭാര്യ കുടുംബനാഥയല്ലേ ? അപ്പോൾ കുടുംബ ജീവിതത്തിൽ ഭാര്യയ്ക്കും ഭർത്താവിനും തുല്യ സ്ഥാനമല്ലേ ?

ജോൺ : എന്തായാലും ഭാര്യ, ഭർത്താവിനു കീഴ്വഴങ്ങി ജീവിക്കണം.

തുറന്ന മനസ്സോടെ സംസാരിച്ച ജോണിനോടു് അവൻെറ മാതാപിതാക്കളുടെ ജീവിതം മാത്യു ചോദിച്ചു മനസ്സിലാക്കി. ജോൺ പറഞ്ഞതു മുഴുവൻ അവൻെറ അപ്പനും അമ്മയും തമ്മിലുള്ള ബന്ധത്തിൻെറ ശരിപ്പകർപ്പാണെന്നു് മനസ്സിലായി. അതുതന്നെയാണു് അവൻ ഭാവിയിൽ സ്വന്തം കുടുംബജീവിതത്തിൽ പ്രാവർത്തികമാക്കാൻ പോകുന്നതും. കുടുംബജീവിതത്തെപ്പററിയുള്ള ജോണിൻെറ ധാരണ മുഴുവൻ അവൻെറ മാതാപിതാക്കളിൽനിന്നു കിട്ടിയതാണെന്നും അവൻ സമ്മതിച്ചു.

രവിയും ഉഷയും ഭാര്യാഭർത്താക്കന്മാരാണു്. രവി ബിസ്സിനസ്സുകാരനാണു്. രവിക്കു നല്ല സമ്പത്തും വീടും മററു ചുററുപാടുകളുമുണ്ടു്. വിമൻ വെൽഫയർ സൊസൈററിയുടെ പ്രസിഡൻറാണു് ഉഷ. വീട്ടുജോലിക്കു് ആവശ്യത്തിനു വേലക്കാരുണ്ടു്. രവി, ബിസിനസ്സു കാര്യങ്ങളിൽ

മുഴകി രാവിലെ വീട്ടവിടും. വൈകിട്ട് ഒൻപതുമണി കഴിയും തിരിച്ചു വരുമ്പോൾ. വായന പ്രിയയായ ഉഷ, വൈകിട്ട് നാലുമണിവരെ പലതരത്തിലുള്ള പുസ്തകങ്ങളുമായി കഴിച്ചുകൂട്ടും. അഞ്ചുമണിക്ക് വിമൻ വെൽഫയർ സൊസൈററിയുടെ ഓഫീസിലേയ്ക്കു പോകും. എട്ടുമണിക്കു തിരിച്ചുവരും. അധികം താമസിയാതെ അത്താഴവും കഴിച്ചവൾ ഉറങ്ങും. രവി വരുന്നതുവരെ കാത്തിരിക്കാൻ അവൾ തയ്യാറല്ല. ജോലിക്കാരുണ്ടല്ലോ രവിക്കു ഭക്ഷണം കൊടുക്കാൻ. അതാണവളുടെ ന്യായം. രവി കുറെയൊക്കെ സഹിച്ചു. നിവൃത്തിയില്ലാതായപ്പോൾ ഉഷയെ അവളുടെ വീട്ടിലേയ്ക്കു പറഞ്ഞയച്ചു. അവൾ വീട്ടിൽ നില്ക്കാൻ തുടങ്ങിയിട്ട് മാസങ്ങൾ ആറേഴായി. അപ്പോഴാണ് അവളുടെ അച്ഛനമ്മമാരുടെയും കണ്ണുതുറക്കുന്നത്. ഉഷയുടെ അച്ഛൻ ബിസിനസ്സുകാരനാണ്. മരുമകൻ ഒരു ബിസിനസ്സുകാരനാകുന്നതു് തന്റെ ബിസിനസ്സിനു് ഉപകാരമാകുമെന്ന ധാരണയിലാണ് ഉഷയെ ബിസിനസ്സുകാരനെക്കൊണ്ടു് വിവാഹം ചെയ്യിപ്പിച്ചതു്. ഉഷയുടെ വീട്ടിലും ജോലിക്കാർ ധാരാളമുണ്ടു്. അതിനാൽ ഉഷയുടെ അമ്മ സ്വഭർത്താവിന്റെ കാര്യത്തിൽ തീരെ ശ്രദ്ധിക്കാറില്ല. മാത്രമല്ല, ഭർത്താവു വരുമ്പോൾ രാത്രി വളരെ വൈകും. അപ്പോഴേയ്ക്കും ഉഷയും അമ്മയും അത്താഴം കഴിച്ച് ഉറക്കമാകും. സ്വന്തം അമ്മ, അച്ഛനോടുവർത്തിച്ച രീതിയാണ് സ്വഭർത്താവിനോട് ഉഷ കാട്ടിയതു്. അതിനവളെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. കാരണം, അതാണവൾക്ക് അമ്മയിൽനിന്നു കിട്ടിയ മാതൃക. അതവൾ സ്വജീവിതത്തിൽ പകർത്തി.

## തന്നോളമായാൽ താനെന്നു വിളിക്കണം

സുരേഷ് പ്രീഡിഗ്രി വിദ്യാർത്ഥിയാണ്. അവന്റെ അച്ഛനു് ബാങ്കിലാണ് ജോലി. അമ്മ വീട്ടഭരണവും. സുരേഷിനു് ഒന്നിലും ഒരുന്മേഷം തോന്നുന്നില്ല. പഠിക്കണമെന്നുണ്ടു്. പഠിക്കാനായി പുസ്തകവുമായി ഇരുന്നാൽ ഉടനെ തളർച്ചതോന്നും. വീട്ടിൽനിന്നു പുറത്തിറങ്ങി കൂട്ടു

കാരുമായി വൈകിട്ട് കളിച്ചാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ട്. പക്ഷേ, അമ്മയുടെ വിശദമായ അന്വേഷണവും കുററപ്പാടും കർക്കശമായ സമയനിഷ്ഠയും അതിനനുവദിക്കുന്നില്ല. പുറത്തു പോയാൽ, ആരോടൊക്കെയാണു് സംസാരിച്ചതു്? എവിടെയൊക്കെയാണു് പോയതു്? എന്തിനാണു് പോയതു്? ഇങ്ങനെ കിള്ളിക്കീറിയുള്ള ചോദ്യരീതിയാണമ്മയുടേതു്. സുരേഷിൻെറ കൂട്ടുകാർ വീട്ടിൽ വന്നാൽ അവൻെറ കുററമാണു് അമ്മ അവരുടെ മുമ്പിൽ വിളമ്പുക: 'വായനയും പഠനവുമൊന്നുമില്ല, കഴിഞ്ഞ പരീക്ഷയ്ക്കു എല്ലാററിനും തോററു, ഇവൻ ചൊവ്വാകില്ല.' ഇതൊക്കെകേട്ട് സുരേഷിനു് പലപ്പോഴും നിരാശതോന്നിയിട്ടുണ്ട്. എന്നാൽ അച്ഛനിൽ നിന്നു് വിശദമായ അന്വേഷണങ്ങളോ കർക്കശമായ നിയന്ത്രണങ്ങളോ ഒന്നുമില്ല. സുരേഷിൻെറ അമ്മയുടെ പശ്ചാത്തലം അന്വേഷിച്ചു. അവരുടെ അച്ഛൻ മക്കളോടു വലിയ കാർക്കശ്യം കാണിച്ചിരുന്നു. മക്കളുടെ പ്രായത്തെ അതിലംഘിക്കുന്ന നിയന്ത്രണങ്ങളുമുണ്ടായിരുന്നു അദ്ദേഹത്തിനു്. അതാണു് സുരേഷിൻെറ അമ്മയുടെ അനുഭവം. ആ അനുഭവം അതേപടി അവർ പ്രീഡിഗ്രിക്കു പഠിക്കുന്ന മകനോടും പ്രൈമറി സ്കൂളിൽ പഠിക്കുന്ന മകനോടും ഒരേ രീതിയിൽ പ്രാവർത്തികമാക്കുകയാണു്.

## കളിയിലും കാര്യമുണ്ട്

കൊച്ചുകുട്ടികൾ കുട്ടിക്കളി നടത്തുന്നതു് നമ്മിൽ പലരും കണ്ടിട്ടുണ്ടാവും. എങ്കിലും നാമതു അത്ര കാര്യമാക്കാറില്ല. എന്നാൽ അവയിൽ അല്പം കാര്യമുണ്ട്. ആ കളികൾ, കുട്ടികൾ മുമ്പു് എവിടെയോ കണ്ടിട്ടുള്ളതോ കേട്ടിട്ടുള്ളതോ ആയ കാര്യങ്ങളുടെ പുനരാവിഷ്ക്കാരമാണ്. അവർ കണ്ടതും കേട്ടതും സ്വജീവിത സാഹചര്യങ്ങളിൽ പകർത്തി നോക്കുന്നു. അതിൽ അവർ വിജയിക്കുകയാണെങ്കിൽ അവർ വീണ്ടും വീണ്ടും അതാവർത്തിക്കും. ഒരു കാലഘട്ടം വരെ. പരാജയപ്പെടുകയാണെങ്കിൽ ചിലപ്പോൾ ചിലർ വീണ്ടും പരീക്ഷിച്ചു് വിജയിക്കും. വീണ്ടും വീണ്ടും പരാജയപ്പെടുകയാണെങ്കിൽ അവരതു് ഉപേക്ഷിക്കും.

കുട്ടികൾ ഭാവിജീവിതത്തിലേയ്ക്കുള്ള പാഠങ്ങൾ പരീക്ഷിച്ച് പരിശീലിക്കുകയാണ്. അവരെ സ്വാധീനിച്ചിട്ടുള്ള ഭാഗങ്ങളാണ് ഓരോരുത്തരും ആ കളികളിൽ അഭിനയിക്കുക. ഈ കുട്ടിക്കളി മാനസികകളികളുടെ മറെറാരു രീതിയിലുള്ള പരിശീലനമാണ്. ഈ കളികളിലൊക്കെ പ്രധാനപ്പെട്ട മൂന്നു റോളുകളായിരിക്കും കാണുക: മർദ്ദകൻ, മർദ്ദിതൻ, രക്ഷകൻ. കള്ളന്മാരും പോലീസുകാരും, വണ്ടിയിലെ ഡ്രൈവറും കണ്ടക്ടറും കിളിയും യാത്രക്കാരും, ആശുപത്രിയിലെ ഡോക്ടറും നേഴ്സും രോഗികളും, വീട്ടിലെ അപ്പനും അമ്മയും, ഘോഷയാത്രയിലെ നേതാക്കന്മാരും ജനങ്ങളും, സമ്മേളനങ്ങളിലെ പ്രസംഗകരും കേൾവിക്കാരും, പെരുനാൾ പ്രദക്ഷിണങ്ങൾ, ശവസംസ്കാരചടങ്ങ്—ഇവയെല്ലാം കുട്ടികൾ കളിക്കുന്ന (പരിശീലിക്കുന്ന) കളികളാണ്. ഇവയിലൊക്കെ ഭാവിയിൽ അവരെ സഹായിക്കുന്ന അഥവാ അവരുടെ ഭാവിയെ രൂപപ്പെടുത്തുന്ന ധാരാളം കാര്യങ്ങളുണ്ട്. അവ വെറും കുട്ടിക്കളിയല്ല; മാനസികകളിയുടെ മറെറാരു തരത്തിലുള്ള അവതരണവും പരീക്ഷണവും പരിശീലനവുമാണ്.

ദൈനംദിന ജീവിതത്തിൽ ഗാഢസൗഹൃദത്തിന് തീരെ അവസരമില്ലാത്തതിനാലും ഗാഢസൗഹൃദത്തിൻെറ ചില രൂപങ്ങൾ വളരെപ്പേർക്കും മന:ശാസ്ത്രപരമായി അസാധ്യമായതിനാലും, സാമൂഹ്യജീവിതത്തിൽ വളരെയധികം സമയം മാനസിക കളികൾക്കായി വിനിയോഗിക്കപ്പെടുന്നു. അതിനാൽ കളികൾ അനുപേക്ഷണീയമായിത്തീരുന്നു. ഈ ചുററുപാടുകളിൽ അവശേഷിക്കുന്ന പ്രശ്നം കളികൾ നടത്തുന്ന വ്യക്തിക്ക് അവയിൽനിന്ന് ഉപകാരപ്രദമായ ഫലം കിട്ടുമോയെന്നതാണ്. കളികളിലെ പരമപ്രധാനമായ സംഗതി അവയുടെ ഫലപ്രാപ്തിയാണെന്നകാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. കളികളിലെ ആരംഭ നീക്കങ്ങളുടെ പ്രധാന പ്രവർത്തനം അവയുടെ ഫലപ്രാപ്തിക്കായി രംഗസജ്ജീകരണം ചെയ്യുകയെന്നതാണ്. എന്നാൽ ഈ നീക്കങ്ങൾ ഓരോന്നിലും പരമാവധി സംതൃപ്തി ഉപോൽപ്പന്നമായി നേടിയെടുക്കത്തക്കവിധമാണ്

അവ ക്രമീകരിക്കപ്പെടുന്നതു്. മദ്യപാനം മിക്കവാറും മനഃശാസ്ത്ര കളികളിൽ ഒന്നാണു്. മദ്യം കുടിക്കുന്ന ഓരോ അവസരത്തിലും വ്യക്തിക്കു് രസമുണ്ടാകുന്നുണ്ടു്. ഈ രസം കളിയുടെ ഉപോൽപ്പന്നം മാത്രമാണു്. അല്ലാതെ കളിയുടെ ഉദ്ദിഷ്ട ഫലമല്ല.

പരസ്പരം ബന്ധപ്പെടുന്നതിൽനിന്നു് ഒരാൾ പിൻവലിയുമ്പോൾ അപരനു് താൻ നിഷ്ക്കാസിതനായതായി തോന്നുകയും അതിനെ നേരിടുവാനായി കളി നടത്തുകയും ചെയ്യും. അഭിവാദ്യത്തിനു് പ്രത്യഭിവാദ്യം ചെയ്യാതിരിക്കുകയോ അപ്രതീക്ഷിത പ്രതികരണം ലഭിക്കുകയോ ചെയ്യുമ്പോഴും കളിതന്നെയാണ് നടക്കുക. സമയം പോക്കാൻ വേണ്ടി ഒരാൾ സംസാരിച്ചു തുടങ്ങുമ്പോൾ അതിൽ ചേരാതെ ഒഴിഞ്ഞു മാറുന്നതും പ്രവത്തനങ്ങളിൽ സഹകരിക്കാതിരിക്കുന്നതും കളിതന്നെ. മനുഷ്യരോടു ഇടപെടുമ്പോൾ കളികൾ നടത്തുക എന്നു വച്ചാൽ സ്നേഹത്തെ നശിപ്പിക്കുകയെന്നാണർത്ഥം.

## കളിയിലെ കാപട്യം

കളികൾ ആവർത്തന പ്രവർത്തനങ്ങളുടെ പരമ്പരയാണെന്നു് പറഞ്ഞുവല്ലോ. ബാഹ്യമായി പ്രശംസനീയമെങ്കിലും നിഗൂഢോദ്ദേശത്തോടുകൂടിയതാണവ. നിഗൂഢസ്വഭാവവും ഫലപ്രാപ്തിയുമാണു് കളികളെ പ്രധാനമായും ചടങ്ങുകൾ, സമയം പോക്കൽ തുടങ്ങിയ മററു പെരുമാററങ്ങളിൽ നിന്നു് വ്യത്യസ്ഥമാക്കുന്നതു്. ചടങ്ങുകൾ, സമയം പോക്കൽ എന്നിവ ലാഭകരവും വിജയപ്രദവും പ്രയോജനപ്രദവുമാണെങ്കിലും ഒരു പരിധിവരെ നിഷ്കളങ്കമാണു്. ഇവയിൽ മാത്സര്യം കാണാമെങ്കിലും ഏററുമുട്ടലുണ്ടാവില്ല. ഇവയുടെ അന്ത്യം പ്രകടമാണു്, നാടകീയമല്ല. എന്നാൽ ഓരോ കളിയും അടിസ്ഥാനപരമായി കപടമാണു്. അതിൻെറ അന്ത്യം വളരെ നാടകീയവുമാണു്.

തങ്ങൾ നടത്തുന്ന വൈരുദ്ധ്യാത്മകങ്ങളായ പ്രവത്തനങ്ങളെപ്പററി ശരിയായ അറിവില്ലാതെ നിർദോഷിക

ളായ മനുഷ്യർ അബോധപൂർവം കളിക്കുന്ന കളികളാണ് ലോകത്തെല്ലായിടത്തും സാമൂഹ്യജീവിതത്തിന്റെ പ്രധാന മുഖമുദ്രയായി നാം കാണുക.

പ്രാദേശിക സാമൂഹിക രംഗങ്ങളിലെ ഒരു ശിശുവിന്റെ നിലയ്ക്കനുസൃതമാംവിധം സമയം പോക്കലിലും ചടങ്ങുകളിലും നടപടികളിലും അവൻ അഭ്യസിപ്പിക്കപ്പെട്ടുമെങ്കിലും അവ അത്ര പ്രധാനപ്പെട്ടതല്ല. അവയിലുള്ള അവന്റെ അറിവും കഴിവുമാണ് ഭാവിയിലെ അവന്റെ അവസരങ്ങളെ നിശ്ചയിക്കുന്നത്. തന ക്കഹ്മായ സാഹചര്യങ്ങളുടെ ഫലപ്രാപ്തിയും മേല്പറഞ്ഞ അവസരങ്ങളെ അവൻ ഉപയോഗിക്കുന്നവിധവും നിർണയിക്കുന്നത് അവന്റെ കളികളാണ്. അവന്റെ തലേലെഴുത്തിന്റെ (അവന് അജ്ഞാതമായ ജീവിത പദ്ധതിയുടെ) ഭാഗമെന്ന നിലയ്ക്ക് അവന് പ്രിയങ്കരങ്ങളായ കളികൾ അവന്റെ ജീവിതലക്ഷ്യവും നിശ്ചയിക്കുന്നു. ഇതാ ഒരു ഉദാഹരണം :

നാലാം ക്ലാസ്സിൽ പഠിക്കുന്ന ജോണിക്ക് രാവിലെ ഒരു ചെറിയ വയറുവേദന. അമ്മ അവന് ചൂടുകാപ്പി ഉണ്ടാക്കികൊടുക്കുകയും അവന്റെ വയറു തടവുകയും ചെയ്തു കൊണ്ടിരുന്നു. ഇതു കണ്ടുകൊണ്ടിരുന്ന ജോണിയുടെ അനുജൻ നേഴ്സറിയിൽ പഠിക്കുന്ന ജോസ് പറഞ്ഞു: "എനിക്കും വയറുവേദനയാണ്". ജ്യേഷ്ഠനു കിട്ടിയ പരിഗണനയായിരുന്നു അവന്റെ ലക്ഷ്യം. ഇതു മനസ്സിലാക്കിയ അവന്റെ അപ്പൻ അവനോടു ചോദിച്ചു: "നീ ഈ വേഷം കെട്ടണോ ?" പൊട്ടിച്ചിരിച്ചുകൊണ്ട് ജോസ് പറഞ്ഞു: "വേണ്ട" അപ്പന് അവന്റെ സൂത്രം മനസ്സിലാകാതെ പോയിരുന്നെങ്കിൽ, അത്തരം സൂത്രപ്പണികൾ ആവർത്തിച്ച് അവൻ കൂടുതൽ സ്നേഹവും പരിചരണങ്ങളും മാതാപിതാക്കളിൽനിന്ന് ഈടാക്കുമായിരുന്നു. അങ്ങനെ അവൻ ഒരു സൂത്രശാലിയായിത്തീരുമായിരുന്നു. അപ്പന്റെ സമയോചിതമായ ഇടപെടലും മകന്റെ ആത്മാർത്ഥമായ ഏറ്റുപറച്ചിലും വഴി ഒരു മാനസിക കളി അതിന്റെ ആരംഭത്തിൽതന്നെ നുള്ളിക്കളയാൻ സാധിച്ചു.

## മറവിയിലാണ്ടുപോകുന്ന കളികൾ

മിക്കവാറും എല്ലാ മാനസിക കളികളും കൊച്ചുകുട്ടികഠം കരുതിക്കൂട്ടി തുടങ്ങുന്നതാണെന്ന് മേല്പറഞ്ഞ സംഭവത്തിൽനിന്നു വ്യക്തമാണല്ലോ. ഈ കളികഠം ഒരു ശീലമായിക്കഴിഞ്ഞാൽ കാലാന്തരത്തിൽ അവയുടെ ആരംഭം കളി നടത്തുന്നവക്കും മററുള്ളവക്കും വിസ്മൃതവും അജ്ഞാതവുമായിത്തീരുന്നു. മാത്രമല്ല, അവയുടെ അടിസ്ഥാന സ്വഭാവംതന്നെ സാമൂഹ്യ അവ്യക്തതകളിലൂടെ മാഞ്ഞുമറയുന്നു. ശരിയായ സമീപനരീതികളിലൂടെ മാത്രമെ ഇവ രണ്ടും (ആരംഭവും അടിസ്ഥാനസ്വഭാവവും) പിന്നീട് ബോധമണ്ഡലത്തിൽ കൊണ്ടുവരാനാവൂ. കളികളുടെ ആരംഭം മനസ്സിലാക്കുന്നതിന' മാനസിക പ്രവത്തനവിശ്ലേഷണചികിത്സാരീതിയും അടിസ്ഥാനസ്വഭാവം മനസ്സിലാക്കുന്നതിന് പ്രതിരോധനിബന്ധവും പ്രയോഗിക്കേണ്ടിയിരിക്കുന്നു. ഈ വഴിക്കുള്ള ആവത്തനചികിത്സാനുഭവങ്ങാം തെളിയിക്കുന്നത്, കളികഠം സ്വഭാവത്താലെ അനുകരിക്കുന്നവയാണെന്നും അവ ശിശുവ്യക്തിത്വത്തിൻെറ പകസ്വഭാവത്താൽ ആരംഭത്തിലേതന്നെ സ്ഥാപിക്കപ്പെടുന്നവയാണെന്നുമാണ്. പ്രായമായ ഒരു കളിക്കാരനിൽ അയാളുടെ ശിശുഭാവാവസ്ഥ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചാൽ ശിശുവ്യക്തിത്വത്തിലെ പകസ്വഭാവത്തിൻെറ മനഃശാസ്ത്രപരമായ കാര്യക്ഷമത വളരെ അത്ഭുതാവഹമാണെന്നും മനുഷ്യരെ കൈകാര്യം ചെയ്യാനുള്ള അതിൻെറ വൈദഗ്ദ്ധ്യം അസൂയാവഹമാണെന്നും കാണാം. ഇക്കാരണത്താലാണ് സാധാരണക്കാർ ഈ ശൈശവവ്യക്തിത്വത്തിൻെറ പകസ്വഭാവത്തെ സൂത്രശാലി (little professor) എന്നു വിളിക്കുന്നത്. കളികളെ വിശകലനം ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മനഃശാസ്ത്രചികിത്സാവിധികളിലെ ഏററം ശ്രമകരമായ സമീപനരീതിയാണ' രോഗിയിലെ ''സൂത്രശാലി''യെ കണ്ടുപിടിച്ച് രണ്ടുവയസ്സിനും എട്ടുവയസ്സിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഈ സൂത്രശാലി കളികഠംക്ക് രൂപം നല്കിയതിലുള്ള ധീരതകഠം മനസ്സിലാക്കുകയെന്നത്. ഇങ്ങനെ വിശകലനം

ചെയ്യപ്പെടുന്ന കളി ദുഃഖപര്യവസായി (tragedy) അല്ലെങ്കിൽ ഈ അന്വേഷണഫലം മനസ്സിലാക്കുന്നവർക്ക് അത്ഭുതവും രസവും സന്തോഷവും തന്നെയും അനുഭവപ്പെടുക സാധാരണമാണ്. അന്വേഷകർക്കുണ്ടാകുന്ന ഈ അനുഭവത്തിൽ രോഗിതന്നെയും പങ്കുചേരുകയും ന്യായമായ രീതിയിൽ സ്വവ്യക്തിത്വകഴിവുകളെ വിലമതിക്കുകയുംചെയ്യും. ഇങ്ങനെ രോഗിക്ക് പങ്കുചേരാൻ കഴിഞ്ഞാൽ, തൻെറ നിർഭാഗ്യകരമായ സ്വഭാവരീതി പരിത്യജിച്ച് കൂടുതൽ സൗഭാഗ്യകരമായ പാതയിലൂടെ അയാൾ നീങ്ങാൻ തുടങ്ങി എന്നു മനസ്സിലാക്കാം. ഒരു മാനസിക കളി വിവരിക്കുമ്പോൾ അതിൻെറ ശൈശവകാലഘട്ടത്തിലേക്ക് കടന്ന് അതിൻെറ ആരംഭവും അതിന് വളം നല്കി വളർത്തിയ സാഹചര്യങ്ങളും മനസ്സിലാക്കണമെന്നു പറയുന്നത് ഇക്കാരണങ്ങളാലാണ്.

## നേതാക്കൻമാരിലെ മാനസിക കളി

നമ്മുടെ നാട്ടിൽ ധാരാളം രാഷ്ട്രീയപാർട്ടികളും തൊഴിലാളി യൂണിയനുകളുമുണ്ട്. അവയ്ക്കെല്ലാം നേതാക്കന്മാരുമുണ്ട്. ഈ നേതാക്കന്മാർ അണികളേക്കാൾ വിദ്യാഭ്യാസത്തിലോ മറേറതെങ്കിലും കഴിവിലോ മികച്ചവരായിരിക്കും. ചൂഷിതരും മർദ്ദിതരുമായ സാധാരണക്കാരെ (തൊഴിലാളികളെ) രക്ഷിക്കുവാനായി മാത്രമാണ് താൻ ബുദ്ധിമുട്ടുന്നത് എന്ന മനോഭാവമാണ് ഓരോ നേതാവിനുമുള്ളത്. മർദ്ദിതരും ചൂഷിതരുമായവരെ മോചിപ്പിക്കുക എന്ന മുദ്രാവാക്യവുമായി നടക്കുന്ന ഇത്തരം നേതാക്കന്മാരുടെ മാനസിക കളികൾ കാണാൻ വളരെ രസമാണ്. സ്വന്തം നിലപാടിനെ സാധൂകരിക്കുന്നതിനാണവർ ഈ കളി കളിക്കുന്നത്. ''ഞാൻ നല്ലവനാണ്, എൻെറ പ്രവൃത്തി ശരിയാണ്'' എന്ന നിലപാടിനെ ഉറപ്പിക്കാനാണവർ പരിശ്രമിക്കുക. ''എൻെറ വിദ്യാഭ്യാസവും കഴിവും വഴി ഞാനു നല്ലവനാണ്, എൻെറ പ്രവൃത്തി ശരിയാണ്'', ഇതാണവരുടെ നിലപാട്. വിദ്യാഭ്യാസവും കഴിവുമില്ലാത്ത നിങ്ങൾ (അണികൾ) ശരിയല്ല എന്ന മനോഭാവ

മാണവക്ക് അണികളെപ്പററിയുള്ളതു്. അത്തരം അണികളുടെ സംരക്ഷകരായി, മോചകരായി അവർ സ്വയം പ്രഖ്യാപിക്കുന്നു. പക്ഷേ ഇവർ ഒരിക്കലും അണികളിൽ നിന്നാരെങ്കിലും നേതാവാകത്തക്കവണ്ണം വളരാൻ അനുവദിക്കില്ല. ഇവിടെയാണവരുടെ കളിയുടെ കാതൽ കിടക്കുന്നതു്. 'അണികളെ എപ്പോഴും മർദ്ദിതരും ചൂഷിതരും ആശ്രിതരുമാക്കി നിലനിർത്തുക', അതാണവരുടെ അടവ്. എങ്കിൽമാത്രമെ അവക്കെന്നും നേതാക്കന്മാരായിരിക്കാനും അവരെ ചൂഷണം ചെയ്യാനും മുതലെടുക്കാനും സാധിക്കൂ. ''കീഴുള്ളവരെ നേതാവാക്കിത്തീക്കുക'', അതാണ് യഥാർത്ഥ നേതാവിന്റെ ജോലി. അവരെ സ്വന്തം കാലിൽ നില്ക്കാനും മററുള്ളവരെ സഹായിക്കാനും പ്രാപ്തരാക്കുക — അതാണ് യഥാർത്ഥ നേതാവിന്റെ സ്വഭാവം. പക്ഷെ, ഇത്തരം ഒരൊററ നേതാവിനെപ്പോലും ഇന്നു നമ്മുടെ രാഷ്ട്രീയപാർട്ടികളിലോ തൊഴിലാളി യൂണിയനുകളിലോ നമുക്കു കാണാൻ കഴിയില്ല.

ചില മനുഷ്യർ സഹായാഭ്യർത്ഥനയുമായി വരും. ഏതെല്ലാം മാർഗ്ഗങ്ങൾ അവക്കു നിർദേശിച്ചുകൊടുത്താലും അതൊന്നും അവർ സ്വീകരിക്കില്ല. എല്ലാററിനേയും പററിയുള്ള അവരുടെ നിലപാട് 'കൊള്ളാം......പക്ഷെ' (നല്ലതാണ്......പക്ഷേ) എന്നതാണ്. ഇങ്ങനെ സഹായം അഭ്യർത്ഥിച്ചുവരുന്നവർ, സഹായിക്കാൻ തയ്യാറുള്ളവരെ കുരങ്ങു കളിപ്പിക്കുകയാണ്. തത്ഫലമായി, സഹായാഭ്യർത്ഥനയുമായി വരുന്ന ഇക്കൂട്ടരെപ്പററി, സഹായിക്കാൻ തയ്യാറുള്ളവർ 'നിങ്ങൾ ശരിയല്ല' എന്ന നിലപാടു സ്വീകരിക്കുവാനും അതിൽ അടിയുറച്ചു നില്ക്കുവാനും നിർബന്ധിതരാകുന്നു.

വിശ്രമം കൂടാതെ പ്രാത്ഥിക്കുവാനും പണിയെടുക്കുവാനും ധാരാളം സമയം ചിലവഴിക്കുന്ന ചിലർ തങ്ങളുടെ തീക്ഷ്ണത മററുള്ളവരിൽ കുററബോധവും അതേസമയം തങ്ങളെപ്പററി മതിപ്പും ഉളവാക്കും എന്നു് തെററിദ്ധരിക്കാറുണ്ട്. സ്വന്തം പുണ്യവും അദ്ധ്വാനവും വഴി മററുള്ളവരെ

ലജ്ജിപ്പിക്കുക അഥവാ 'നന്നാക്കുക' എന്നതാണവരുടെ ലക്ഷ്യം. ഇതൊരുതരം കളിയാണ്. ഈ ലക്ഷ്യം സാധിക്കാതെ മടങ്ങേണ്ടിവരുമ്പോൾ അവർ നിരാശരാകുന്നു. അപ്പോൾ അവർ സ്വഗതമായി പറയും: "നോക്കൂ, എത്രയധികം ഞാൻ പരിശ്രമിച്ചു". മറ്റുള്ളവർ തങ്ങളെ പരിഹസിക്കുമ്പോൾ രക്തസാക്ഷിയാകുക എന്ന മറ്റൊരുദ്ദേശം കൂടി ഇക്കൂട്ടർക്കുണ്ട്.

ആത്മാർത്ഥതയോടെയും നിസ്വാർത്ഥമായും പ്രാർത്ഥിക്കുന്നതും പണിയെടുക്കുന്നതും ദാനം ചെയ്യുന്നതും സഹായിക്കുന്നതും നല്ല പ്രവൃത്തികളാണ്. എന്നാൽ മേല്പറഞ്ഞ പ്രവൃത്തിവഴി തങ്ങൾ നല്ലവരാണ് എന്ന സ്വയാവബോധവും മറ്റുള്ളവർ (മേല്പറഞ്ഞ പ്രവൃത്തികൾ ചെയ്യാത്തവർ) മോശക്കാരാണ് എന്ന നിഗമനവും ആണ് മനുഷ്യനെ തെററിക്കുന്നത്. കാരണം, ഇത്തരക്കാരുടെ പ്രവൃത്തികൾ നിസ്വാർത്ഥമല്ല. സ്വാർത്ഥപരമായ ലക്ഷ്യമാണവരുടെ പിന്നിലുള്ളത്. ഇതിന് ഒന്നാംതരം ഉദാഹരണമാണ് ബൈബിളിലെ ചുങ്കക്കാരന്റെയും പ്രീശന്റെയും പ്രാർത്ഥന. പ്രീശൻ, മേല്പറഞ്ഞ തരത്തിലുള്ള നല്ല പ്രവൃത്തികൾ ചെയ്തു എന്നതു് സത്യമാണ്. എങ്കിലും ആ പ്രവൃത്തികളിലൂടെ അയാൾ സ്വയം നീതീകരിക്കുകയും ചുങ്കക്കാരനെ മോശക്കാരനായി വിധിക്കുകയുമാണ് ചെയ്തതു്. അവിടെയാണ് അയാളുടെ സ്വാർത്ഥതയും സ്നേഹരാഹിത്യവും. തന്റെ നല്ല പ്രവൃത്തികളിൽനിന്നു് അയാൾ അഹങ്കാരത്തിന്റെയും വ്യർത്ഥാഭിമാനത്തിന്റെയും 'സ്റ്റാമ്പുകൾ' ശേഖരിക്കയായിരുന്നു. എന്നാൽ ചുങ്കക്കാരനാകട്ടെ ഒരു നല്ല പ്രവൃത്തിപോലും നിരത്തിവയ്ക്കാനില്ലാത്ത തന്റെ യഥാർത്ഥരൂപം അംഗീകരിക്കുകയും സഹായം അഭ്യർത്ഥിക്കുകയുമാണ് ചെയ്തതു്. അയാൾ ആരെയും വിധിക്കുന്നില്ല. ആരെയും കൊച്ചാക്കുന്നില്ല. അതേസമയം സ്വന്തം ശൂന്യത അംഗീകരിക്കുകയും സഹായത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അയാളുടെ പ്രവൃത്തിയിൽ ആത്മാർത്ഥതയുണ്ട്. സ്വാർത്ഥപരമായി ചിന്തിക്കാൻ തനിക്കു തന്റേതായി തിന്മയല്ലാതെ നന്മയില്ലെന്ന സത്യം അയാൾ അംഗീകരിക്കുന്നു.

## കളികൾ കുടുംബജീവിതത്തിൽ

നമ്മുടെ നാട്ടിൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ സർവ്വസാധാരണമായിക്കാണുന്ന മാനസിക കളികൾ ഏതാണ്ടിങ്ങനെയായിരിക്കും.

ഭാര്യ : (മുഖം വീർപ്പിച്ച് മിണ്ടാതിരിക്കുകയോ പതിവില്ലാത്തവിധം തുടർച്ചയായും ക്രൂരതലായും പണിയെടുക്കുകയോ ചെയ്യുന്നു.)

ഭർത്താവ് : (ഭാര്യയുടെ ഭാവപ്പകർച്ച കണ്ടിട്ട്) നിനക്കെന്തുപററി? എന്താണ് കാര്യം ?

ഭാര്യ : (ഒന്നും മിണ്ടാതെ ഒഴിഞ്ഞുമാറുന്നു)

ഭർത്താവ് : (അടുത്ത മദ്യഷാപ്പിലേക്കാണ് അന്നത്തെ യാത്ര )

ഭാര്യ : (മദ്യപിച്ചുവരുന്ന ഭർത്താവിനെ കാണുമ്പോൾ പൊട്ടിത്തെറിക്കുന്നു) : ഞാൻ വേദനിച്ചു ചാകാറായിട്ടും നിങ്ങൾ കുടിച്ചു സുഖിക്കയാണല്ലോ; കണ്ണിൽ ചോരയില്ലാത്ത മനുഷ്യൻ. (ആരോപണങ്ങളും പ്രത്യാരോപണങ്ങളും അടങ്ങിയ വലിയൊരു വഴക്ക് ആരംഭിക്കുകയായി. കരഞ്ഞുകൊണ്ടു് ഭാര്യ കിടക്കമുറിയിലേക്കു പോയി വാതിൽ വലിച്ചടയ്ക്കുമ്പോൾ വഴക്കു് പൂർണ്ണതയിലെത്തുന്നു. മദ്യം വീട്ടിലുണ്ടെങ്കിൽ ഭർത്താവ് കുറേക്കൂടി അകത്താക്കുന്നു. ആ രാത്രി അവർ മിണ്ടാതെ കഴിച്ചുകൂട്ടുന്നു.)

ഇവിടെ ഭാര്യയാണ് കളി ആരംഭിച്ചതു്. ഇനി ഭർത്താവു് കളി ആരംഭിക്കുമ്പോൾ:

ഭർത്താവു് : (ഭക്ഷണം കഴിക്കാതെ കിടപ്പുമുറിയിലേക്കു പോയി വാതിലടയ്ക്കുന്നു.)

ഭാര്യ : (വാതില്ക്കൽ വന്നു്) എന്തുപററി ? എന്താണു് അത്താഴം കഴിക്കാതെ കിടക്കുന്നതു് ?

ഭർത്താവു് : നാശം ! വെറുതെ കിടക്കാനും സമ്മതിക്കില്ലല്ലോ.

ഭാര്യ : എന്നാലങ്ങു കിടന്നോ. ഞാൻ പോകുവാ. (അവരം പോയി കുട്ടികരംക്കപോലും ഭക്ഷണം കൊടുക്കാതെ കിടക്കുന്നു. കൊച്ചുകുട്ടികരം ഭയപ്പെട്ടു കരയുന്നു.)

ഭർത്താവു് : (കുറച്ചുസമയം കാത്തിരുന്നിട്ടു്, കുട്ടികരംക്കു ഭക്ഷണം കൊടുക്കാത്തതിൽ അരിശം കൊണ്ടു് കലി തുള്ളി ഭാര്യയുടെ നേരെ ആക്രോശിക്കുന്നു.)

ഭാര്യ : (വാതിൽ തുറക്കില്ല).

ഭർത്താവു് : (കുട്ടികരംക്കു ഭക്ഷണം കൊടുത്തു് കിടത്തിയിട്ടു് സ്വന്തം മുറിയിൽ പോയി വാതിലടച്ചു കിടക്കുമ്പോരം കളി പൂർണ്ണമാകുന്നു.)

കളികരംക്കു രൂപം കൊടുക്കുന്നതു് വ്യക്തികളാണു്. സാഹചര്യങ്ങളനുസരിച്ചു് മൂന്നു വ്യക്തിഭാവങ്ങളിൽനിന്നു് കളികരംക്കു് ആരംഭം കുറിയ്ക്കാം. ഒരാരം മാതാപിതാക്കളുടെ കളികരം അനുകരിക്കുമ്പോരം പിതൃഭാവതലത്തിൽ നിന്നാണു് കളികരം നടത്തുക. മനഃപൂർവം നടത്തുന്ന കളികരം പക്വഭാവതലത്തിൽനിന്നാണു് ആരംഭിക്കുക. ശൈശവകാലത്തു് തന്നെപ്പററിയും മററുള്ളവരെപ്പററിയും എടുത്തിട്ടുള്ള നില്പാടുകരം, തീരുമാനങ്ങരം, ശൈശവകാലത്തെ അനുഭവങ്ങരം എന്നിവയിന്മേൽ അടിസ്ഥാനപ്പെടുത്തിയാണു് കളികരം നടത്തുന്നതെങ്കിൽ, അവ ശിശുഭാവതലത്തിൽ നിന്നാണാരംഭിക്കുക.

# 5. സ്ഥലകാലജീവിയായ മനുഷ്യൻ

ബഹിരാകാശ മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്ഥലകാല ജീവിയെന്നത് അപവാദമാണെങ്കിലും സാധാരണ മനുഷ്യൻ സ്ഥലകാലങ്ങളിലാണ് ജനിച്ചു വളർന്നു മരിക്കുന്നത്. സ്ഥലകാലങ്ങളുമായി അവനു് അഭേദ്യമായ ബന്ധവുമുണ്ട്. സ്ഥലവും കാലവും ഊടും പാവുമായി മനോഹരമായി കൂട്ടിയിണക്കുമ്പോഴാണ് മനുഷ്യജീവിതം സന്തോഷകരമാവുക. പക്ഷേ, ഈ കൂട്ടിയിണക്കൽ പലരെ സംബന്ധിച്ചും വലിയ പ്രശ്നമാണ്. ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏററം വിലപ്പെട്ടതാണ് സമയം. സമയത്തിൻെറ കുത്തൊഴുക്കിൽ പിടിച്ചുനില്ക്കുവാനും മുതലെടുക്കുവാനും അവൻ വെമ്പൽകൊള്ളുകയാണ്. കാരണം മനുഷ്യനു് ഈ ലോകത്തു് ഒരു ജീവിതമേയുള്ളു. നേടിയാലും നഷ്ടപ്പെട്ടാലും ജയിച്ചാലും തോററാലും ഈ ലോകത്തു് വീണ്ടുമൊന്നുകൂടി ജീവിക്കുവാനുള്ള അവസരം അവനു കിട്ടുകയില്ല. അവൻെറ മരണാനന്തര ജീവിതം നിലകൊള്ളുന്നതും ഈ ഒരേയൊരു ജീവിതത്തിന്മേലാണ്. ഇതിൽ നിന്നൊക്കെ മനുഷ്യൻെറ ഈ ലോക ജീവിതത്തിൻെറ പ്രാധാന്യം വ്യക്തമാണല്ലോ.

സ്ഥലത്തെക്കാളധികമായി മനുഷ്യനു പ്രശ്നമായിരിക്കുന്നത് കാലമാണ് (സമയം). കാരണം സമയത്തെ പിടിച്ചു നിർത്തുവാൻ അവനു സാധിക്കയില്ലാത്തതുതന്നെ, ഓരോരുത്തരും തങ്ങളുടെ സമയം ചിലവഴിക്കുന്നത് വിവിധ രീതികളിലാണ്. വിരസത നീക്കുവാനും അല്പമെങ്കിലും സംതൃപ്തി നേടുവാനുമായി മനുഷ്യർ അവരുടെ സമയം ക്രമീകരിക്കുന്നു. ക്ലാസ്സിലിരിക്കുന്ന കുട്ടികൾ എല്ലാവരും ഒരു പോലെയല്ല അദ്ധ്യാപകനെ ശ്രദ്ധിക്കുന്നതു്. ഓരോരുത്തരും തങ്ങൾക്കിമ്പമായ രീതിയിലാണ് ക്ലാസ്സ് സമയം ചിലവഴിക്കുക. ഇതുപോലെതന്നെ പ്രസംഗം കേട്ടിരിക്കുന്നവരും ഒരേ ജോലി ചെയ്യുന്നവരും ഒരേ വാഹനത്തിൽ യാത്ര ചെയ്യുന്നവരും ഒരേ സ്ഥലത്തേയ്ക്കു

പോകുന്നവരും തങ്ങളുടെ സമയം ക്രമീകരിക്കുന്നത്ു് തങ്ങൾക്കേററം ഇഷ്ടമായ രീതിയിലാണ്ു്.

## സമയ്രകമീകരണം

സമയക്രമീകരണത്തിൻെറ പ്രാവത്തിക വശത്തെ പരിപാടി തയ്യാറാക്കൽ എന്നു പറയാം. ഇതിനു മൂന്നു വശങ്ങളുണ്ടു്: പദാത്ഥപരം, സാമൂഹ്യം, വ്യക്തിപരം, സമയക്രമീകരണത്തിൻെറ ഉപയോഗപ്രദവും, സൗകര്യപ്രദവും, എളുപ്പകരവും, സർവസാധാരണവുമായ രീതി ബാഹ്യവസ്തുവിൻെറ പദാത്ഥത്തെ കൈകാര്യം ചെയ്യുവാനായി ആവിഷ്ക്കരിക്കുന്ന പദ്ധതി പ്രവത്തനമാണു്. ഈ പദ്ധതി പ്രവത്തനത്തെ സാധാരണയായി ജോലി എന്നു നാം വിളിക്കുന്നു. ഇത്തരം പദ്ധതി, സാങ്കേതികമായി പ്രവത്തനമെന്നു അറിയപ്പെടുന്നു.

ബാഹ്യവസ്തുവുമായുള്ള പ്രവത്തനത്തിൽ നിന്നാണ്ു് പദാത്ഥപരമായ പരിപാടി ഉരുത്തിരിയുക. അംഗീകാരം, പ്രചോദനം, സാമൂഹ്യജീവിതത്തിൻെറ കൂടുതൽ സങ്കീണ്ണങ്ങളായ രൂപങ്ങൾ എന്നിവയ്ക്കു് പശ്ചാത്തലം ആയിത്തീരുന്നിടത്തോളമേ പ്രവത്തനങ്ങൾക്കു് പ്രാധാന്യമുള്ളു. പദാത്ഥപരമായ പരിപാടി പ്രധാനമായും ഒരു സാമൂഹ്യപ്രശ്നമല്ല. വസ്തുതാ വ്യവഹാരത്തിന്മേൽ ആണ്ു് യഥാത്ഥത്തിൽ അതു നിലകൊള്ളുന്നത്ു്.

പരമ്പരാഗതമായ ചടങ്ങുകൾ ഉൾക്കൊള്ളുന്ന ഇടപാടുകളിൽ നിന്നാണ്ു് സാമൂഹ്യസമയക്രമീകരണം ഉരുത്തിരിയുക. നല്ല ശീലങ്ങൾ എന്നു് പരക്കെ അറിയപ്പെടുന്ന പരമ്പരാഗത ചടങ്ങുകളുടെ സ്ഥലത്തെ സ്വീകാര്യതയാണ്ു് ഇതിൻെറ മാനദണ്ഡം. ലോകത്തിലെ എല്ലാ മാതാപിതാക്കളും തങ്ങളുടെ കുഞ്ഞുങ്ങളെ നല്ല ശീലങ്ങൾ പഠിപ്പിക്കുന്നതിനാൽ ശരിയായ അഭിവാദനങ്ങളും ഭക്ഷണരീതികളും വിസജ്ജനരീതികളും അനുശോചന ചടങ്ങുകളും പെരുമാററ മര്യാദകളും ഓരോ വിഷയങ്ങളെക്കുറിച്ചു് എങ്ങനെയാണ്ു് ശരിയായ വിമശ്നരീതികളോടെ സംസാരിക്കുക എന്നതും കുട്ടികൾ മനസ്സിലാക്കുന്നു. ഈ വിമശ്ന

ങ്ങളും പരിപോഷിപ്പിക്കലുമാണ് സാർവത്രികമോ പ്രാദേശികമോ ആയ അന്തനയത്തിനും നയതന്ത്രത്തിനും രൂപം നൽകുക.

'ഹല്ലോ', 'എങ്ങനെയുണ്ട്', 'നന്നായിരിക്കുന്നു', 'കണ്ടതിൽ സന്തോഷമുണ്ട്' എന്നിങ്ങനെയുള്ള ചില സ്ഥിരം പല്ലവികളെയാണ് ചടങ്ങുകൾ അഥവാ ആചാരങ്ങൾ എന്നു വിളിക്കുക. ഈ വാക്കുകളിലൊന്നും വ്യക്തികൾ തമ്മിൽ കാര്യമായ അടുപ്പമോ ഐക്യമോ ഉണ്ടാകില്ല. ചടങ്ങിനു മാത്രമുള്ള ചില പദപ്രയോഗങ്ങളാണവ. അവ ഉപയോഗിക്കുകയെന്നതു് ''സംസ്കാരത്തിൻെറ'' ഒരു ഭാഗമായാണു കരുതുക. അനുദിനജീവിതത്തിൽ ഒരു പരിധിവരെ ആചാരങ്ങളും ചടങ്ങുകളും ആവശ്യമാണെങ്കിലും മനുഷ്യരിൽ അവ പലപ്പോഴും സംതൃപ്തമല്ലാത്ത അനുഭവങ്ങളാണുളവാക്കുക. വളരെ ബുദ്ധിമുട്ടി ഒരുങ്ങി ക്ലാസ്സ് എടുത്ത ഒരദ്ധ്യാപകനോട് ക്ലാസ്സിൻെറ അവസാനത്തിൽ 'നല്ല ക്ലാസ്സായിരുന്നു' എന്നു് ചടങ്ങു പദപ്രയോഗം മാത്രം നടത്തിയാൽ അയാൾക്കതുവഴി കാര്യമായ സംതൃപ്തി ഉണ്ടാകില്ല. ചടങ്ങുകളിലൂടെയെന്നതിലധികമായി ഒരു ക്രിയാത്മക പ്രതികരണമാണ് അയാൾക്കാവശ്യം. അവിടെ വ്യക്തി, വ്യക്തിയോടു ബന്ധപ്പെടുന്നു. അവിടെ വ്യക്തിപരമായ ഒരു ബന്ധം ഉടലെടുക്കുന്നു. അങ്ങിനെയാണ് വ്യക്തിപരമായ സമയക്രമീകരണം രൂപം കൊള്ളുന്നതു്.

## പ്രചോദനദാഹിയായ മനുഷ്യൻ

മററുള്ളവരിൽനിന്നു് പ്രചോദനം അഥവാ തലോടൽ കിട്ടുന്നതിനുവേണ്ടിയാണ് എല്ലാ മനുഷ്യരും തങ്ങളുടെ സമയത്തിനു് രൂപഭാവങ്ങൾ നൽകുന്നതു് എന്നു് എറിക് ബേൺ പറയുന്നു [6] പ്രചോദനം എന്നു പറയുന്നതു്. ഒരു ശാരീരിക സ്പർശനമോ അടയാള രൂപത്തിലുള്ള അംഗീകാരമോ ആണ്. ഒരു ശിശുവിനു് വേണ്ടിടത്തോളം തലോടൽ കിട്ടുന്നില്ലെങ്കിൽ അവൻെറ ശാരീരികവും ബൗദ്ധി

6. Games people play. Grove Press INC. N. Y. 1983 P. 15.

കവും വൈകാരികവുമായ വളർച്ചയ്ക്ക് കോട്ടം സംഭവിക്കും. വളരെ നാരം സ്പർശനസഹവാസം കിട്ടാതെ വളരുന്ന ശിശുക്കരം ഒരിക്കലും വീണ്ടെടുക്കാനാവാത്ത ആരോഗ്യ ക്ഷയത്തിലേയ്ക്ക് ക്രമേണ വഴുതി വീഴുകയും പല രോഗങ്ങരംക്കും അധീനനായിത്തീരുകയും ചെയ്യുമെന്നു് സ്പിററ്സ് (Spitz) പറയുന്നു.[7] അതായത്, വൈകാരികാനുഭവത്തിലൂടെ കിട്ടേണ്ട വളർച്ചയുടെ കുറവ് വ്യക്തിക്കു ഗുരുതരമായ പ്രശ്നങ്ങളുളവാക്കുമെന്നു സാരം. മനുഷ്യൻെറ പ്രചോദന ദാഹത്തെയാണിതു കാംന്നിക്കുന്നത്. മനുഷ്യനു് ഏററം താല്പര്യമുള്ളതു് ശാരീരിക സൗഹൃദത്തിൽനിന്നു ലഭിക്കുന്ന പ്രചോദനമാണെന്നതു് നമ്മുടെ നിത്യാനുഭവമാണല്ലോ. ശാരീരിക സഹവാസമില്ലാത്ത മുതിന്നവരിലും മേല്പറഞ്ഞതുപോലുള്ള ആരോഗ്യക്ഷയവും കൂടുതലായ രോഗസാദ്ധ്യതയും കാണാവുന്നതാണ്. അവക്കു താല്ക്കാലിക ബുദ്ധിഭ്രമമോ മാനസികാസ്വാസ്ഥ്യമോ ഉണ്ടാകാനെളുപ്പമുണ്ട്. പണ്ടു്, ദീർഘമായ ഏകാന്ത തടവിനു് വിധിക്കപ്പെട്ടു കഴിഞ്ഞിരുന്ന മനുഷ്യരിലും സാമൂഹ്യ, ശാരീരിക സഹവാസമില്ലായ്മ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങരം കണ്ടിരുന്നു.

പ്രചോദനം ക്രിയാത്മകമെന്നും നിഷേധാത്മകമെന്നും രണ്ടുതരമുണ്ട്. ആലിംഗനം ചെയ്യുന്നതു് ഒരു ക്രിയാത്മക തലോടലാണ്; അടിക്കുന്നതു് നിഷേധാത്മക തലോടലും. ക്രിയാത്മക തലോടലുകരം ഒരാരംക്കു കിട്ടുന്നില്ലെങ്കിൽ നിഷേധാത്മക തലോടലുകരം എങ്കിലും കിട്ടാനായി അയാരം എന്തെങ്കിലും ചെയ്യും. തലോടലുകരംക്കു് മനുഷ്യജീവിതത്തിൽ അത്ര വലിയ സ്ഥാനമാണുള്ളതു്. മാനസിക കളികരം നൽകുന്നതു് നിഷേധാത്മക തലോടലുകളാണ്. അതിനാലാണ് മനുഷ്യർ മാനസിക കളിയിലൂടെ നശിക്കുന്നതു്. കുട്ടികരം വളരുന്തോറും അവക്കു കിട്ടിക്കൊണ്ടിരുന്ന ശാരീരിക തലോടലുകരം ഭാഗികമായെ

---

7. Spitz R. 'Hospitalism'. "Genesis of psychiatric conditions in Early Child hood.". Psycho-analytic study of the child 1. P. 53-74., 1945.

ങ്കിലും അംഗീകാരത്തിന്റെ മററു രൂപങ്ങൾക്കായി വഴി മാറിക്കൊടുക്കുന്നു. ശൈശവകാലത്തെ ആലിംഗനത്തിനു പകരം ഒരു പുഞ്ചിരിയോ, അഭിവാദനമോ, കൈകുലുക്കലോ മതിയാകും പ്രായമാകുമ്പോൾ. അതുപോലെ, ശൈശവത്തിലെ അടികൾക്കുപകരം നെററി ചുളിക്കലോ, പരിഹാസമോ, കുത്തുവാക്കോ, വഴക്കുപറച്ചിലോ മതിയാകും.

'ഹല്ലോ' എന്ന ചടങ്ങ് അഭിവാദ്യവും കൈകുലുക്കലുമൊക്കെ ഏററം പരിമിതമായ അംഗീകാരമെ നല്കുന്നുള്ളു. നിങ്ങളുടെ സാന്നിദ്ധ്യം ഞാൻ മനസ്സിലാക്കുന്നു എന്നാണതിന്റെ അർത്ഥം. സമയം പോക്കുന്നതിനുവേണ്ടിയുള്ള സംസാരങ്ങളിലും വിനോദങ്ങളിലും കൂടുതൽ ആശയവിനിമയം നടക്കുന്നതിനാൽ അതു് കൂടുതൽ അംഗീകാരം നല്കുന്നു. ആചാരങ്ങളും സമയം പോക്കലും പലരുംകൂടിയുള്ള പ്രവർത്തനങ്ങളും വഴി സാധാരണയായി നൽകുന്നതു് ചെറിയ തോതിലുള്ള തലോടലുകളാണു്. അവ ലഭിക്കുന്നവന്റെ സുസ്ഥിതി വളർത്തുവാൻ ചെറിയ തോതിലെങ്കിലും അവ സഹായിക്കുന്നു.

## ഗാഢസൗഹൃദം

മാനസിക കളികൾക്കു് നേരെ വിപരീതമായതാണു് ഗാഢസൗഹൃദം. വിശ്വസിക്കാനുള്ള ഭയം മൂലം പലരും ലജ്ജിച്ച് ഗാഢസൗഹൃദത്തിൽനിന്നു് അകന്നു നിൽക്കുമെങ്കിലും മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിൽനിന്നു് ഗാഢസൗഹൃദം കിട്ടാൻ എല്ലാവർക്കും ആഗ്രഹമുണ്ടു്. സ്നേഹദാനത്തിൽനിന്നാണു് ഗാഢസൗഹൃദം ഉണ്ടാവുക. ഗാഢസൗഹൃദത്തിലൂടെ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന തലോടലുകൾ പരിശുദ്ധമായ സ്നേഹത്തിന്റെ തലോടലുകളാണു്. അവ സൗഖ്യം ഉളവാക്കി ജീവിതത്തിനു് അർത്ഥം നല്കുന്നു. ജീവിതത്തിൽ ഏററം വിലപ്പെട്ട ഗാഢസൗഹൃദം സ്നേഹത്തെ വളർത്തുന്നു. പെട്ടെന്നു് ഉണ്ടാക്കാവുന്ന ഒന്നല്ല ഗാഢസൗഹൃദം. ധാരാളം സമയം പരീക്ഷണ നിരീക്ഷണങ്ങളും ബോധ്യങ്ങളും ധാരണകളും അതിനാവശ്യമാണു്. ഗാഢസൗഹൃദം ഒരാൾക്കു് പ്രതീക്ഷിക്കാമെങ്കിലും അടിച്ചേല്പിക്കാനാവില്ല. മുകളിൽ പറഞ്ഞ സമയക്രമീകരണ ഉപാ

ധികരം ഒന്നും കൂടാതെയുള്ള ആത്മാർത്ഥമായ ആത്മസംഭാഷണമാണ് ഗാഢസൗഹൃദം എന്നു പറയുന്നതു്. വ്യക്തികളിൽ സ്നേഹം ക്രിയാത്മകമാകുമ്പോരം ജീവിതത്തിലെ ഓരോ നിമിഷവും അർത്ഥ സമ്പുഷ്ടമാകും. അതാണു് ഗാഢസൗഹൃദം.

## സംഭവബന്ധിയായ മനുഷ്യൻ

പുരാതന കാലങ്ങളിൽ സമയത്തിനു് ഇന്നത്തെപ്പോലെ പ്രാധാന്യമില്ലായിരുന്നു. മണിക്കൂറുകളും ദിവസങ്ങളും മാസങ്ങളും വഷങ്ങരം തന്നെയും പുരാതന മനുഷ്യനു് അത്ര പ്രധാനപ്പെട്ടതായിരുന്നില്ല. സംഭവങ്ങരംക്കാണ അവർ പ്രാധാന്യം കൊടുത്തിരുന്നതു്. കാരണം, സംഭവങ്ങളാണ് അവരുടെ ജീവിതത്തിൽ വഴിത്തിരിവുകരം ഉണ്ടാക്കിയതു്; അല്ലാതെ, സമയമോ കാലമോ അല്ല. അതിനാൽ ജനനമരണങ്ങരം, രാജാക്കന്മാരുടെ ഭരണം, യുദ്ധം, യുദ്ധവിജയവും പരാജയവും, ദാരിദ്ര്യം, സമൃദ്ധി എന്നിവയുടെ അർത്ഥത്തിനു് ആണു് അവർ വലിയ പ്രാധാന്യം നൽകിയിരുന്നതു്. പുരാതന യഹൂദന്മാർ വിളവെടുപ്പു കാലത്തെപററി പറയുമ്പോരം വിളവെടുപ്പു നടക്കുന്ന കാലത്തിനു് എന്നതിനേക്കാരം വിളവെടുപ്പിനായിരുന്നു അവർ പ്രാധാന്യം നൽകിയിരുന്നതു്. കാരണം, അവരെ സംബന്ധിച്ചിടത്തോളം വിളവെടുപ്പാണ് ആ കാലഘട്ടത്തെ അർത്ഥസമ്പുഷ്ടമാക്കിയതു്; അല്ലാതെ സമയമല്ല, വിളവെടുപ്പിനെ അർത്ഥപൂർണ്ണമാക്കിയതു്. അവരുടെ പ്രവാസം, പുറപ്പാടു് എന്നിവയെപ്പററി അവർ സംസാരിച്ചിരുന്നപ്പോരം എല്ലാം ആ സംഭവങ്ങളാണ് കാലത്തിൻെറ ചുവരെഴുത്തുകളായി അവക്കു് കാണപ്പെടുന്നതു് എന്നു വ്യക്തമാക്കുകയായിരുന്നു.

## സമയബന്ധിയായ മനുഷ്യൻ

ആധുനിക മനുഷ്യൻ വാച്ചിലെ സമയത്തിനാണ് പ്രാധാന്യം നൽകുന്നതു്. ഇതു് ക്രമാനുഗതമായ നിമിഷങ്ങളുടെ എണ്ണത്തെക്കുറിക്കുന്ന സമയമാണ്. കടന്നുപോകുന്ന ഓരോ നിമിഷവും ആധുനിക മനുഷ്യനു് വിലപ്പെട്ട

താണ്. കാരണം, അവന് ആ നിമിഷങ്ങൾക്കുള്ളിൽ സ്വന്തമായും ലോകത്തിനുവേണ്ടിയും വിലപ്പെട്ട നേട്ടങ്ങൾ നേടാമെന്നതുതന്നെ. ആധുനിക പുരോഗതിയുടെ രഹസ്യം അതാണ്. ചുരുങ്ങിയ ജീവിതകാലംകൊണ്ട് ഏററവുമധികം നേടുക. പക്ഷെ, തൻെറയും ലോകത്തിൻെറതന്നെയും ജീവിതത്തെ സ്വാധീനിക്കുന്നതു് വാസ്തവത്തിൽ ഈ തരത്തിലുള്ള സമയമല്ല, പ്രത്യുത, സമയത്തും (നിമിഷം) കാലത്തും (കാലഘട്ടം) നടക്കുന്ന സംഭവങ്ങളാണ് എന്ന സത്യം ആധുനിക മനുഷ്യൻ പലപ്പോഴും മറന്നുപോകുന്നു. അതിനാൽ ഭൂതകാലസംഭവങ്ങൾക്ക് അവ അർഹിക്കുന്ന പ്രാധാന്യം അവൻ നല്ലാറില്ല; ഭാവികാലത്തിനു് (സമയം) ആണ് അവൻ ഏററവും പ്രാധാന്യം കൊടുക്കുക. ഭൂതകാലസംഭവങ്ങൾ വിസ്മരിച്ചാൽ ഭാവി ഇരുളടഞ്ഞതും അപകടകരവുമാകാൻ ഏറെ സാധ്യതയുണ്ടെന്നുള്ള വസ്തുതയും അവൻ മറക്കുന്നു. വാച്ചിലെ സമയത്തിന് പ്രാധാന്യം നൽകി ജീവിക്കുന്നവരാണ് സാധാരണ വാച്ചും കലണ്ടറും കൂടെക്കൂടെ നോക്കുന്നതു്. ചിലർക്ക് ഈ നോട്ടം ജീവിതത്തിൻെറ ഭാഗമായിത്തീർന്നിട്ടുണ്ട്. അവർ ഒരു മണിക്കൂറിൽ തന്നെ പല പ്രാവശ്യം വാച്ചിൽ നോക്കുന്നതു കാണാം. അവരുടെ ജീവിതത്തെയും പ്രവൃത്തികളേയും നയിക്കുന്നതു് വാച്ചാണ് എന്നു തോന്നുംഇതു കണ്ടാൽ. തങ്ങൾക്കു ലഭിച്ച സമയത്തു് ചെയ്തുതീർത്ത പ്രവൃത്തികളുടെ ആന്തരികമൂല്യത്തേക്കാളധികമായി അവർക്കു പ്രാധാന്യം കടന്നുപോകുന്ന ഓരോ മിനിററും മണിക്കൂറും എണ്ണി തിട്ടപ്പെടുത്തുന്നതാണ്. അത്തരക്കാരാണ് 'സമയം പാഴായി', 'സമയം നഷ്ടപ്പെട്ടു' 'സമയം തീർന്നു', 'സമയം ഇഴഞ്ഞുനീങ്ങുന്നു' എന്നൊക്കെ പറയുന്നതു്. അവർക്ക് സമയം ബാഹ്യമായി സംഭവബഹുലമല്ലാത്തതിനാൽ (നേട്ടങ്ങൾ നിറഞ്ഞതല്ലാത്തതിനാൽ) അതിനർത്ഥമില്ലാതാകുന്നു. എന്നാൽ ഇപ്രകാരം അർത്ഥമില്ലാത്തതായി കടന്നുപോയ സമയത്തു് അഥവാ കാലത്തു് തങ്ങളുടെ ജീവിതത്തിന് സംഭവിച്ച നേട്ടത്തെയോ കോട്ടത്തെയോ പററി ചിന്തിക്കുവാനോ വിലയിരുത്തുവാനോ ആധുനിക മനുഷ്യൻ മെനക്കെടാറില്ല.

മേല്പറഞ്ഞ രണ്ടു രീതികളിലൂടെ വീക്ഷിക്കുമ്പോൾ ഇതുവരെ നാം പറഞ്ഞുവച്ച സമയക്രമീകരണരീതികൾ കുറേക്കൂടി നമുക്കു വ്യക്തമാകും. ആചാരങ്ങളും സമയം ചിലവഴിക്കലും ചിലപ്പോൾ ക്രമാനുഗതമായ സമയം മാത്രമായിത്തീരും, പ്രത്യേകിച്ച്, അവ വ്യക്തിക്കു ജീവിതത്തിൽ കാര്യമായ സംഭാവന നല്കുന്നില്ലെങ്കിൽ. നേരെ മറിച്ച്, അവയിലൂടെ അല്പമെങ്കിലും നേട്ടം വ്യക്തിയുടെ ആന്തരികജീവിതത്തിലുണ്ടാകുന്നെങ്കിൽ ആ നിമിഷങ്ങൾ അർത്ഥപൂർണ്ണമാണ്. എന്നാൽ മാനസിക കളികൾ സാധാരണ നിഷേധാത്മകാർത്ഥമാണ് പ്രദാനംചെയ്യുക. കാരണം, കളികളുടെ അവസാനം പലർക്കും അസ്വസ്ഥതയാണ് ഉണ്ടാവുക. മാനസിക പിൻവാങ്ങൽ പലപ്പോഴും സംഭവിക്കുന്നതു് ഇത്തരം നിഷേധാത്മകാർത്ഥത്തിൽനിന്നാണ്. ഒരു സാഹചര്യം അഥവാ ചുററുപാട് വേദനിപ്പിക്കുന്നതോ വിരസതയുളവാക്കുന്നതോ ആണെന്നുകണ്ടാൽ അവൻ തൻെറ മനസ്സിൻെറ സുരക്ഷിതത്വത്തിലേക്കു് പിൻവലിയുന്നു. പ്രവർത്തനങ്ങൾ അർത്ഥവത്തും അർത്ഥശൂന്യവുമാകാം. അവ അർത്ഥവത്തായിരുന്നാൽ ഗാഢസൗഹൃദത്തിലേക്ക് അതു് നയിക്കുകയും അതിനായി ചിലവഴിച്ച സമയം അർത്ഥപൂർണ്ണമായി അനുഭവപ്പെടുകയും ചെയ്യും.

ഓരോ മനുഷ്യനുമാണ് അവനവൻെറ ജീവിതത്തിന് അർത്ഥം കണ്ടെത്തേണ്ടതു്. ഇതു സാധിക്കുന്നില്ലെങ്കിൽ ജീവിതത്തിന് അർത്ഥമില്ലെന്ന നിഗമനത്തിലായിരിക്കും അയാളെത്തുക. ഇതു തെററായ നിഗമനമാണ്. എന്തെന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം കടന്നുപോകുന്ന ഓരോ നിമിഷവും അവൻ പ്രത്യുത്തരം നൽകേണ്ട അർത്ഥവത്തായ വിളിയാണ്. അവൻെറ മുഴുവൻ ശക്തിയും സത്തയും ഉപയോഗിച്ച് അവൻ ആ വിളിക്ക് മറുപടി നൽകണം. കാരണം, അവൻ ജനിച്ചിരിക്കുന്നതു് സ്നേഹിക്കുവാൻ മാത്രമാണ്. ഈ പ്രത്യുത്തരമാണ് യഥാർത്ഥ സ്നേഹം.

ACHARYA PALACKAL JEEVASSKENDRAM
LIBRARY
10558
ALUVA

# മനസ്സിൻെറ ആവരണങ്ങൾ

കൂടലിൽ സി. എം. ഐ.

മനുഷ്യശിശു വളരുന്തോറും കൂടുതൽ കൂടുതൽ മാന സിക മറകൾ സൃഷ്ടിച്ച് അവയ്ക്ക് പിന്നിൽനിന്നു് സ്വയം സുരക്ഷിതനാകുന്ന കാഴ്ചയാണ് മനുഷ്യജീവിതത്തിൽ നാം കാണുക. എന്നാൽ ഈ മറകൾക്കു പിന്നിൽ നിൽക്കുന്ന മനുഷ്യൻെറ തനിമയും മാനസികശക്തിയും ചോർന്നുപോകു ന്നതു് അവൻ പലപ്പോഴും അറിയുന്നില്ല. തത്ഫലമായി സുരക്ഷിതനാകാൻ കൊതിച്ച അവൻ അരക്ഷിതനായി ത്തീരുന്നതാണ് അനുഭവം. മറകൾ നീക്കി മററു മനുഷ്യ രുമായി അടുക്കുമ്പോൾ മാനസികമായും വൈകാരിക മായും സാമൂഹ്യമായും അവൻ വളരുകയും പക്വത പ്രാപി ക്കുകയും ചെയ്യുന്നു,

വിതരണം

ജനതാ ബുക്ക് സ്ററാൾ
തേവര, കൊച്ചി – 682013

തേവര, എറണാകുളം, ആലുവ, ചേർത്തല,
വൈക്കം, കോതമംഗലം, അങ്കമാലി, കാലടി.

# മനസ്സിന്റെ ആവരണങ്ങൾ

കൂടലിൽ. സി.എം.ഐ



JANATHA SERVICES
ERNAKULAM

30·1
0

Indic Digital Archive Foundation
gpura.org